Reg. M. No. 2293

ഓരോപ്രതി 2 ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 ധനു 14—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ഡിസംബർ 29 | ലക്കം 19

## ക്രിസ്തുവിനെ സന്ദർശിച്ച മൂന്നുരാജാക്കൾ

(ജോസഫ് ടി. ആന്റോ, ബി. എസ്സ്. സി.)

രാജാധിരാജനാണു് താനെന്നു ക്രിസ്തു ആദ്യമായിപ്രഖ്യാപിച്ച ഒരു ദിനമുണ്ടു്—അതെ പൊന്നും കുന്തുരുക്കവും മീറായും ദിവ്യപൈതലിനു കാഴ്ചവെച്ചു കിഴക്കുനിന്നുവന്ന ആ മൂന്നു രാജാക്കളാണു് ക്രിസ്തുവിന്റെ രാജത്വം ആദ്യമായംഗീകരിച്ച ലൗകികാധികാരികൾ. ആരാണീ മൂന്നു രാജാക്കന്മാർ? അവർ എവിടെനിന്നു്, എന്തിനുവേണ്ടി വന്നു?

സുവിശേഷങ്ങളിൽ നമുക്കു അവരുടെ പേർപോലും കാണുവാൻ കഴിയുന്നില്ല. കിഴക്കുനിന്നു ചില ബുദ്ധിജീവികൾ വന്നു ക്രിസ്തുവിനെ ആരാധിച്ചതായി വി. മത്തായിയുടെ സുവിശേഷത്തിൽ നാം കാണുന്നു. ചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും വെളിച്ചത്തിലൂടെ നമുക്കവരെപ്പററി അല്പമൊന്നു അന്വേഷിക്കാം.

"മാഗി" (Magi) എന്ന പേരിനാലാണു് അവർ ഇംഗ്ലീഷിൽ അറിയപ്പെടുന്നതു്. പെഴ്സ്യൻ ഭാഷയിലെ "മാഗ" എന്ന വാക്കിൽനിന്നാണു് "മാഗി" എന്ന പേരുണ്ടായതു്. ക്രിസ്തുവിനെ സന്ദർശിച്ച ആ മൂന്നു പണ്ഡിതന്മാരെ സാധാരണമായി രാജകീയ വസ്ത്രങ്ങളിലാണു് ചിത്രീകരിക്കാറുള്ളതെങ്കിലും തിരുസഭയുടെ പൂർവ്വചരിത്രകാരന്മാർ ആരുംതന്നെ ആ മൂന്നു പണ്ഡിതന്മാർ രാജാക്കളായിരുന്നുവെന്നഭിപ്രായപ്പെട്ടിട്ടില്ല. എന്നുതന്നെയല്ല അവർ പെഴ്സ്യയിലെ "മീദെസ്" (Medes) എന്ന പുരോഹിതവർഗ്ഗത്തിൽ പെട്ടവരായിരുന്നുവെന്നാണു് ആറാംശതാബ്ദത്തിൽ ജീവിച്ചിരുന്ന ഹേറോദോത്തസ് പറയുന്നതു്. ഇതിനു ഉപോൽബലകമായി പല ന്യായങ്ങളും അദ്ദേഹം ഉന്നയിക്കുന്നുണ്ടു്. പലസ്തീനായിൽ പെഴ്സ്യയെ ഉദ്ദേശിച്ചാണു് "കിഴക്കു" എന്നു സാധാരണ പറഞ്ഞിരുന്നതു്. പെഴ്സ്യ, ബാബിലോണിയ, അസീറിയ എന്നിവിടങ്ങളിൽ ക്രിസ്തുവിന്റെ കാലത്തുപോലും മാഗിയൻ പുരോഹിതന്മാരുണ്ടായിരുന്നുവെന്നാണു് വിശ്വസിക്കപ്പെടുന്നതു്. സെറോസ്റ്ററുടെ മതമായിരുന്നല്ലോ പെഴ്സ്യയിൽ പ്രാബല്യത്തിലിരുന്നതു്. ഒരു രക്ഷകൻ പിറക്കുമെന്നു വിശ്വസിച്ചിരുന്ന സെറോസ്റ്ററുടെ മതവും "മാഗി"മതവും തമ്മിൽ പറയത്തക്ക വ്യത്യാസമൊന്നുമുണ്ടായിരുന്നില്ല.


കൂടാതെ ബാബിലോണിലെ രാജാവു് ബി. സി. 606-ൽ പ്രവാചകനായ ദാനിയേലിനു ചില സ്ഥാനമാനങ്ങൾ കൊടുക്കുകയും രക്ഷകന്റെ വരവിനെപ്പററി ദാനിയേൽ പ്രവചിക്കുകയും ചെയ്തു. ഗണിത, ജ്യോതിശ്ശാസ്ത്രങ്ങളിലും വ്യുൽപ്പന്നരായിരുന്ന മാഗിമതക്കാർ. ആകാശഗോളങ്ങളെപ്പററിയുള്ള അവരുടെ അറിവു മൂലമാണു് അസാധാരണമായ ആ നക്ഷത്രത്തെ അവർ ജെറൂസലംവരെ പിൻതുടന്നതു്.

യാത്രകഴിച്ചു് ക്രിസ്തുവിനെ സന്ദർശിച്ച ആ മൂന്നുപേർ സമുദായത്തിൽ നിലയും വിലയുമുള്ളവരായിരുന്നുവെന്നു സ്പഷ്ടമാണു്. ഒട്ടകങ്ങളായിരുന്നല്ലോ അന്നത്തെ വാ ചിത്രീകരിച്ചിട്ടുള്ളതെല്ലാം തന്നെ രാജകീയവസ്ത്രങ്ങളിലാണു്.

ആറും ഏഴും ശതാബ്ദങ്ങളിലെ രേഖകളിൽനിന്നു് നമുക്കവരുടെ പേരുകൾ ഏതാണ്ടനുമാനിക്കാം.

പുണങ്ങംവേലിയിൽ പണികഴിച്ചിട്ടുള്ള

### വി. പത്താം പീയൂസിന്റെ നാമധേയത്തിലുള്ള ചാപ്പൽ



എറണാകുളം മെത്രാപ്പോലീത്താ തിരുമേനി ഡിസംബർ 19-ാംനു ആശീർവ്വാദകർമ്മം നിർവ്വഹിച്ചു

ക്രിസ്ത്വബ്ദത്തിന്റെ ആദിമശതകങ്ങളിൽത്തന്നെ ക്രിസ്തുവിനെ സന്ദർശിച്ച ആ പണ്ഡിതന്മാർ മൂന്നുപേരായിരുന്നുവെന്നു് പരക്കെ വിശ്വസിച്ചിരുന്നു. ഒരു കൊല്ലത്തോളം ദീർഘിച്ച ഒരു ഹനങ്ങൾ. റോമിലെ ഭൂഗർഭാലയങ്ങളിലുള്ള പതിമൂന്നു ചുമർച്ചിത്രങ്ങളിലും എഴുപതു കൊത്തുപണികളിലും ആ സന്ദർശകർ മൂന്നുപേർ മാത്രമായിട്ടാണു് കാണുന്നതു്. എന്നു മാത്രമല്ല, അവരെ പലരും പല പേരുകളാണു നിർദ്ദേശിക്കുന്നതു്. പന്ത്രണ്ടാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന പീററർ കോമിസ്ഫോറി (Peter Comisfor) ന്റേതാണു് പൊതുവെ സമ്മതിക്കപ്പെട്ടിട്ടുള്ളതു്. അതുപ്രകാരം അവരുടെ പേരുകൾ ബാൽതസാർ (Balthasar), ഗാസ്പർ (Gaspar), മെൽക്കിയോർ (Melchior) എന്നിവയാണു്.

നാലാമതൊരു പണ്ഡിതൻ ക്രിസ്തുവിനെ സന്ദർശിക്കുവാൻ പുറപ്പെട്ടതായും പ്രാപ്യസ്ഥാനത്തെത്തുന്നതിനുമുൻപു് മരിച്ചുപോയതായും ഐതിഹ്യമുണ്ടു്. ഹെൻറി മാൻഡൈക്കു് അദ്ദേഹത്തിന്റെ "The Other Wise Man" എന്ന ഗ്രന്ഥത്തിൽ ആ പണ്ഡിതന്റെ പേർ ആർട്ടബാൻ (Artaban) എന്നായിരുന്നുവെന്നു അനുമാനിക്കുന്നു.

സുന്ദരമായൊരൈതിഹ്യം മാത്രമാണു വേദപുസ്തകമെന്നു് വാദിക്കുന്ന നിരീശ്വരന്മാരിൽ പലരും ആ മൂന്നു രാജാക്കൾക്കു വഴികാട്ടിയ നക്ഷത്രത്തെപ്പററി വളരെ പുച്ഛിക്കാറുണ്ടു്. പക്ഷേ കെപ്ലർ (Kepler) ഉൾപ്പെടെയുള്ള നിരവധി പണ്ഡിതന്മാരായ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ, പ്രസ്തുത നക്ഷത്രം പ്രകൃതിയിൽത്തന്നെ ചിലപ്പോഴെല്ലാം ഉണ്ടാകാറുള്ളതാണെന്നും ക്രിസ്തുവിനുമുൻപു് ഏഴാംശതാബ്ദത്തിൽ പ്രസ്തുത നക്ഷത്രം കാണപ്പെട്ടിട്ടുണ്ടെന്നും സ്ഥാപിക്കുന്നു.

ഈ അഭിപ്രായങ്ങളൊന്നുംതന്നെ പരിപൂർണ്ണമായി സ്വീകാര്യമല്ല. ക്രിസ്തുവിനെ സന്ദർശിച്ച ആ പണ്ഡിതന്മാർ ജ്യോതിശ്ശാസ്ത്രജ്ഞന്മാരായിരുന്നുവെന്നും തന്നുലാ നക്ഷത്രത്തെമാത്രം ആശ്രയിച്ചു് ആയിരത്തിലധികം നാഴികദൂരംവരുന്ന ഒരു യാത്രയ്ക്കു് ഒരുമ്പെട്ടുവെന്നും വിശ്വസിക്കുക സാദ്ധ്യമല്ല. ഹേറോദേസും അയാളുടെ അനുചരന്മാരും ആ നക്ഷത്രം കാണാതിരുന്നതുകൊണ്ടു് ദൈവത്തിന്റെ ഒരു പ്രത്യേക അത്ഭുതംമാത്രമാണതെന്നാണു് കത്തോലിക്കാവിശ്വാസം.

ജനുവരി 6-ാംതിയതിയാണു് "മൂന്നു രാജാക്കളുടെ ദിന"മായി നാം ഘോഷിക്കുന്നതെങ്കിലും പല പണ്ഡിതന്മാരും ഇതിനോടു യോജിക്കുന്നില്ല. ക്രിസ്തുവിനെ ഒരു തൊഴുത്തിൽവെച്ചു് അവർ (Magi) ആരാധിച്ചതായി യാതൊരു തെളിവുകളുമില്ല. ഹേറോദേസിന്റെ ഭരണകാലത്താണു് അവർ ക്രിസ്തുവിനെ സന്ദർശിച്ചതെന്നാണു് വേദപുസ്തകം പറയുന്നതു്. അതിനാൽ ക്രിസ്തുവിന്റെ ജനനത്തിനുശേഷം ഒരു കൊല്ലത്തിലധികം കഴിഞ്ഞാണു് "മാഗി" ക്രിസ്തുവിനെ സന്ദർശിച്ചതെന്നാണു് ചിലരുടെ അഭിപ്രായം. ക്രിസ്തുവിനു് രണ്ടു വയസ്സുള്ളപ്പോഴാണു് "മാഗി" ജറുസലത്തുവന്നതെന്നു് യൂസേബിയൂസ് (Eusebius) എന്ന ചരിത്രകാരൻ അവകാശപ്പെടുന്നു.

ക്രിസ്തുവിനെ ആരാധിച്ച ആ രാജാക്കന്മാർ (?) തോമശ്ലീഹായിൽനിന്നു് മാമ്മോദീസാ സ്വീകരിച്ചതായും വേദസാക്ഷികളാ

* ഒരു ഇംഗ്ലീഷ് ലേഖനത്തോടു കടപ്പാടുണ്ടു്.

# സ്വർഗ്ഗറാണി

## "ആഡ്ചേലി റെജിനാം" എന്ന തിരുവെഴുത്ത്

(പരിഭാഷകൻ: റവ. ഫാദർ തോമസ് മൂത്തേടൻ എം. ഏ. ഡി. ഡി.)

(തുടർച്ച)

### തിരുനാൾ സ്ഥാപനം

പ്രാചീന ക്രിസ്തീയപാരമ്പര്യത്തിൽനിന്നും ആരാധനക്രമത്തിൽനിന്നും ക്രിസ്തീയജനതയുടെ മതാത്മകമായ ചിന്താസരണിയിൽനിന്നും ചിത്രകലാവസ്തുക്കളിൽനിന്നും നമുക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു ദൈവമാതാവായ കന്യക രാജകീയാധികാരംകൊണ്ടു സമലംകൃതയാണെന്നു്. ദിവ്യവിശ്വാസഭണ്ഡാരത്തിൽ നിന്നു ദൈവശാസ്ത്രം സ്വീകരിക്കുന്ന യുക്തികൾ ഈ സത്യത്തിനു് ഉപോൽബലകമാണു്. മാലാഖമാരുടെ വൃന്ദങ്ങൾക്കു ഉപരിയായി സ്വർഗ്ഗരാജ്യത്തിലേക്കു് ഉയർത്തപ്പെട്ടവളും സകല സൃഷ്ടികളും കീഴ്പെട്ടിരിക്കുന്നവളും മനുഷ്യരുടേയും ദൈവത്തിന്റേയും അമ്മയുമായ മറിയത്തിന്റെ അത്യുന്നതസിംഹാസനത്തിങ്കൽ രാജകീയ സ്തുതികീർത്തനം മാറ്റൊലിക്കൊള്ളുന്നുവെന്നു് ഈ സാക്ഷ്യങ്ങളിൽ നിന്നെല്ലാം സുവിശദമാണു്. ഉജ്ജ്വലതരമായ ഒരു ദീപം കൊളുത്തി നാട്ടുന്നതുപോലെ സുവ്യക്തമായ ഈ സത്യം എല്ലാവർക്കും കാണത്തക്കവിധം പ്രകാശമാനമാക്കുന്നതുകൊണ്ടു് തിരുസ്സഭയ്ക്കു വലിയ പ്രയോജനമുണ്ടാകുമെന്നു് നമുക്കു ബോധ്യമായിരിക്കുന്നതിനാൽ ശരിയായി ആലോചിച്ചതിനുശേഷം ശ്ലൈഹികാധികാരത്തോടുകൂടെ നാം നിശ്ചയിക്കുന്നു എല്ലാ വത്സരവും ലോകമാസകലം മേയ്മാസം 31-ാംനു മറിയരാജ്ഞിയുടെ തിരുനാൾ കൊണ്ടാടണമെന്നു്. അതേസമയം നാം നിശ്ചയിക്കുന്നു ആ തിരുനാൾ ദിവസം ഭാഗ്യപ്പെട്ട കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനുള്ള മനുഷ്യവർഗ്ഗത്തിന്റെ പ്രതിഷ്ഠ നവീകരിക്കണമെന്നും മതവിശ്വാസത്തിന്റെ വിജയവും ക്രിസ്തീയ സമാധാനവും ചേർന്നു് പ്രശാന്തമായ ഒരു കാലസന്ധി ഇതുവഴി വന്നു ചേരുമെന്നു വലിയ ഒരു ശരണമുണ്ടു്.

ആകയാൽ നമ്മുടെ രാജ്ഞിയായ അമ്മയുടെ കാരുണ്യത്തിന്റേയും വരപ്രസാദത്തിന്റേയും സിംഹാസനത്തിങ്കൽ മുമ്പത്തേക്കാൾ കൂടുതൽ ശരണത്തോടെ എല്ലാവരും സമീപിച്ചു ദുഃഖങ്ങളിൽ സഹായവും അന്ധകാരത്തിൽ പ്രകാശവും, കരച്ചിലിൽ ആശ്വാസവും അഭ്യർത്ഥിക്കട്ടെ. പാപത്തിന്റെ അടിമത്തത്തിൽനിന്നു് തങ്ങളെത്തന്നെ മോചിച്ചു് സുരഭിലമായ ഭക്തിയോടു ചേർന്ന മാറ്റു കുറവില്ലാത്ത ബഹുമാനം ആ മഹാമാതാവിന്റെ രാജകീയ ചെങ്കോലിന്റെ മുമ്പിൽ അവർ സമർപ്പിക്കട്ടെ. ജനങ്ങൾ കൂട്ടമായി ജപമാല കൈയിലേന്തി അവിടുത്തേക്കു പ്രതിഷ്ഠിച്ചിരിക്കുന്ന ദേവാലയങ്ങളിലേക്കു് പോയിക്കൊണ്ടിരിക്കണം. ദേവാലയങ്ങളിലും ഭവനങ്ങളിലും ആശുപത്രികളിലും ജയിലുകളിലും അവിടുത്തെ സ്തുതികൾ പ്രകീർത്തിക്കുവാനായി കുറേ പേർ ഒരുമിച്ചോ അല്ലെങ്കിൽ വമ്പിച്ച സന്നാഹങ്ങളായിട്ടോ പോകട്ടെ. അമൃതിനേക്കാൾ മധുരതരവും ഏതു രത്നത്തേക്കാളും അമൂല്യവുമായ മറിയനാമം എവിടെയും എത്രയും ബഹുമാന്യമായിരിക്കണം. മാതൃസഹജമായ വരങ്ങളാൽ സമലംകൃതയും സമുന്നതയുമായ മറിയത്തിന്റെ തിരുനാമത്തിനെതിരായി ദുഷ്ടമനസ്സത്തിന്റെ അടയാളമായ ദൂഷണങ്ങൾ ആരും വമിക്കാതിരിക്കുവാനും അർഹമായ ബഹുമാനത്തിനു കുറവു വരുത്തുന്ന യാതൊന്നും ചെയ്യാതിരിക്കാനും സൂക്ഷിക്കട്ടെ.

### മരിയാംബികയുടെ മാതൃക

എത്രയും വാത്സല്യമുള്ള നമ്മുടെ മാതാവായ സ്വർഗ്ഗരാജ്ഞിയുടെ ഉൽകൃഷ്ട സുകൃതങ്ങളെ എല്ലാവരും അവരവരുടെ സാഹചര്യമനുസരിച്ചു് ഉണർവ്വോടുകൂടെയും വളരെ സൂക്ഷ്മമായും തങ്ങളുടെ ജീവിതത്തിലും നടപടിയിലും പകർത്തിക്കാണിക്കുവാൻ പ്രയത്നിക്കണം. ഇങ്ങനെ മഹാമാതാവായ ഈ രാജ്ഞിയെ അനുകരിക്കുകയും വന്ദിക്കുകയും ചെയ്യുന്നവരും ക്രിസ്തീയനാമം വഹിക്കുന്നവരുമായ എല്ലാവരും യഥാർത്ഥ സഹോദരന്മാരെപ്പോലെ പരസ്പരം കരുതി അസൂയയും അത്യാഗ്രഹവും വെടിഞ്ഞു സാമൂഹികസ്നേഹം പുലർത്തുവാനും സാധുക്കളുടെ അവകാശങ്ങളെ സംരക്ഷിക്കുവാനും സമാധാനത്തെ പ്രേമിക്കുവാനും ഇടയാകട്ടെ. ആകയാൽ മറിയത്തിന്റെ മാതൃകയനുസരിച്ചു നീതിയോടും ശാന്തതയോടും, വിരക്തിയോടുംകൂടെ വ്യാപരിക്കുകയും [illegible] വരെ എല്ലാവരേയും സഹായിച്ചും ആശ്വസിപ്പിച്ചും യഥാർത്ഥ സഹോദരസ്നേഹം പ്രകാശിപ്പിക്കുകയും ചെയ്യാതെ താൻ മറിയത്തിന്റെ പുത്രനാണെന്നോ അവിടുത്തെ സംരക്ഷണത്തിൻ കീഴ്വർത്തിക്കുന്നുവെന്നോ ഒരാളും വിചാരിക്കേണ്ടതില്ല.

### പീഡിതരെ പരിശുദ്ധ പിതാവു സ്മരിക്കുന്നു

ലോകത്തിൽ ചില സ്ഥലങ്ങളിൽ ക്രിസ്തീയ നാമത്തെപ്രതി വേദനയനുഭവിക്കുന്നവരും സ്വാതന്ത്ര്യത്തിന്റെ ദിവ്യവും മാനുഷികവുമായ അവകാശങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നവരുമായ പലരുണ്ടു്. ആ നാശങ്ങളെ അകറ്റുവാൻ നീതീയുക്തമായ പരിശ്രമങ്ങളോ അനുസ്യൂതമായ എതിർപ്പോ പ്രയോജനശൂന്യമായിത്തീർന്നിരിക്കുന്നു. കന്യകാപാദങ്ങൾ, കൊണ്ടു തിന്മയുടെ ശക്തികളെ അമർത്തുവാൻ കഴിയുന്നവളും സൃഷ്ടവസ്തുക്കളുടേയും കാലസന്ധികളുടേയും നാഥയുമായ മറിയം ഒരു നോട്ടംകൊണ്ടു കൊടുങ്കാറ്റും പേമഴയും നശിപ്പിക്കുവാൻ പോരുന്ന കൃപയുള്ള തന്റെ കണ്ണുകളെ പീഡകളനുഭവിച്ചു കൊണ്ടിരിക്കുന്ന നിർഭാഗ്യരുടെ നേർക്കു തിരിക്കട്ടെ. അവർക്കർഹിക്കുന്ന സ്വാതന്ത്ര്യം അവർക്കു ലഭിക്കുന്നതിനും മതപരമായ ചുമതലകൾ പരസ്യമായി നിർവ്വഹിക്കുന്നതിനും സുവിശേഷകാര്യങ്ങൾക്കു വേണ്ടി അദ്ധ്വാനിക്കുമ്പോൾ ക്ലേശങ്ങളുടെ ഇടയിൽ മാതൃകയായി ശോഭിക്കുന്ന ഉൽകൃഷ്ടഗുണങ്ങളും ഐകമത്യമായ പ്രവർത്തനങ്ങളും ഭൗമികരാജ്യങ്ങളുടെ നന്മയ്ക്കു പുരോഗമിക്കും അവർ പ്രയോജനീഭവിക്കുന്നതിനും മറിയം ഇടയാക്കട്ടെ.

### പരിശുദ്ധപിതാവിന്റെ പ്രതീക്ഷ

ദൈവമാതാവിന്റെ കൃപാസമൃദ്ധവും മാതൃസഹജവുമായ ഭരണത്തെ എല്ലാവരും ശരിയായി മനസ്സിലാക്കുന്നതിനും താല്പര്യപൂർവ്വം ആദരിക്കുന്നതിനുമാണു് ഈ ചാക്രികലേഖനംവഴി ഈ തിരുനാൾ സ്ഥാപിക്കുന്നതു്. ആധുനികകാലത്തുള്ള ഉൽകണ്ഠാകാരണങ്ങൾ അനുദിനം എത്ര കണ്ടു ശല്യമുണ്ടാക്കുന്നുണ്ടോ അതിനെക്കാൾ ഉയർന്നതോതിൽ രാജ്യങ്ങൾ തമ്മിലുള്ള സമാധാനത്തിനു് ഈ തിരുനാൾ ഉപകരിക്കുമെന്നാണു് നമുക്കുള്ള പ്രതീക്ഷ. സമാധാനസന്ധിയുടെ ലക്ഷ്യമായി മേഘങ്ങളുടെ ഇടയിൽ ദൈവത്തിന്റെ മുമ്പാകെ വച്ചിരിക്കുന്ന മേഘവില്ലാണല്ലോ മറിയം. "മേഘവില്ലു കാണുക. അതു സൃഷ്ടിച്ചവനെ വാഴ്ത്തുക. അതിനു സ്വായത്തമായ പ്രകാശത്താൽ എത്രയും സുന്ദരമാണതു്. ആകാശമഹാചക്രത്തോടുകൂടെ ചുററിക്കറങ്ങി. അത്യുന്നതന്റെ കരങ്ങൾ അതിനെ പ്രകാശിപ്പിച്ചു" (സുഭാ. 43/12-13) വാനവരുടേയും മാനവരുടേയും നാഥയെ ബഹുമാനിക്കുന്നവരെല്ലാവരും സമാധാന മദ്ധ്യസ്ഥയായ ഈ രാജ്ഞിയെ വിളിച്ചു് അപേക്ഷിക്കട്ടെ. ആ അമ്മയോടു കൃതജ്ഞത പ്രകാശിപ്പിക്കുന്ന ചുമതലയിൽനിന്നു താൻ വിമുക്തനാണെന്നു് ഒരുത്തനും വിചാരിക്കേണ്ടതില്ല. എല്ലാവരും അവിടുത്തെ ബഹുമാനിച്ചു സമാധാനം സംരക്ഷിക്കട്ടെ. ശിക്ഷിക്കപ്പെടാത്ത ദുഷ്ടതയോ ലഗാനില്ലാത്ത സ്വാതന്ത്ര്യമോ അല്ല സമാധാനം; പ്രത്യുത ദൈവഹിതത്തോടും അവിടുത്തെ ഭരണത്തിൻകീഴുമുള്ള ക്രമാനുഗതമായ ഐകമത്യമാണു്. ആ സമാധാനം സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും കന്യകാമറിയത്തിന്റെ മാതൃസഹജമായ ഉപദേശങ്ങളും ആജ്ഞാപനങ്ങളും നിർബന്ധിച്ചുകൊണ്ടിരിക്കുന്നു.

ക്രിസ്തീയജനതയുടെ അമ്മയായ രാജ്ഞി നമ്മുടെ സമർപ്പണം



ക്രിസ്തുവിനെ സന്ദർശിച്ച മൂന്നു രാജാക്കൾ


യി മരിച്ചതായും ഒരൈതിഹ്യമുണ്ടു്. കൊളോണിൽ (Cologne) നിന്നു് കിട്ടിയിട്ടുള്ള ഒരു ഗ്രന്ഥത്തിൽ മൽക്കിയോർ 116-ാംവയസ്സിലും ബാൽതസാർ 112-ാംവയസ്സിലും ഗാസ്പർ 106-ാംവയസ്സിലും മരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. അഞ്ചാംശതാബ്ദത്തിൽ വി. ഹെലനാ ഈ പണ്ഡിതന്മാരുടെ അവശിഷ്ടങ്ങൾ കോൺസ്റ്റാൻറിനോപ്പിളിലേക്കു് കൊണ്ടുവന്നതായി പറയപ്പെടുന്നു. ലോകത്തിലെ ഏററവും വലിയ ദേവാലയങ്ങളിലൊന്നായ കൊളോൺ ബെസിലിക്കായുടെ അടിയിൽ "മാഗി"യുടെ അവശിഷ്ടങ്ങളുണ്ടെന്നാണു് പറയപ്പെടുന്നതു്.

അവരെപ്പററിയുള്ള രസകരമായ മറെറാരു വസ്തുത 15-ാം ശതാബ്ദംവരെ അവർ മൂന്നുപേരും വെള്ളക്കാരായിട്ടാണു് ചിത്രീകരിക്കപ്പെട്ടിരുന്നതു്. 15-ാംശതാബ്ദത്തിനുശേഷം അവരിലൊരാളെ നീഗ്രോയായിട്ടാണു് ചിത്രങ്ങളിൽ കാണുന്നതു്. ആ മൂന്നുപണ്ഡിതന്മാർ ലോകത്തിലെ വിവിധ ഖണ്ഡങ്ങളായ ഏഷ്യയേയും യൂറോപ്പിനേയും ആഫ്രിക്കായേയുമാണു് പ്രതിനിധീകരിക്കുന്നതെന്നും ഒരു കൂട്ടർ വാദിക്കുന്നു. ലിയൊനാർഡൊ ഡാവിൻചിയുടെ (Leonardo Da Vincy) ചെത്തുപണികളിൽ മൽക്കിയോർ ക്രിസ്തുവിനു് സ്വർണ്ണവും ഗാസ്പർ കുന്തുരുക്കവും ബാൽതസാർ മീറായും കാഴ്ചവെക്കുന്നതായിട്ടാണു് ചിത്രീകരിച്ചിട്ടുള്ളതു്. സ്വർണ്ണം രാജത്വത്തെയും കുന്തുരുക്കം ദിവ്യത്വത്തേയും മീറാ ക്രിസ്തുവിന്റെ പീഡാനുഭവങ്ങളേയും സൂചിപ്പിക്കുന്നു.

മനുഷ്യകുലത്തിന്റെ രക്ഷകനും തങ്ങളേക്കാൾ ഉന്നതനുമായ ഒരു വ്യക്തിയെ അന്വേഷിച്ചാണു് അവർ വന്നതു്. രാജകീയമായ ഒരരമനയിലാണു് അവർ അദ്ദേഹത്തെ അന്വേഷിച്ചതു്. നിരാശരായി, വഴികാട്ടിയായ നക്ഷത്രത്തെ അനുഗമിച്ചു് ദരിദ്രമായ ബത്‌ലേഹമിൽ അവർ എത്തി. ദരിദ്രനും നിസ്സഹായനുമായ ഒരു ശിശുവിനെയാണു് അവർ അവിടെ കണ്ടതെങ്കിലും അത്ഭുതമായൊരു ദിവ്യത്വം ആ ശിശുവിൽ അവർ ദർശിച്ചു. സന്തുഷ്ടരായി അവർ മടങ്ങുകയും ചെയ്തു.


## കുരുമുളകു്, ഏലം മുതലായ വ്യവസായങ്ങൾക്കു്

### ബാങ്കുകൾ ചെയ്യുന്ന സേവനങ്ങൾ



കുരുമുളകിനും ഏലത്തിനും ആവശ്യക്കാർ വളരെ വർദ്ധിച്ചിട്ടുണ്ടു്. തെക്കെ ഇൻഡ്യയിലാണു് ഈ സുഗന്ധദ്രവ്യങ്ങൾ ഏററവും കൂടുതലായി ഉല്പാദിപ്പിക്കപ്പെടുന്നതു്. ലോകത്തിൽ ആകെ ആവശ്യമുള്ളതിൽ മൂന്നിലൊരുഭാഗം കുരുമുളകു്, കാർവാറിനും കന്യാകുമാരിക്കും ഇടയ്ക്കുള്ള പ്രദേശങ്ങളിൽ കൃഷി ചെയ്തുവരുന്നു. 1951-52-ൽ ഇൻഡ്യയിൽനിന്നുള്ള കയററുമതിയിൽനിന്നു് 27 കോടി രൂപായിലധികം വരവുണ്ടായി.

കഴിഞ്ഞ 10 വർഷങ്ങൾക്കിടയിൽ തെക്കെ ഇൻഡ്യയിൽ മൈസൂരിലും, കുടകിലും, മധുര, തിരുനൽവേലി, മലബാർ, കോയമ്പത്തൂർ എന്നീ ജില്ലകളിലും ഏലകൃഷി വളരെ വർദ്ധിച്ചിട്ടുണ്ടു്.

ഇൻഡ്യൻ സുഗന്ധദ്രവ്യ വ്യവസായത്തിനു് ശോഭനമായ ഒരു ഭാവിയുണ്ടു്, അതിനെ വിപുലപ്പെടുത്തുവാൻ സ്വാഭാവികമായി ബാങ്കുകൾ സഹായിക്കുന്നതാണു്. ആവശ്യാനുസരണം പണം വായ്പ നൽകുക, രാജ്യത്തിന്റെ ഏതു ഭാഗത്തുനിന്നും പണം വസൂൽ ചെയ്യുക, ഇങ്ങനെ ഒരു ഉത്തമ ബാങ്കു് പ്രദാനം ചെയ്യുന്ന സേവനങ്ങളും മാർഗ്ഗനിർദ്ദേശവും എല്ലാ വ്യവസായങ്ങളുടേയും കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഒരു ഭാഗമായിത്തീർന്നിരിക്കുന്നു.

സുഗന്ധദ്രവ്യങ്ങൾ ഉല്പാദിപ്പിക്കുന്ന നിരവധി ആളുകൾ ഞങ്ങളുടെ സേവനങ്ങൾ സ്വീകരിച്ചു പോരുന്നതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു.

കറന്റു കണക്കുകൾ—ഡ്രാഫ്റ്റുകൾ—കയിമാറ്റുള്ള പണ കൈമാററങ്ങൾ—നിക്ഷേപങ്ങൾ—ഡിപ്പോസിറ്റുകൾ—കടവായ്പകൾ—പാററ വരവുകൾ—ബില്ലുകൾ വസൂൽ ചെയ്യുക മുതലായ സേവന സൌകര്യങ്ങൾ.

ഈ ബാങ്കിൽ ഒരു കണക്കു തുടങ്ങുന്നതു് നിങ്ങൾക്കു് പ്രയോജനപ്രദമായിരിക്കും. ഞങ്ങളുടെ 25 ശാഖകൾ രാജ്യത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ പ്രവർത്തനം നടത്തുന്നു—23 എണ്ണം തെക്കെ ഇൻഡ്യയിലെ വ്യാപാരകേന്ദ്രങ്ങളിലും, രണ്ടെണ്ണം ഡൽഹിയിലും, ന്യൂ ഡൽഹിയിലും. ഞങ്ങൾക്കു ഇൻഡ്യയിലെ എല്ലാ പ്രധാന നഗരങ്ങളിലും വ്യാപാരബന്ധമുണ്ടു്. ഓരോ ശാഖയിലും എല്ലാവിധ ബാങ്കു് ഇടപാടുകളും നടത്തിവരുന്നു.

ഇൻഡ്യയിൽ എവിടെയും ഞങ്ങൾക്കു് ബന്ധമുള്ള ബാങ്കുകളിൽ നിക്ഷേപകർക്കു് പണം അടയ്ക്കാവുന്നതും ആ സംഖ്യകൾ ഞങ്ങളുടെ ഏതെങ്കിലും ബ്രാഞ്ചുകളിൽ അവർക്കുള്ള കണക്കുകളിൽ ചേർക്കാവുന്നതുമാണു്

P.C. 9753 (A)

ESTD. 1927

## പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്

ഹെഡ് ആഫീസ്: പാലാ, തിരുവിതാംകൂർ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖ ബാങ്ക്

കുടുംബപംക്തി

# വൈവാഹികജീവിതം

(ഫാദർ ജോൺ മാത്തയ്യൻ)

II

യുവതീയുവാക്കന്മാർ അക്ഷമരായി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു ഘട്ടമാണ് വൈവാഹികജീവിതം. എന്നാൽ വളരെ കുറച്ചുപേർ മാത്രമേ വിവാഹത്തിന്റെ ഉദ്ദേശത്തെയും വിവാഹജീവിതത്തിലെ കടമകളെയുംപററി ചിന്തിക്കുന്നുള്ളു. കേവലം ബാഹ്യമാത്രമായ ചില പ്രേരണാശക്തികൾക്കടിമപ്പെട്ട് ഇക്കൂട്ടർ വിവാഹിതരാകുന്നു. വലിയ വലിയ പ്രതീക്ഷകളോടെയാണ് ഇവർ വിവാഹജീവിതത്തിൽ പ്രവേശിക്കുന്നതു്. എന്നാൽ വിവാഹജീവിതത്തിന്റെ ജീവനാഡിയായ പരിശുദ്ധസ്നേഹത്തിനു് പരമമായ സ്ഥാനം കല്പിക്കാത്തതിന്റെ ഫലമായി ഒരു വലിയശതമാനം വിവാഹവും ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ പരാജയമടയുകയാണ് ചെയ്യുന്നതു്.

## വിവാഹജീവിതത്തിലെ പരിശുദ്ധസ്നേഹം

"വിവാഹത്തെ സംബന്ധിച്ച ചില പ്രശ്നങ്ങൾ" എന്ന ശീർഷകത്തിൽ ഫാദർ ഡാനിയേൽ എ. ലോർഡ് എസ്. ജെ. രചിച്ചിട്ടുള്ള ഒരു ചെറുഗ്രന്ഥത്തിൽ സ്നേഹത്തിനു നൽകിയിട്ടുള്ള നിർവ്വചനം ശ്രദ്ധേയമാണ്. അദ്ദേഹം പറയുകയാണ് "സ്നേഹം" എന്ന വാക്കിനെപ്പോലെ ഇത്ര അലക്ഷ്യമായും മോശമായും ഉപയോഗിക്കപ്പെടുന്ന മറെറാരു പദമില്ലെന്നു്. സ്വരാജ്യത്തോടുള്ള കടപ്പാടിനെ സൂചിപ്പിക്കുന്നതിനും ആപ്പിൾപഴത്തോടും മധുരപദാത്ഥങ്ങളോടും ഉള്ള അഭിരുചിയെ പ്രകടിപ്പിക്കുന്നതിനും, ഉപയോഗിക്കുന്ന പദം "സ്നേഹം" തന്നെ. ഭാര്യാഭത്താക്കന്മാർ പരസ്പരം സഹിക്കുന്നതിനും ക്ഷമിക്കുന്നതിനും പ്രേരണനൽകുന്നവ തുടങ്ങി മദോന്മത്തനായി ഓടിനടക്കുന്ന യുവാവിന്റെ പേക്കൂത്തുവരെയുള്ള കാര്യങ്ങളും അറിയപ്പെടുന്നതു സ്നേഹം എന്ന പദത്താലത്രെ. തന്റെ അരുമസന്താനത്തോടുള്ള അമ്മയുടെ നിസ്സ്വാത്ഥമായ കടപ്പാടും, ആ കുഞ്ഞിനു മനോഹരമായ ഒരുടുപ്പു തുന്നിക്കൊടുക്കുന്നതിനുള്ള അവളുടെ അഭിഷ്ടവും സ്നേഹത്തിന്റെ പര്യായങ്ങൾതന്നെ. ഈവിധമുള്ള സ്നേഹമല്ല വിവാഹത്തിനാവശ്യമായിട്ടുള്ളതു്. ഫാദർ ലോർഡ് തുടരുകയാണ്, "ആ സ്നേഹം പരസ്പരം ആകർഷിക്കപ്പെട്ട പുരുഷനും സ്ത്രീക്കും അനുഭവവേദ്യമായ ദൃഢതരവും മാററമില്ലാത്തതുമായ ഒരു വികാരമാകുന്നു. ഈ വികാരം സംജാതമാകുന്നതു് ശാരീരികമായ ആകർഷണശക്തിയിൽനിന്നാണ്. എന്നാൽ പുരുഷനും സ്ത്രീയും തങ്ങളുടെ മരണംവരെയുള്ള അഭേദ്യമായ ബന്ധത്തിൽ സമാധാനവും ഭദ്രതയും ജീവിതലക്ഷ്യവും കണ്ടെത്തുവാൻ സാധിക്കുമെന്നു് ബോദ്ധ്യം കൈവരുത്തിക്കൊണ്ടു് ഈ ശാരീരിക ആകർഷണത്തെ ഉന്നതപദവിയിലേക്കുയത്തുകയാണ് ചെയ്യേണ്ടതു്."

ഈ സ്നേഹം ഒരു വികാരമാണെങ്കിലും, ശാരീരികമായ ആകർഷണത്തിന്റെ സ്വഭാവം അതിനുണ്ടെങ്കിലും, അതിൽനിന്നും വളരെ വ്യത്യസ്ഥമായ ആത്മീയ സംതൃപ്തി അതിനുണ്ടു്. ഒരു പുരുഷന്റെ ശാരീരികമായ ആവശ്യങ്ങൾ ഒരു സ്ത്രീയെ സ്നേഹിക്കുന്നതിനു് അയാളെ പ്രേരിപ്പിച്ചേക്കാം. എന്നാൽ ശാരീരികാവശ്യങ്ങളുടെ വ്യഗ്രത കുറയുമ്പോ

For favours received



Varghese P. M.

ൾ സ്ത്രീയെ പുരുഷനും പുരുഷനെ സ്ത്രീക്കും ആവശ്യമാണെന്നുള്ള ചിന്ത നിലനില്ക്കുന്നെങ്കിൽ അതു് യഥാർത്ഥ സ്നേഹത്തിന്റെ പ്രവത്തനമാണ്. ശാരീരികാവശ്യങ്ങളെമാത്രം അടിസ്ഥാനമാക്കിയുള്ള സ്നേഹം വെറും വികാരപരമാണ്. വികാരപരമായ സ്നേഹം മുഖ്യമായി ഇന്ദ്രിയങ്ങളെമാത്രം ആശ്രയിച്ചിരിക്കുന്നു. എന്നാൽ യഥാർത്ഥ സ്നേഹം ബുദ്ധിപരമാണ്. പരസ്പരം സ്നേഹിക്കണം, ആ സ്നേഹം ആവശ്യമാണ് എന്നുള്ള നിശ്ചയം മനസ്സിന്റെ പ്രവത്തനമാകുന്നു. മൃഗങ്ങൾക്കു വികാരങ്ങളുണ്ടാകാറുണ്ടു്. അതു സ്നേഹജന്യമല്ല. കൊച്ചുകുട്ടികളിലും വികാരലക്ഷണങ്ങൾ പ്രത്യക്ഷപ്പെടാറുണ്ടു്. അതും സ്നേഹജന്യമായിരിക്കണമെന്നില്ല. പ്രായപൂത്തിവന്നവരിൽ വിവാഹത്തിനാവശ്യമായ സ്നേഹം സംജാതമാകുന്നതിനു് അതിന്റെ നാലു പ്രധാനഘടകങ്ങൾ—അതായതു് വികാരം, വികാരപരമായ ആകർഷണം, സമ്മതം, ആനുരൂപ്യം അഥവാ ഇണക്കം പ്രത്യക്ഷമാകണം.

### ജീവിതവിശുദ്ധി

പല യുവാക്കളും, മനുഷ്യജീവിതത്തിൽ ആനന്ദം പ്രദാനം ചെയ്യുന്നതിൽ പര്യാപ്തമായ ഈ സ്നേഹത്തെ അമ്മാനമാടാറുണ്ടു്. അതിന്റെ ഫലമായി അവർ തങ്ങളുടെ ജീവിതവിശുദ്ധി നശിപ്പിക്കയല്ലാതെ ജീവിതത്തിൽ യാതൊരു നേട്ടവും കൈവരുത്തുന്നില്ല. വിവാഹജീവിതത്തിൽ കൈവരുവാനിരിക്കുന്ന ആനന്ദത്തിന്റേയും കുടുംബജീവിതത്തിലെ സംതൃപ്തിയുടേയും ഒരു ഉറപ്പാണ് ജീവിതവിശുദ്ധി. അതു മനുഷ്യന്റെ ആന്തരികസൗന്ദര്യമാണ്. ഈ ആന്തരികസൗന്ദര്യത്തെ വേണ്ടത്ര വിലമതിക്കാതെ ബാഹ്യസൗന്ദര്യത്തെമാത്രം യുവലോകം വീക്ഷിക്കുന്നതിന്റെ ഫലമായി എത്രയെത്ര വൈവാഹികബന്ധമാണ് ശിഥിലീകൃതമാകുന്നതു്. വളരെ ചുരുക്കം യുവാക്കന്മാർ മാത്രമേ തങ്ങളുടെ ഭാവിഭാര്യമാരുടെ സ്വഭാവശുദ്ധിയിൽ ശ്രദ്ധിക്കാറുള്ളു. ആരോഗ്യവും ആകാരഭംഗിയും സമ്പത്തികനിലയും മാത്രമേ പലരും കാര്യമായി കണക്കാക്കാറുള്ളു. എന്നാൽ കുടുംബജീവിതം സമാധാനപരവും സംതൃപ്തികരവുമായിരിക്കണമെന്നു് നിർബന്ധമുള്ളവരങ്ങനെയല്ല. ബാഹ്യപ്പകിട്ടു കുറച്ചു കുറഞ്ഞിരുന്നാലും ആന്തരികസൗന്ദര്യം—സ്വഭാവശുദ്ധി—ഉണ്ടോ എന്നാണ് ശ്രദ്ധിക്കുന്നതു്. ഉത്തമനായ ഒരു യുവാവിനു് സ്വഭാവശുദ്ധിയുള്ള ഒരു യുവതിയെ ഭാര്യയായി ലഭിച്ചാൽ ആ യുവാവിന്റെ ജീവിതം ഈ ലോകത്തിൽ വിജയപ്രദമായി എന്നുതന്നെ പറയാം. മാത്രമല്ല തന്റെ മരണാനന്തരജീവിതവും സുകരമാക്കിത്തീർക്കുന്നതിനുള്ള വഴിയിൽ അയാൾ എത്തിച്ചേരുകയും ചെയ്യുന്നു. ഈ യാഥാത്ഥ്യം സമ്യക്കായി മനസ്സിലാക്കാത്തതുകൊണ്ടായിരിക്കണം ബാഹ്യപ്പകിട്ടിൽമാത്രം വിശ്വസിക്കുന്ന ആധുനികലോകത്തിൽ പല യുവതീയുവാക്കന്മാരും തങ്ങളുടെ ജീവിതത്തിൽ ഓഹരിക്കാരാകുവാനുള്ളവരുടെ ബാഹ്യസൗന്ദര്യവും ആകർഷണശക്തിയുംമാത്രം വീക്ഷിക്കുന്നതു്.

### പ്രാർത്ഥന

അനുരൂപനായ ഭത്താവിനെ അല്ലെങ്കിൽ അനുരൂപയായ ഭാര്യയെ തനിക്കു ലഭിക്കണമെ എന്നു ആരെങ്കിലും പ്രാത്ഥിക്കുന്നുണ്ടോ? ഉണ്ടായിരിക്കാം. ഉണ്ടെങ്കിൽതന്നെ വളരെ ചുരുക്കം. എന്താണിതിന്റെ കാരണം? പ്രാത്ഥനാസഹായംകൂടാതെ അവക്കിഷ്ടമുള്ളതു തെരഞ്ഞെടുക്കാമെന്നുതന്നെ. കാണാൻ കൊള്ളരുതാത്തതാണെങ്കിൽ സ്വീകരിക്കയുംവേണ്ട. അതിനു് പ്രാത്ഥനയുടെ ആവശ്യമില്ലല്ലോ. എന്നാൽ സ്വഭാവശുദ്ധി എളുപ്പത്തിൽ ദർശിക്കുവാൻ കഴിഞ്ഞെന്നു വരികയില്ല. അതുകൊണ്ടാണു് വിവാഹത്തിനുമുമ്പു് യുവതീയുവാക്കൾ പ്രത്യേകം പ്രാത്ഥിക്കണമെന്നു് നിർദ്ദേശിക്കപ്പെടുന്നതു്. വിവാഹിതരാകുവാൻ പോകുന്നവരാണ് മാതാപിതാക്കന്മാരേക്കാൾ കൂടുതലായി തങ്ങൾ സ്വീകരിക്കേണ്ട ആളുകളുടെ സ്വഭാവത്തിൽ ശ്രദ്ധപതിക്കേണ്ടതു്. എന്നാൽ ഈ വിഷയത്തിൽ നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം യുവാക്കൾക്കു ശരിയായ സ്വാതന്ത്ര്യമില്ലെന്നു വേണം പറയുവാൻ. യുവാക്കന്മാർക്കു ചിലതൊക്കെ സാധിച്ചേക്കും. യുവതികളുടെ കാര്യമാണ് ദയനീയം. മാതാപിതാക്കന്മാർ പറയുന്നതുമാത്രമാണവക്കാധാരം. ഇന്നു് ഇക്കാര്യത്തിൽ ചില മാററങ്ങളൊക്കെ വന്നുതുടങ്ങിയിട്ടുണ്ടെങ്കിലും പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ വിവാഹത്തിനുമുമ്പു പരസ്പരം അറിയുന്നതിനും പഠിക്കുന്നതിനുമുള്ള അവസരവും സൗകര്യവും യുവതീയുവാക്കന്മാർക്കു ഇവിടെ ഇനിയും ലഭിക്കാതെയാണിരിക്കുന്നതു്. തന്മൂലം പ്രാത്ഥനമാത്രമാണവക്കു് ആശ്രയമായിട്ടുള്ളതു്. പ്രാത്ഥനയോടൊപ്പം അന്വേഷിക്കുന്നതിനും പരസ്പരം അറിയുന്നതിനും വിവാഹിതരാകുവാനുള്ളവക്കു കടമയുണ്ടു്.

### ദുഷിച്ച പാരമ്പര്യം

നമ്മുടെ നാട്ടിൽ സാധാരണയായി വധൂവരന്മാരെ നിശ്ചയിക്കുന്നതു് മാതാപിതാക്കന്മാരോ അല്ലെങ്കിൽ അടുത്ത ചാച്ചക്കാരോ ആണ്. ഈ വിഷയത്തിൽ ബന്ധികൾക്കു പറയത്തക്ക സ്വാതന്ത്ര്യമൊന്നുമില്ല. കാരണവശാൽ ആരെങ്കിലും മാതാപിതാക്കന്മാരുടെ ആലോചനയ്ക്കു വഴിപ്പെടാതെ സ്വാഭിഷ്ടമനുസരിച്ചു് തന്റെ ഭാവി വരനേയോ വധുവിനേയോ തെരഞ്ഞെടുത്താൽ അവരെ കുലദ്രോഹികളായിമുദ്രയടിച്ചു കഴിയും. തന്മൂലം എത്രയെത്ര യുവതീയുവാക്കന്മാരാണ് ഭയന്നിട്ടു് തങ്ങളുടെ സ്വാതന്ത്ര്യം ഉപയോഗിക്കാതെ വിവാഹജീവിതത്തിൽ പ്രവേശിക്കുന്നതു്. മനസ്സിണങ്ങാത്ത രണ്ടു യുവഹൃദയങ്ങളെ ബലമായി ബന്ധിച്ചാലുണ്ടാകാവുന്ന ദുരന്തഫലങ്ങൾ ദുർവഹ്യങ്ങളാണ്. ഒന്നുരണ്ടു ദിവസത്തേക്കല്ല മരണംവരെയാണ് ആ പാവങ്ങൾ അസ്വതന്ത്രതയുടെ കനത്ത ഭാരം പേറിക്കൊണ്ടു ജീവിക്കേണ്ടതു്. ഈ ദുഷിച്ച പാരമ്പര്യത്തെ പാടേ മാറേറണ്ടതാണ്. അല്ല, മാറിത്തുടങ്ങി. അടുത്ത ഭാവിയിൽ പൂണ്ണമായി മാറിക്കൊള്ളും. ജീവിതാന്തസ്സു തെരഞ്ഞെടുക്കുന്നതിനും, അതു നിശ്ചയിച്ചുകഴിഞ്ഞാൽ ഫലം, ആൾ മുതലായവ നിണ്ണയിക്കുന്നതിനും യുവതീയുവാക്കന്മാർക്കു് പരിപൂണ്ണ സ്വാതന്ത്ര്യം സഭ അനുവദിക്കുന്നുണ്ടു്. മാതാപിതാക്കന്മാർക്കു് ഇതിൽ ഇടപ്പെട്ടു് അവരെ സഹായിക്കാമെന്നല്ലാതെ യാതൊരുവിധ സമ്മർദ്ദവും അവരിൽ ചെലുത്താൻ പാടില്ല. ഇങ്ങനെ ഈ വിഷയത്തിൽ യുവാക്കൾക്കു പരിപൂണ്ണസ്വാതന്ത്ര്യമുണ്ടെങ്കിലും തങ്ങളുടെ മാതാപിതാക്കന്മാരോടു് ആലോചിച്ചുകൊണ്ടും അവരെ അപ്പഴപ്പോൾ കാര്യങ്ങൾ ധരിപ്പിച്ചുകൊണ്ടും ചെയ്യുന്നതാണ് ഏററവും നല്ലതു്. മക്കളുടെ ഭാവിയിൽ ശ്രദ്ധയുള്ള മാതാപിതാക്കന്മാർ എപ്പോഴും അവരെ സഹായിക്കുന്നതിനു സന്നദ്ധരായിരിക്കുമല്ലോ.

---

സ്വീകരിക്കുമെന്നും പരസ്പരവിദ്വേഷംകൊണ്ടു് അധഃപതിച്ചിരിക്കുന്ന ലോകത്തെ തന്റെ സമാധാനംകൊണ്ടു് സംതൃപ്തിപ്പെടുത്തുമെന്നും ഈ വിപ്രവാസത്തിനു ശേഷം നമ്മുടെ ശാശ്വതമായ ആനന്ദവും സമാധാനവുമായ ഈശോയെ നമുക്കു എല്ലാവക്കും കാണിച്ചുതരുമെന്നും അത്യധികം പ്രത്യാശിച്ചുകൊണ്ടു്, ബ. സഹോദരന്മാരെ, നിങ്ങൾക്കും നിങ്ങളുടെ അജഗണത്തിനും നമ്മുടെ സ്നേഹത്തിന്റെ സാക്ഷ്യവും സർവ്വശക്തനായ സർവ്വേശന്റെ സഹായത്തിന്റെ ലക്ഷ്യവുമായി ശ്ലൈഹികാശീർവ്വാദം സന്തോഷപൂർവ്വം നൽകുന്നു.

റോമയിൽ വി. പത്രോസിന്റെ സിംഹാസനത്തിൽനിന്നും നമ്മുടെ വാഴ്ചയുടെ പതിനാറാം കാലം 1954 ഒക്ടോബർ 11-ാം തീയതി ഭാഗ്യപ്പെട്ട കന്യകാമറിയത്തിന്റെ മാതൃത്വത്തിരുനാൾ ദിവസം നൽകിയതു്.

പന്ത്രണ്ടാം പീയൂസ്,

(N. B. ഇടയ്ക്കിടയ്ക്കുള്ള തലക്കെട്ടുകൾ പരിഭാഷകന്റേതാണ്.)

---

ചെറുകഥ

# അവിവാഹിതകളുടെ സംഘടന

(ചാരുമ്മൂട്)

"ചേട്ടാ ബോയ്"; അമ്മാമ്മ ബാബേ്മോ!" നാലുമൈലകലെയുള്ള ജോലിസ്ഥലത്തുനിന്നും വീട്ടുപടിക്കലെത്തിയപ്പോൾ എന്റെ ഇളയമകൾ വിളിച്ചുറിയിക്കയാണ്. അസ്പഷ്ടമായ ആ ശബ്ദത്തിന്റെ അത്ഥം എനിക്കു പെട്ടെന്നു വ്യക്തമായില്ല. എന്റെ വരവു് അക്ഷമയോടുകൂടി എന്റെ കുഞ്ഞുങ്ങൾ പ്രതീക്ഷിച്ചിരിക്കയാണ്. അവരുടെയിടയിൽതന്നെ, അപ്പച്ചൻ വരുന്നതു് ആരാണാദ്യം കാണുന്നതെന്നു മത്സരമാണ്. എന്റെ ഇളയമകളായിരിക്കും ആ മത്സരത്തിൽ പ്രായേണ വിജയംവരിക്കുന്നതു്. ഞാൻ വന്നതറിഞ്ഞാൽ മററു കുട്ടികളും ഓടിക്കൂടും. പ്രായഭേദമനുസരിച്ചു് ഓരോരുത്തക്കുമുള്ള സ്വാതന്ത്ര്യം ഓരോരുത്തരും കാണിക്കയായി. ഒരാളിനെ എടുക്കണം. മറെറാരാളിന്റെ കൈപിടിക്കണം. ഇനിയൊരാളിനെ തലോടണം! അന്നവരെല്ലാവരും ഓടിക്കൂടുകയായി വിശേഷിച്ചും അന്നവക്കൊരുത്സവമാണ്. ഓരോരുത്തരും അവരവരുടെ ഭാഷയിൽ അന്നത്തെ വിശേഷം എന്നെ അറിയിക്കാൻ ബദ്ധപ്പെടുകയാണ്. ആ ആശയപ്രകാശനത്തിനു മുമ്പുതന്നെ, എന്റെ മൂത്തമകൾ അവളുടെ കുഞ്ഞുമായി എന്നെ സമീപിച്ചു സ്തുതിപറഞ്ഞു. പെട്ടെന്നെനിക്കു ബോദ്ധ്യമായി എന്റെ ഇളയമകളുടെ അസ്പഷ്ടവും സുന്ദരവുമായ ഭാഷ. ചേട്ടൻ പോയി അമ്മാമ്മ(കൊച്ചമ്മ)യും ബാബുമോനും വന്നിട്ടുണ്ടു്. അതായിരുന്നു ആ ശിശുവിന്റെ അവ്യക്തമായ ശബ്ദത്തിന്റെ പൊരുൾ. "ചേട്ടാ ബോയ്"; അമ്മാമ്മ ബ്ബാമ്മോ!" സ്തുതിപറഞ്ഞ അവളുടെ ശബ്ദം ഗദ്ഗദത്തോടുകൂടിയതും, തീവ്രദുഃഖത്തിന്റെ വികാരംകൊണ്ടതുമായിരുന്നു. ഇററിററുവീണ കണ്ണീർകണങ്ങൾ, അവളുടെ കവിൾത്തടങ്ങളിൽ വെൺമുത്തുകളുടെ കാന്തി പരത്തിയിരുന്നെങ്കിലും, അവ എന്റെ കാൽക്കൽ വീണു് ആവിയായി ഉയന്നുപോയി. ഒരു പിതാവിന്റെ ഹൃദയം ആ സന്ദർഭത്തിൽ എത്രമാത്രം ചുട്ടുപിടിച്ചതായിരിക്കുമെന്നു് അനുഭവസ്ഥക്കറിഞ്ഞുകൂട. വിശേഷിച്ചു്, സ്ത്രീധനത്തിന്റെ ബാക്കിതുക കിട്ടാഞ്ഞതുകൊണ്ടു മരുമകൻ മകളെയും അവരുടെ കുഞ്ഞിനെയും കൊണ്ടുവന്നാക്കിയിട്ടു് പൊയ്ക്കളഞ്ഞ സന്ദർഭം. ഒരു വലിയ പട്ടണത്തിൽ വലിയൊരു ഭൂകമ്പമുണ്ടായാലെന്നവിധം എന്റെ മനസ്സു് അമ്പരപ്പിലായി. എനിക്കൊന്നും കഴിയുമായിരുന്നില്ല. ഞാൻ സ്തംഭിച്ചുനിന്നുപോയി. അല്ലാ, ഞാൻ ചത്തുനില്ക്കയാണോ, എന്നുള്ള ബോധത്തോടുകൂടിയാണ് ആ സമാധിയിൽനിന്നും ഞാനുണന്നതു്. ഞാൻ പറഞ്ഞു: "മകളേ! സമാധാനമായിരിക്ക! അപ്പച്ചൻ ഇന്നു ജീവിച്ചിരിപ്പുണ്ടു്. എന്റെ മകൾ പണവുംകൊണ്ടു പോയാൽമതി. രണ്ടാഴ്ച. അതുമതി." ഞാൻ അവളുടെ നിറുകയിൽ ചുംബിച്ചു. എന്റെ കുഞ്ഞുമകനെ വാരിയെടുത്തു. ഉമ്മകൊടുത്തു. ഞങ്ങൾ വീട്ടിനുള്ളിൽ പ്രവേശിച്ചു.

ഏതോ വലിയ വിഷമപ്രശ്നത്തിന്റെ മുമ്പിലാണ് അപ്പച്ചൻ നില്ക്കുന്നതെന്നു ഗ്രഹിച്ചാലെന്നവിധമുള്ള മററു കുഞ്ഞുങ്ങളുടെ ഭാവപ്പകർച്ച കണ്ടപ്പോൾ, കുറച്ചുകൂടെ ആത്മസംയമനം പാലിക്കേണ്ടതായിരുന്നു എന്നെനിക്കു തോന്നി. പക്ഷെ, എല്ലാം അവിചാരിതം.

II

സ്ത്രീധനം!—പെരുവെള്ളത്തിന്റെ ഇരച്ചുകയററംപോലെ ആളുക വളരുകയാണ്, ആരുടേയും പിടിയിൽ ഒതുങ്ങാതെ. വധുവിന്റെ വീട്ടിലെ ജീവിതച്ചെലവുകൾക്കനുസരണമായ ഒരു വീട്ടിൽനിന്നും ഒരു വരനെ മകൾക്കു ലഭിക്കുക! എത്ര വലിയ വിഷമം! ചുരുണ്ടുകിടക്കാൻ ഭൂമിയോ, കഷ്ടിച്ചു് എഴുതാനും വായിക്കാനും മാത്രമെങ്കിലുമുള്ള വിദ്യാഭ്യാസമോ ഇല്ലെങ്കിലും അവന്റെയും ചോദ്യം! സ്ത്രീധനംകൊണ്ടുവേണം, ബാക്കിയുള്ള അവന്റെ ജീവിതം പുലത്തുവാനെന്നാണ് അവന്റെ മിഥ്യാബോധം. പെ

ണ്ണിനെ കെട്ടിക്കണം! എങ്ങോട്ടു ചെന്നാലും സ്ത്രീധനത്തിന്റെ ചോദ്യം ബലമുള്ള വേലികെട്ടുകയാണ് മുമ്പിൽ. എങ്ങനെയെങ്കിലും രണ്ടുമൂന്നുനേരം ഭക്ഷണവും ചിലപ്പോഴൊക്കെ ഒരു പാത്രം കഞ്ഞിയും കൂടാതെ കഴിയാനുള്ള പരിചയം ഇല്ലാത്ത വെറും സാധാരണക്കാർക്ക്, ആ സാഹചര്യമുള്ള ഒരു ഗൃഹത്തിൽ കല്യാണം ആലോചിച്ചുകൊണ്ടു കയറിച്ചെല്ലുവാനിനു സാദ്ധ്യമല്ല. അവിടെ, നമുക്കു വഹിക്കുവാൻ ഒരു നിവൃത്തിയുമില്ലാത്ത ആ കടുവാ ചാടി!—സ്ത്രീധനത്തുക!—വായും പൊളിച്ച് ദംഷ്ട്രങ്ങളും കാട്ടി

Thanksgiving for favours received through the intercession of St. Theresa of Jesus
T. S. Moonnanappallil
Thidanadu

കൂർത്ത നഖങ്ങളും പൊന്തിച്ചു നില്ക്കുകയാണ്! കല്യാണപ്രായമായ പെൺമക്കളുള്ള മാതാപിതാക്കൾക്കറിയാം ഈ സ്ത്രീധനപ്പിശാചിന്റെ ഭയങ്കരത എത്രമാത്രമെന്ന്.

ഞാൻ പലപ്പോഴും വിചാരിച്ചിട്ടുണ്ട്, ഒരു സംഘടനരൂപവല്ക്കരിക്കണമെന്ന്. അങ്ങനെ ഒരു സംഘടനയ്ക്കുവേണ്ടി ഈ ജന്മങ്ങൾ ഉലഞ്ഞാലും വേണ്ടതില്ലെന്ന്. ഭാവിതലമുറയ്ക്കെങ്കിലും അതൊരാശ്വാസമാകാതിരിക്കയില്ല. അവിവാഹിതകളായ കന്യകകളുടെ ഒരു സംഘടന! വിവാഹം കഴിക്കണമോ, സ്ത്രീ ആവശ്യപ്പെടുന്ന തുക പുരുഷൻ കൊടുക്കണം! അതിനു സ്ത്രീധനമെന്നോ, പുരുഷധനമെന്നോ, പേരെന്തെങ്കിലും ആയിക്കൊള്ളട്ടെ! മുന്നം മര്യാദയായിക്കഴിയുന്ന പാരമ്പര്യമുള്ള വീടുകളിലെ പെൺകുട്ടികൾ അദ്ധ്വാനത്തോടുകൂടി, ന്യായമായ വിദ്യാഭ്യാസവും സംസ്കാരവും സമ്പാദിച്ചു വീട്ടിൽ കഴിയുകയാണ്. അവർക്കു സ്വന്തനിലയിൽ പണം എവിടെ? മാതാപിതാക്കളുടെ സ്വത്തിന്റെ ഓഹരി! അതു മക്കൾക്കു കിട്ടുമല്ലോ! ആ ഓഹരി ഏറിയകൂറും ഇന്നു അല്പംപോലും സ്ത്രീധനത്തിനു മതിയാകാതെ വന്നിരിക്കുന്നു! പെൺകുട്ടി കല്യാണപ്രായമായെങ്കിലും, അവൾക്കു പണമില്ല. ധനസമ്പാദനത്തിനു മാർഗ്ഗമില്ല. നേരെമറിച്ചു പുരുഷനോ, അവൻ വിദ്യാഭ്യാസത്തിനുശേഷമോ, യൗവനം ഉദിക്കുന്നതോടുകൂടിയോ ലോകത്തേക്കിറങ്ങുന്നു. ധനം സമ്പാദിക്കുന്നു. സമ്പാദിക്കണം: വരൻ വധുവിനോ, വധു വരനോ, ആരാണു പണം കൊടുക്കേണ്ടതു്? കൊടുക്കാനുള്ള സൗകര്യം ആർക്ക്? ജീവിതത്തിൽ തുല്യപങ്കാളിയാകേണ്ട സ്ത്രീ—വിവാഹത്തിനുശേഷവും കുഞ്ഞുങ്ങളെ വളർത്തുകയും കുടുംബഭരണം നിർവ്വഹിക്കയും ചെയ്യേണ്ടവൾ!—പണം കൊണ്ടുവരണമോ? ഉദ്യോഗസ്ഥകളായും, ഓരോ ജോലികൾചെയ്തു പണം സമ്പാദിക്കുന്നവരായും മറ്റുമുള്ള സ്ത്രീകൾ വിവാഹത്തിനു ശേഷം അവരുടെ വരുമാനം മറ്റെങ്ങും കൊണ്ടുപോകുന്നുമില്ലല്ലോ. വെറും വേലക്കാരിയായി ഒരു സ്ത്രീ വീട്ടിൽ നില്ക്കുന്നെങ്കിൽ അവളുടെ ചെലവിനും ശമ്പളത്തിനും ചുമതലപ്പെടുന്ന പുരുഷൻ, സഹധർമ്മിണിയായി സ്വീകരിക്കുന്ന സ്ത്രീയുടെ ധനത്തിനുവേണ്ടി ഇത്ര വലിയ ആർത്തി പ്രദർശിപ്പിക്കുന്നതു മോശമല്ലേ? ഇത്യാദികാരണങ്ങളാൽ എന്തുകൊണ്ട് അവിവാഹിതകളായ കന്യകകളുടെ ഒരു സംഘടന രൂപവല്ക്കരിച്ചുകൂടാ? പണം കൂടാതെ വരുന്ന പുരുഷനെ വിവാഹം കഴിക്കയില്ല, അല്ലെങ്കിൽ ഒരൊറ്റത്തീർപ്പിലെത്തി, സ്ത്രീധനം കൂടാതെ വിവാഹം നടത്തുകയെങ്കിലും ചെയ്യാൻ ഈ സംഘടന ഉപകാരപ്പെടാതിരിക്കയില്ല!!

III

എന്റെ ആദ്യജാത. ഞങ്ങൾ അവളെ ഓമനിച്ചുവളർത്തി. മററു കുഞ്ഞുങ്ങൾ ഇത്രമാത്രംവാത്സല്യം അനുഭവിച്ചിട്ടില്ല. അവൾക്കു കല്യാണപ്രായമായി. ആ വാത്സല്യത്തിടമ്പ് ഇന്നൊരു ഭാരമാവുക! പിതാവിന്റെ ഹൃദയത്തിൽ തീ കോരിയിടുക. അവളതറിയുന്നുണ്ടോ? പാവം; ഈ ചിന്തതന്നെ പാപമല്ലേ? അതേ!— എങ്കിലും ഇതു സത്യമാണു. അവളെ കാണുന്നതു് ഒരു മധുരോത്സവമായിരുന്ന കണ്ണുകൾ ഇന്നവളെ കാണുമ്പോൾ തപ്തബാഷ്പം പൊഴിക്കയാണു്. കാരണം!—അവളെ കല്യാണം കഴിച്ചുകൊടുപ്പാൻപണമില്ല. ഇന്നോളം അവൾപരിചയിച്ച ജീവിതചര്യ അനുഭവമുള്ള ഒരു വരനോടുകൂടി അവളെ കാണണം! അഹോ! അതെങ്ങനെസാധിക്കാനാണു്? അതാ— ആ വിഷജന്തു ഇറിച്ചുനോക്കുന്നു! ആ മൂർഖൻ! ആ കടുവാ മുൻകാലുകളും അതിന്റെ ദംഷ്ട്രകളും പുറത്തു കാട്ടി ആർത്തിയോടുകൂടി ചാടാൻ ഒരുങ്ങുന്നു!—സ്ത്രീധനം!—ആ ഭയങ്കരപിശാചു്!

ഭക്ഷണം, വസ്ത്രം മുതലായി അത്യാവശ്യപ്പെട്ട ചെലവുകളെല്ലാം വല്ല വിധവും നടത്തിക്കഴിഞ്ഞാൽ, പരിമിതമായ ഒരു വരവുകാരനു് എന്താണു് മിച്ചമുണ്ടാവുക! കഠോ കടം! നമ്മുടെ വാത്സല്യമേറിയ കുഞ്ഞുങ്ങൾ, മററു കുഞ്ഞുങ്ങളെപ്പോലെ ഉടുത്തൊരുങ്ങിയും തിന്നു കുടിച്ചും കഴിഞ്ഞില്ലെങ്കിലും അവരു ജീവിക്കണ്ടേ? പള്ളിക്കൂടത്തിലും പള്ളിയിലും പോകണ്ടേ? അവർ നഗ്നത മാച്ചു കഴിയണ്ടേ? പൂർവ്വികന്മാർ സമ്പാദിച്ചേല്പിച്ചിട്ടുള്ള വസ്തുവകകളില്ലെങ്കിൽ— അന്യന്റെ മുതൽ അന്യായമായാർജ്ജിച്ചിട്ടില്ലെങ്കിൽ—കൂടിയ തിരു എന്നുള്ള ചിലവുകൾ കഴിച്ച് എന്തു മിച്ചമാണുണ്ടാക്കാൻ കഴിയുക? നെഞ്ഞത്തു കൈവച്ചുകൊണ്ടു് ഈ ചോദ്യത്തിനു് ആത്മാർത്ഥമായി മറുപടി പറയട്ടെ! എങ്ങനെ പെൺകുട്ടികളെ കല്യാണം കഴിച്ചുകൊടുക്കും? ഇന്നത്തെ ഈ ഭ്രാന്തുപിടിച്ച സ്ത്രീധനവ്യവസ്ഥിതിയിൽ!

(തുടരും)




# വാർത്തകൾ

## മരിയവത്സരസമാപനം

അമലോത്ഭവത്തിരുനാളായ ഡിസമ്പർ 8-ാം തിയതി റോമിലെ എല്ലാ ദേവാലയങ്ങളിലേയും മണിനാദം അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരിക്കുന്ന ശുഭാവസരത്തിൽ മരിയവത്സരത്തിന്റെ സമാപനപരിപാടികൾ സമംഗളം നിർവ്വഹിക്കപ്പെട്ടു. പരിശുദ്ധ മാർപ്പാപ്പായുടെ ആലസ്യം നിമിത്തം അവിടുത്തേക്കു നേരിട്ടു പ്രസ്തുത കർമ്മങ്ങൾ നിർവ്വഹിക്കാൻ സാധിച്ചില്ല. സ്പാനിഷ് സ്ക്വയറിലെ അമലോത്ഭവ ബിംബത്തിന്റെ സ്വരൂപത്തിനു ചുററും അങ്കിരാവിലെ മുതൽ ജനങ്ങൾ തിങ്ങിക്കൂടിക്കൊണ്ടിരുന്നു. പുഷ്പങ്ങൾ കുന്നുകൂടി. റോമിലെ മേയറും, തിരുസംഘത്തിന്റെയും ലോകത്തുള്ള ആയിരമായിരം ഭക്തസംഘടനകളുടെയും ഔദ്യോഗിക പ്രതിനിധികളും, പള്ളികളുടെ പ്രതിനിധികളും പുഷ്പാർപ്പണം നിർവ്വഹിച്ചു.

ഔദ്യോഗികമായ സമാപനകർമ്മം മേരി മേജർ ബസിലിക്കായിൽവച്ചു പരിശുദ്ധ പിതാവിന്റെ പ്രതിനിധിയായി അത്യുന്നതകർദ്ദിനാൾ തിസരാങ്ങ് നിർവ്വഹിച്ചു 12 കർദ്ദിനാളന്മാരും അനേകായിരം ജനങ്ങളും അതിൽ സംബന്ധിച്ചു. ഇതോടനുബന്ധിച്ചു ഒരു ചടങ്ങായിരുന്നു വിശുദ്ധ പത്രോസിന്റെ ബസ്സിലിക്കായുടെ അങ്കണത്തിൽ 500 മാടപ്രാവുകളെ പറപ്പിച്ചുവിട്ടതും, അവ പരിശുദ്ധ പിതാവിന്റെ ജിനശയ്യക്കരികെക്കൂടി ചിറകടിച്ചു പറന്നുകൊണ്ടിരുന്നതും. സമാപനാവസരത്തിൽ സെൻറ് മേരി മേജർ ബസ്സിലിക്കായുടെ മുമ്പിൽ തടിച്ചുകൂടിയിരുന്ന 12,000ത്തിൽപരം വരുന്ന ജനക്കൂട്ടത്തോടായി പരിശുദ്ധ പിതാവ് ദീനക്കിടക്കയിൽനിന്നും ഒരു സന്ദേശം പ്രക്ഷേപണം ചെയ്തു. "പരിശുദ്ധ പിതാവു സംസാരിക്കുന്നു" എന്നുള്ള ശബ്ദം ശ്രവിച്ചതോടെ അന്തരീക്ഷം നിശ്ശബ്ദമായി. മണിനാദം മാത്രം ആകാശവീഥിയിൽ വിജയത്തിന്റെ അലകളടിച്ചുകൊണ്ടിരുന്നു. പരിശുദ്ധ പിതാവു് ഇപ്രകാരം അരുളിച്ചെയ്തു:-

"കത്തോലിക്കാ ലോകം മുഴുവനും ഒരു കുടുംബംപോലെ പരിശുദ്ധ അമലോത്ഭവകന്യകയുടെ പാദാരവിന്ദങ്ങളിൽ മുട്ടുകുത്തിനില്ക്കുന്നതായി നാം കാണുമ്പോൾ, കർത്താവിനു നാം നന്ദിപറയുകയാണു്. അനുഗ്രഹത്തിന്റെ ഈ വത്സരത്തിൽ അവിടുത്തേക്കർപ്പിക്കപ്പെട്ടിട്ടുള്ള പ്രാർത്ഥനകളുടെയും സൽകൃത്യങ്ങളുടെയും കൂമ്പാരത്തിന്മേൽ ഒരു മുദ്രപതിച്ചിരിക്കുന്നു എന്നതാണു്. അവിടുന്നു നമ്മിൽനിന്നു വേദനയും ത്യാഗവും ഇപ്പോൾ ആവശ്യപ്പെടുന്നതിന്റെ അർത്ഥം. അതുകൊണ്ടു് ശരീരത്തിൽ വേദനയും, ഹൃദയത്തിൽ ത്യാഗവും സഹിച്ചുകൊണ്ടു്, ലോകം മുഴുവനിലും ചിതറിക്കിടക്കുന്ന നമ്മുടെ കുഞ്ഞുമക്കളോടൊന്നിച്ചു്, നന്മനിറഞ്ഞ മറിയമേ നിനക്കു സ്വസ്തി........ എന്നു ചൊല്ലി ഈ മരിയവർഷം സമാപിപ്പിക്കുന്നതിനു നമുക്കു സന്തോഷമുണ്ടു്." പൈതൃകമായ ആശീർവ്വാദം നൽകിക്കൊണ്ടു് സന്ദേശം അവസാനിപ്പിച്ചു.

പരിശുദ്ധ പിതാവിന്റെ ആലസ്യം മൂർദ്ധന്യത്തെ പ്രാപിച്ചിട്ട ആറാം ദിവസമായ ഈ അവസരത്തിൽ അവിടുന്നു ദിനമുറിയുടെ ജനാലയ്ക്കൽ വരികയും സെൻറ് പീറ്റേഴ്സിന്റെ അങ്കണത്തിൽ തിങ്ങിക്കൂടിയിരുന്ന ജനങ്ങളെ ആശീർവ്വദിക്കുകയും ചെയ്തു.

## പരിശുദ്ധ പിതാവിന്റെ ആലസ്യം

ഡിസംബർ 2-ാം തിയതി വ്യാഴാഴ്ച ആശങ്കാവഹമായ വിധം മൂർദ്ധന്യത്തെ പ്രാപിച്ചു, പരിശുദ്ധ മാർപ്പാപ്പാ തിരുമനസ്സിലെ ആലസ്യത്തെപ്പററി ഏവരും അറിഞ്ഞിരിക്കും. എങ്കിലും അതിന്റെ സാഹചര്യങ്ങൾ വിശദമായി ഗ്രഹിക്കുന്നതിനു എല്ലാവർക്കും ജിജ്ഞാസയുണ്ടാകുമല്ലോ. നവമ്പർ അവസാന ആഴ്ചയിൽ ഛർദ്ദിയും എക്കിളും കൂടുതലായി അനുഭവപ്പെട്ടതുകൊണ്ടു് പരിശുദ്ധ പിതാവു് ശയ്യാവലംബിയായി കഴിയുകയായിരുന്നു. വ്യാഴാഴ്ച ഉച്ചതിരിഞ്ഞു 3-30-നു് അപ്രതീക്ഷിതമായവിധം തിരുമേനിക്കു ആദ്യമായി ഹൃദയക്ഷീണമുണ്ടായി. നാലുമണിക്കൂർ സമയം ബോധമില്ലാതെ കിടന്നു. രാത്രി 10 മണിയോടെ വീണ്ടും ബോധക്ഷയം അനുഭവപ്പെട്ടു. ആദ്യത്തെ ബോധക്ഷയം കഴിഞ്ഞ ഉടനെതന്നെ പരിശുദ്ധ പിതാവു് ആവശ്യപ്പെട്ടതനുസരിച്ചു വത്തിക്കാനിലെ വികാരി ജനറാളായ വാൻ ലീർഡെ മെത്രാൻ തിരുമനസ്സിലേക്കു അന്ത്യകൂദാശകൾ കൊടുത്തു. തിരുമനസ്സിലെ ഡോക്ടർ പ്രൊഫസർ ഗലീസി-ലിസി അവിടുത്തെ ഹൃദയസ്പന്ദനങ്ങളേയും പ്രവർത്തനങ്ങളേയും നിഷ്കർഷാപൂർവ്വം ശ്രദ്ധിച്ചു നിയന്ത്രിക്കുന്നതിൽ സദാ ഉൽസുകനായി വർത്തിച്ചിരുന്നു പരിശുദ്ധ പിതാവിന്റെ സംബന്ധികൾക്കു ആലസ്യവിവരം അറിവുകൊടുക്കുകയും വൈദികാദ്ധ്യക്ഷന്മാർ വിളിച്ചുവരുത്തപ്പെടുകയും ചെയ്തു.

വിദഗ്ദ്ധന്മാരായ പല ഡോക്ടർമാരും പരിശുദ്ധ പിതാവിനെ പരിശോധിക്കുകയും പരസ്പരം ആലോചിക്കുകയും ചെയ്തു. ഒരു ശസ്ത്രക്രിയവേണ്ടിവന്നേക്കാമെന്നുള്ള അഭിപ്രായത്തിൽ അടുത്തുള്ള ഒരു മുറിയിൽ അതിനുവേണ്ട എല്ലാ സജ്ജീകരണങ്ങളും ചെയ്തു കഴിഞ്ഞിരുന്നു. പക്ഷെ അതു വേണ്ടിവന്നില്ല. ആശങ്കാപൂർണ്ണമായ ഈ സന്ധിയിൽ ഡോക്ടറിൽനിന്നു വത്തിക്കാൻ പ്രസ്സ് ഓഫീസിൽ ആദ്യമായി ലഭിച്ച വാർത്ത പരിശുദ്ധ മാർപ്പാപ്പാക്കു് പൊതുവേയുള്ള ആരോഗ്യസ്ഥിതിയിൽ ഒരു തകർച്ച സംഭവിച്ചതായിട്ടാണു് കാണുന്നതു്; എന്നാൽ അവിടുത്തെ സ്ഥിതി ഭയജനകമല്ല, തിരുമനസ്സിലെ ബോധം വളരെ തെളിഞ്ഞിട്ടുണ്ടു്, എന്നായിരുന്നു. പരിതഃസ്ഥിതികൾ വ്യത്യാസപ്പെട്ടപ്പോൾ മെത്രാന്മാരും ബന്ധുജനങ്ങളും മുറിവിട്ടു പുറത്തേക്കുപോയി. ജനഹൃദയങ്ങളിൽ സമാശ്വാസത്തിന്റെ ഒരു വായുവോട്ടം വീണ്ടും അനുഭവപ്പെട്ടു.

ഇററാലിയൻ പ്രധാനമന്ത്രിയും ഗവമ്മെണ്ടും തിരുമനസ്സിലെ സ്ഥിതിയെപ്പററി നിരന്തരം ആരാഞ്ഞുകൊണ്ടിരുന്നു. വിവിധ രാജ്യങ്ങളിലെ നയതന്ത്രപ്രതിനിധികൾ അവരവരുടെ പ്രതിനിധിമന്ദിരങ്ങളിൽനിന്നും വത്തിക്കാനുമായി സദാ വാർത്താവിനിമയം ചെയ്തുകൊണ്ടിരുന്നു. ജനലക്ഷങ്ങൾ വത്തിക്കാനിലെ രോഗമുറിയുടെ ജനാലയിലേക്കു നിർന്നിമേഷരായി നോക്കിക്കൊണ്ടു് സെൻറ് പീറ്റേഴ്സ് അങ്കണത്തിന്റെ നനഞ്ഞ തറയിൽ മുട്ടുകുത്തി ദൈവത്തെ പ്രാർത്ഥിച്ചിരുന്നു. ജനക്കൂട്ടത്തിന്റെ വികാരാവേശത്തിൽ സ്വരമുയരാതിരിക്കുവാൻ പട്ടാളക്കാർ ശ്രദ്ധാലുക്കളായി നിയന്ത്രണനടപടികൾ നിർവ്വഹിച്ചുപോന്നു.

ഡിസമ്പർ 4-ാം തിയതി പ്രസിദ്ധപ്പെടുത്തിയ ഔദ്യോഗിക കമ്മ്യൂണിക്കയിൽ പരിശുദ്ധ പിതാവിനു് "ട്യൂമറി"ന്റെ ശല്യമല്ലെന്നും തിരുമനസ്സിലെ ആലസ്യം ഗാസ്ട്രൈററിസ് അഥവാ ഉദരത്തിലെ വ്രണംകൊണ്ടുണ്ടായതാണെന്നും എക്കിൾ അതിന്റെ ഫലമാണെന്നും പ്രഖ്യാപിക്കപ്പെട്ടു. ദൈവാനുഗ്രഹത്താൽ നാൾക്കുനാൾ തിരുമേനി ആരോഗ്യം പ്രാപിച്ചുവരികയാണു് ഇപ്പോൾ. 19-ാം തിയതി അവിടുന്നു രോഗശയ്യ വിട്ടു വത്തിക്കാൻ തോട്ടങ്ങളിൽക്കൂടി ഒരു ഡ്രൈവ് നടത്തുകയും 25 മിനിട്ടുസമയത്തോളം പുറത്തുകഴിച്ചുകൂട്ടുകയും ചെയ്തു. ഇപ്പോൾ തിരുമനസ്സുകൊണ്ടു് അത്യാവശ്യപ്പെട്ട സഭാകാര്യങ്ങൾ അല്പാല്പം ചെയ്തുകൊണ്ടാണിരിക്കുന്നതു്.

പരി. മാതാവിന്റെ അനുഗ്രഹത്താലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും എന്റെ കുട്ടിയുടെ സുഖക്കേടു് മാറിയതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമായാചനം.

എന്നു റവ്. എൽ. മൈക്കൾ
കോഴിക്കോട്.

ബ: അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ രോഗശാന്തിക്കു ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

K. K. Francis
Peravoor.

"വി 10-ാം പിയൂസിന്റെ മാദ്ധ്യസ്ഥംവഴിയായി അസാദ്ധ്യമായി വിചാരിച്ച കാര്യങ്ങൾ സാധിച്ചതിനു് കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം."

എ. വി. പൗലോസ്
എൽത്തുരുത്തു്

തോട്ടാൻ കഞ്ഞിപ്പാല
റപ്പായി & ബ്രദേഴ്സ്
ആഭരണവ്യാപാരം
തൃശ്ശൂർ

(10-ാം പേജ് തുടർച്ച)

ന്നും എൻെറ കൈകൊണ്ടുതന്നെ പറിച്ചതാണ്. നീഴലപ്പുററി എനിക്ക് അത്യന്തം ഓർമ്മയുണ്ട്."

അവിടുത്തെ ചാപ്ലെയിനും വളരെ സ്നേഹമുള്ള ഒരു ദേഹമായിരുന്നു. 1908-ൽ സംഭവിച്ച ഒരു വലിയ ഭൂമികുലുക്കത്തിൽനിന്നും ഞങ്ങളെ രക്ഷിച്ചതിനു ദൈവത്തിനു കൃതജ്ഞതാസ്തോത്രം അപ്പിക്കുന്നതിനായി ഡയറക്ടർ ഞങ്ങളെ ചാപ്പലിൽ വിളിച്ചുകൂട്ടുകയും ചാപ്ലെയിൻ ദിവ്യബലി അപ്പിക്കുകയും ചെയ്തു.

"അന്നൊന്നും ഞാൻ ശരിയായി അനുതപിക്കുന്നില്ലായിരുന്നു എങ്കിലും മരിയയുടെ അവസാന വാക്കുകൾ സദാ എൻെറ ചെവികളിൽ മുഴങ്ങുന്നുണ്ടായിരുന്നു. "എൻെറ ഈശോയെ, അവനോടു ക്ഷമിക്കേണമെ! അവൻ എന്നോടുകൂടി പറുദീസായിൽ വന്നെത്തുന്നതിനു ഇടയാകേണമെ!!

"എൻെറ മനസ്സാക്ഷിയുടെ ശബ്ദത്തിനു ചെവികൊടുക്കാതെ ഞാൻ വളരെനാളുകൾ തള്ളിനീക്കി. ഒരു ദിവസം രാത്രി സ്വപ്നത്തിൽ, ലില്ലിപ്പുഷ്പങ്ങൾ സഞ്ചയിച്ചു എൻെറനേരെ നീട്ടിക്കൊണ്ടു മരിയ എനിക്കു പ്രത്യക്ഷപ്പെട്ടു. അതെൻെറ ഹൃദയത്തെ വളരെയധികം സ്പർശിച്ചുവെങ്കിലും അഹങ്കാരം എന്നെ അനുതാപിയാക്കിയില്ല. വളരെ വർഷങ്ങൾക്കുശേഷമാണു ഞാൻ മുട്ടിന്മേൽവീണു അനുതപിച്ചു കുമ്പസാരിച്ചതു്.

"1918-ൽ എന്നെ ബിററിമാമോണിലേക്കും, അവിടെനിന്നും 1924-ൽ അൻഗോറായിലേക്കും മാററി. 1929-ൽ ഞാൻ വിമോചിതനായി.

"വി. മരിയായുടെ മാതാവുമായുള്ള കൂടിക്കാഴ്ച എനിക്കു വളരെ പ്രയാസമുള്ള ഒന്നായിരുന്നു എങ്കിലും അവർ എന്നോടു അത്യധികം ദയാലുവായിരുന്നു.

"കോടതിവിധിയനുസരിച്ചു മോചനത്തിനുശേഷവും മൂന്നുകൊല്ലത്തെ പോലീസ് മേലന്വേഷണത്തിനു ഞാൻ വിധേയനായിരുന്നു. രാവിലെ അഞ്ചുമണിമുതൽ വൈകിട്ടു 8 മണിവരെ മാത്രമേ പുറത്തു സഞ്ചരിക്കുവാൻ അനുവദിക്കപ്പെട്ടിരുന്നുള്ളു. പൊതുസമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിനോ, ഇങ്ങേ അററം പള്ളിയിൽ പോകുന്നതിനുപോലുമോ എനിക്കു സ്വാതന്ത്ര്യമില്ലായിരുന്നു. ഒരു ഗ്ലാസ് വൈൻ ആവശ്യമുണ്ടെങ്കിൽ കടയുടെ പുറത്തു നിന്നുകൊണ്ടു മാത്രമേ വാങ്ങിക്കുടിക്കുവാൻ പാടുണ്ടായിരുന്നുള്ളു. എന്നാൽ ഈ കഷ്ടതകളെല്ലാം പരിഹാരപ്രവൃത്തികളായി സഹിക്കുന്നതിനു വി. സഭ എന്നെ പഠിപ്പിച്ചിരുന്നു. 1930 ആരംഭത്തിൽ ഞാൻ ഈ ആശ്രമത്തിൽ വന്നുചേരുകയും ഇന്നുവരേയും ഇവിടെത്തന്നെ കഴിച്ചുകൂട്ടുകയും ചെയ്യുന്നു. ഞാൻ എല്ലാം ദിവസവും പൊതുകൊന്തനമസ്കാരത്തിൽ സംബന്ധിക്കുകയും കുർബാന കാണുകയും ചെയ്യുന്നുണ്ട്. ആദ്യവെള്ളിയാഴ്ചഭക്തിയും ആചരിച്ചുവരുന്നു.

"മരിയയുടെ നാമകരണച്ചടങ്ങുകളിൽ സംബന്ധിക്കുന്നതിനായി റോമിലേക്കു പോകണമെന്നു ഞാൻ ആശിച്ചിരുന്നു. ഫാ. ലൂയിജി എന്നെ കൊണ്ടുപോകാമെന്നും ഏററിരുന്നു. എന്നാൽ ഏതാനും ദിവസംമുമ്പു അദ്ദേഹത്തെ ആരോ അബദ്ധത്തിൽ വെടിവച്ചുവധിച്ചുകളഞ്ഞു. എൻെറ ആശ അങ്ങനെതന്നെ അവശേഷിച്ചു.

"എൻെറ പാതകം കഴിഞ്ഞതിൽപ്പിന്നെ എനിക്കുണ്ടായിട്ടുള്ള ഏററം ആനന്ദപ്രദമായ ദിവസം മരിയയുടെ നാമകരണത്തിനു സാക്ഷ്യപ്പെട്ടത്തിയ ദിവസമാണ്. ഇപ്പോൾ അവൾ സ്വർഗ്ഗത്തിലിരുന്നുകൊണ്ടു എനിക്കു വേണ്ടി പ്രാർത്ഥിക്കുകയാണ്. വൃദ്ധനായ ഞാൻ ഇനിയും അധികനാൾ ജീവിക്കുവാൻ പോകുന്നില്ല. ദൈവം എന്നോടു കരുണ കാണിക്കുമെന്നാണ് എൻെറ വിശ്വാസം. അങ്ങനെ മരിയയുടെ അവസാന ആഗ്രഹവും സഫലമാകും."

ഞാൻ പോകുവാൻ ഒരുങ്ങി. സെരിനെല്ലി കടലാസ്സും പേനയും എടുത്തു ലോകത്തോടു ഒരു സന്ദേശം അതിൽ കുത്തിക്കുറിച്ചു:

"രക്തസാക്ഷിണിയായ വി. മരിയാ ഗൊരേററിയോടും, ശുദ്ധതയോടും ഞാൻ ചെയ്ത മഹാപാതകത്തിനു ഞാൻ ലോകത്തോടു മാപ്പിരക്കുന്നു. അശുദ്ധപാപത്തിലേക്കാനയിക്കുന്ന എല്ലാ പ്രലോഭനങ്ങളിൽനിന്നും ശ്രദ്ധാപൂർവ്വം ഒഴിഞ്ഞുനില്ക്കുവാൻ ഞാൻ സകലരോടും സവിനയം അഭ്യർത്ഥിക്കുന്നു.

അലക്സാണ്ടർ സെരിനെല്ലി."

# വിവിധവൃത്താന്തങ്ങൾ

## മരിയൻ എൻസൈക്ലോപീഡിയാ

"തെയോട്ടോക്കോസ്" എന്ന പേരിൽ 863 വശങ്ങളുള്ള ഒരു മരിയൻ എൻസൈക്ലോപീഡിയാ വിവിധരാജ്യക്കാരായ 36 ശാസ്ത്രവിദഗ്ദ്ധന്മാർകൂടി ഉണ്ടാക്കി റോമയിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. അതിൻെറ ഒരു കോപ്പി പരിശുദ്ധ മാർപ്പാപ്പായ്ക്കു സമർപ്പിക്കപ്പെട്ടു. ദൈവശാസ്ത്രം, വേദപുസ്തകം, ചരിത്രം, ആരാധനാക്രമങ്ങൾ, സന്യാസം, കലകൾ, മരിയതീർത്ഥകേന്ദ്രങ്ങളുടേയും പൊതുവായ മരിയഭക്തികളുടേയും സ്ഥിതിഗതികൾ എന്നിവയെ സംബന്ധിച്ചു ഏററവും അഭിനവമായ ഗവേഷണങ്ങളുടെ നേട്ടങ്ങളെല്ലാം അതിൽ കൊള്ളിച്ചിട്ടുണ്ട്. പരിശുദ്ധ കന്യകമറിയത്തിൻെറ നേർക്കുള്ള ഒരു സ്നേഹാദരപ്രകടനവും, പ്രസംഗകർക്കും അദ്ധ്യാപകന്മാർക്കും പണ്ഡിതന്മാർക്കും ഒരു മാർഗ്ഗദർശനവും ആയിരിക്കണമെന്നുള്ള ലക്ഷ്യമാണ് ഈ ഗ്രന്ഥനിർമ്മാണത്തിൽ വിഭാവനം ചെയ്തിരുന്നതു്.

## സൽകൃത്യത്തിനുള്ള സമ്മാനം ഒരു ബാലികയ്ക്കു്

രണ്ടുകൊല്ലം മുമ്പു റോമിൽ ഏർപ്പെടുത്തിയിട്ടുള്ള "സൽകൃത്യസമ്മാനം" ഇക്കൊല്ലം 13 വയസ്സുമാത്രം പ്രായമുള്ള റബേക്കാ ലാ ക്രോച്ചിയേറാ എന്ന ബാലികയ്ക്കാണു നൽകപ്പെട്ടതു്. ഈ ബാലിക ഒരനുഗൃഹീത കവിയിത്രിയാണു്. നിർഭാഗ്യവശാൽ ഒരു മാസംമുമ്പു അവൾ പരലോകപ്രാപ്തയായി. സഹൃദയയായ ഈ ബാലിക അവൾ രചിച്ചു "ദി പീനഫോർ" എന്ന കവിത സലേർനോ നദിയിലെ വെള്ളപ്പൊക്കംമൂലം സംഭവിച്ച വിനാശങ്ങൾക്കു വിധേയരായ ബാലജനത്തിൻെറ സഹായാർത്ഥം നൽകി. അതുമാത്രമേ അവൾക്കു നൽകാനുണ്ടായിരുന്നുള്ളു. ഇററാലിയൻ റേഡിയോവഴി ഈ ദാനം ലേലം വിളിക്കപ്പെടുകയും അതിൽനിന്നു 300 പവൻ പ്രതിഫലം ലഭിക്കുകയും ചെയ്തു.

## കമ്മ്യൂണിസ്റ്റു മേയർക്കു് രണ്ടുമാസം സസ്പെൻഷൻ

ഇററലിയിൽ ബൊളോഞ്ഞാ എന്ന സ്ഥലത്തു സെൻറു് ജിയോർജോ ഡിപിയാനോ എന്ന നഗരത്തിലെ മേയറായ ചെലെസ്റ്റെ ചെസാരി എന്ന കമ്മ്യൂണിസ്റ്റുകാരനെ രണ്ടുമാസത്തേക്കു ഉദ്യോഗത്തിൽനിന്നു സസ്പെൻറു ചെയ്തിരിക്കുന്നു. അദ്ദേഹത്തിൻെറ നഗരത്തിൽ മതത്തിനെതിരായ പ്രക്ഷോഭണങ്ങളെ അനുകൂലിച്ചു എന്നുള്ളതായിരുന്നു ചാർജ്. കുറെനാളായി അവിടെ മതവിരുദ്ധനടപടികൾ നിർബാധം തുടരുകയായിരുന്നു. എല്ലാം മരിച്ചവരുടേയും ഓർമ്മദിവസത്തിൽ (നവമ്പർ 2) വിശ്വാസികൾ ശിമത്തേരിയിലേക്കു നടത്തിയ പ്രക്ഷിണത്തെ അദ്ദേഹം തടസ്സപ്പെടുത്തി. പൊതുസമാധാനം പാലിക്കുന്നതിനുള്ള കർത്തവ്യത്തിൽ പരാജിതനായി എന്നുള്ള ആരോപണത്തെ ആധാരമാക്കിയാണു ശിക്ഷ.

## അടക്കമില്ലാത്ത വസ്ത്രധാരണത്തെ അപലപിക്കുന്നു

"അടക്കമില്ലാത്ത വസ്ത്രധാരണരീതിക്കെതിരായി ഉറച്ച ഒരു നില സ്വീകരിക്കുന്നതിനുള്ള ധൈര്യം കത്തോലിക്കർക്കുണ്ടാകണം. നിങ്ങൾ നേതാക്കന്മാരാകണം; മററുള്ളവരാൽ നയിക്കപ്പെടാനിടയാകരുതു്. രൂപതയിലുള്ള എല്ലാ സ്ത്രീസംഘടനകളോടും ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുന്നതു്, വസ്ത്രധാരണത്തിലുള്ള രീതികൾ നന്നാക്കുന്നതിനായി നിങ്ങൾ ഫലപ്രദമായി പ്രവർത്തിക്കണമെന്നാണു്. വിവേകമുള്ള യാതൊരുത്തനും ആകർഷകവും ഭംഗിയുള്ളതുമായ വസ്ത്രങ്ങളെ അപലപിക്കുകയില്ല; എന്നാൽ മനസ്സാക്ഷിയും അടക്കത്തെപ്പററി അവബോധവുമുള്ള യാതൊരാളും മനുഷ്യൻെറ മാനത്തെ കെടുത്തുന്നതും മററുള്ളവരെ പാപത്തിലേക്കു ആനയിക്കുന്നതുമായ രീതികളെ സഹിക്കുന്നതുമല്ല;" എന്നാണു് നോട്ടിങ്ങാമിലെ മെത്രാനായ ഡോക്ടർ എല്ലിസ് ഇത്തവണത്തെ ആഗമനകാലഇടയലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്.

## തൊഴിലാളി പ്രേഷിതത്വം

"യുവക്രിസ്ത്യൻ തൊഴിലാളികൾ" (Young Christian Workers) എന്ന സംഘടനയുടെ സ്ഥാപകനായ മോൺ. ജോസഫ് കാർഡിജിൻ ദക്ഷിണജർമ്മനിയിൽ ട്രയർ എന്ന സ്ഥലത്തു നടന്ന ഒരു പൊതുയോഗത്തിൽ ഇപ്രകാരം പ്രസംഗിച്ചു:- "സാമൂഹികമായ തത്വപ്രബോധനംകൊണ്ടുമാത്രം കാര്യമായില്ല. തൊഴിലാളികളുടെ ഇടയിലുള്ള ശരിയായ സാമൂഹികപ്രവർത്തനം അത്രത്തോളംതന്നെയെങ്കിലും അവശ്യാവശ്യമാണു്. ഇതിനു പ്രേഷിതരെ ആവശ്യമായിരിക്കുന്നു. തിരുസഭയുടെ സഹായത്തോടുകൂടി അവർ പരിശീലിപ്പിക്കപ്പെടുകയുംവേണം. സെമിനാരികൾ കൂടാതെ വൈദികരുണ്ടാകാത്തതുപോലെയും, നൊവിഷിയേററില്ലാതെ സന്യാസികളുണ്ടാകാത്തതുപോലെയും കത്തോലിക്കാതൊഴിലാളിപ്രസ്ഥാനത്തിൽ ശരിയായ ശിക്ഷണം നൽകാതെ തൊഴിലാളികൾക്കുവേണ്ടിയുള്ള പ്രേഷിതരുണ്ടാകുന്നതല്ല. കഴിഞ്ഞ നൂറുകൊല്ലത്തിനിടയിൽ വാണിട്ടുള്ള മാർപ്പാപ്പാമാരെല്ലാം വീണ്ടും വീണ്ടും ചൂണ്ടിക്കാണിച്ചിട്ടുള്ള ഒരു വസ്തുതയാണു് തൊഴിലാളികളുടെ പ്രശ്നം മനുഷ്യോചിതമായ രീതിയിലുള്ള ഒരു സമാധാനം ആവശ്യപ്പെടുന്നു എന്നുള്ളതു്. സഭ ഈ സമാധാനം പ്രദാനം ചെയ്യുന്നില്ല എങ്കിൽ അവസാനം തൊഴിലാളികൾ സഭയ്ക്കു നഷ്ടപ്പെടുന്നതാണു്." ജർമ്മനിയിൽ പര്യടനം നടത്തിക്കൊണ്ടിരുന്ന മോൺ. കാർഡിജിൻ, ട്രയറിലെ മെത്രാനായ ഓററു് റവ. വെർ അദ്ധ്യക്ഷതവഹിക്കുകയും ലക്സംബർഗ്ഗിലേയും ബെൽജിയത്തിലേയും ദേശീയനേതാക്കന്മാർ സംബന്ധിക്കുകയും ചെയ്തതായ ഒരു മീററിംഗിലാണു് ഈ പ്രസ്താവന നടത്തിയതു്.

## കർദ്ദിനാളിൻെറ അറസ്റ്റ് അന്നു സ്ലലിൻ തടഞ്ഞു!

പോളണ്ടിലെ സെക്യൂരിറ്റി ഓഫീസറായിരുന്ന മി. ജോസഫ് സ്വിയാററ്ലോ എന്ന ദേഹം പ്രസ്താവിച്ചതായി മ്യൂനിച്ചിലുള്ള സ്വതന്ത്ര്യയൂറോപ്യൻ റേഡിയോ ഇപ്രകാരം പ്രഖ്യാപിച്ചു. പോളണ്ടിലെ പ്രൈമേററായ അത്യുന്നത കർദ്ദിനാൾ വിഷിൻസ്കിയെ ഒരിക്കൽ അറസ്റ്റുചെയ്യുന്നതിനു അന്നത്തെ പ്രസിഡൻറായിരുന്ന ബൊളെസ്ലാവു് ബ്യൂറട്ടു് തീരുമാനിച്ചു. സഭയെ നശിപ്പിക്കുന്നതിനു പററിയ ഒരവസരമായിരിക്കും അതെന്നാണു അദ്ദേഹം വിചാരിച്ചതു്. എന്നാൽ ബുദ്ധിമാനായ സ്ലലിൻ ഇതറിഞ്ഞു് ആ ഉദ്യമത്തെ തടയുകയും അതിനുള്ള സമയം ഇനിയും സമാഗതമായിട്ടില്ല എന്നുപദേശിക്കുകയും ചെയ്തു. സ്ലലിൻെറ മരണാശേഷമാണു് പ്രസിഡൻറു് കർദ്ദിനാളിനെ അറസ്റ്റുചെയ്യിച്ചതു്.

## മി. മലങ്കോവിനെ ഒരു വൈദികൻ സന്ദർശിച്ചു

മോസ്കോയിലുള്ള വിദേശികളുടെ കോളനിയുടെ കത്തോലിക്കാചാപ്ലെയിനായ ഫാദർ ജോർജസ് ബിസ്സോണെററു് കഴിഞ്ഞ മാസത്തിൽ സോവ്യററു് പ്രധാനമന്ത്രിയായ മി. മലങ്കോവിനെ സന്ദർശിക്കുകയുണ്ടായി. മി. മലങ്കോവു് യുഗോസ്ലാവു് എംബസിയിൽവച്ചു നടന്ന ദേശീയദിനാഘോഷത്തിൽ സംബന്ധിക്കുകയായിരുന്നു. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഒന്നാമത്തെ സിക്രട്ടറിയായ മി. നികിഷിയ ക്രൂഷ്ച്ചേവു് നേരത്തെതന്നെ ഫാദർ ജോർജസുമായി പരിചയപ്പെടുകയും പിന്നീടു് അദ്ദേഹത്തെ മലങ്കോവിനു പരിചയപ്പെടുത്തുകയുമാണു ചെയ്തതു്. "ഇദ്ദേഹം ഒരു നല്ല സന്തോഷവാനായ മനുഷ്യനാണു്" എന്നു പറഞ്ഞാണു അദ്ദേഹത്തെ പ്രധാനമന്ത്രിക്കു പരിചയപ്പെടുത്തിയതു്.

സിക്രട്ടറി നേരത്തെ ഫാദർ ജോർജസിനെ കണ്ടയുടനെ ചിരിച്ചുകൊണ്ടു പറഞ്ഞു:-"നിങ്ങളെ കാണാനിടയായതിൽ എനിക്കു തീയായ സന്തോഷമുണ്ടു്."

മറുപടിയായി ഫാദർ ജോർജസ് പറഞ്ഞു, ഇയ്യിടെ സോവ്യററു് യൂണിയനിലുള്ള പ്രക്ഷോഭണക്കാരോടു പള്ളിയിൽ പോകുന്നവരെ തടസ്സപ്പെടുത്തുകയും നിന്ദിക്കുകയും ചെയ്യരുതെന്നു സെൻട്രൽ കമ്മിററി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവു നേരായമാർഗ്ഗത്തിലുള്ള ഒരു കാൽവയ്പാണെന്നു്.

"മനസ്സാക്ഷിസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും സ്ഥാപിക്കപ്പെടണമെന്നാണു് എൻെറ എപ്പോഴുമുള്ള ആദർശം" എന്നായിരുന്നു സിക്രട്ടറിയുടെ മറുപടി.

"സോവ്യററു് യൂണിയനിലുള്ള എല്ലാ ജാതികളേയും മതവിഭാഗങ്ങളേയും ഒന്നാക്കുന്നതിനും അവയെ എല്ലാം ഒരു മൂശയിൽ വാർത്തെടുക്കുന്നതിനുമുള്ള സംരംഭം പരമാബദ്ധമാണെന്നാണു്" തൻെറ വിശ്വാസമെന്നു ഫാദർ അദ്ദേഹത്തോടു പറയുകയുംചെയ്തു. ഇതിനുശേഷമാണു് മലങ്കോവുമായുള്ള സന്ദർശനം നടന്നതു്.

## ഒന്നാമത്തെ ജാപ്പനീസ് ആബട്ടു്

ടൊബെററു് സുവിലുള്ള ട്രാപ്പിസ്റ്റു് ആശ്രമത്തിലെ ഫാദർ അലെക്സിസ് നോഡാ എന്ന സന്യാസിയെ ഒരു ആബട്ടായി നിയമിച്ചിരിക്കുന്നു. അദ്ദേഹമാണു് ഒന്നാമത്തെ ജാപ്പനീസ് ആബട്ടു്. സപ്പോറോ എന്ന സ്ഥലത്തു ജനിച്ച അദ്ദേഹത്തിനു ഇപ്പോൾ 55 വയസ്സുപ്രായമുണ്ടു്. അദ്ദേഹത്തിൻെറ സഹോദരൻ ഫാദർ ജോൺ നോഡാ നിഗാററാ എന്ന സ്ഥലത്തെ പ്രിഫെക്ട് അപ്പസ്തോലിക്കായാണു്.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 || ERNAKULAM, DECEMBER 29 || No. 19


## അച്ചടക്കവും മതബോധവും

ഈ മാസത്തിന്റെ ആദ്യവാരത്തിൽ ബോംബെയിൽവച്ചു നടത്തപ്പെട്ട മരിയൻ കോൺഗ്രസ് ഭാരതീയലക്ഷങ്ങൾക്കു കത്തോലിക്കാസഭയുടെ അംഗങ്ങളിൽ പ്രത്യക്ഷമാകുന്ന അച്ചടക്കബോധത്തേയും ഭക്തിചൈതന്യത്തേയുംകുറിച്ചു ഒരു പുതിയ ദൃഷ്ടാന്തം പ്രദാനം ചെയ്തു എന്നുള്ളതു പരക്കെ സമ്മതിക്കപ്പെടുന്ന ഒരു വസ്തുതയാണ്. പല ഇന്ത്യൻപത്രങ്ങളും ഇതേപ്പററി മുക്തകണ്ഠം പ്രശംസിച്ചു കഴിഞ്ഞിട്ടുണ്ട്. ടൈംസ് ഓഫ് ഇന്ത്യാ എന്ന പത്രത്തിൽ ഈ പ്രകാരം റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു: "കഴിഞ്ഞ ആഴ്ചയിൽ ബോംബെ നഗരത്തിന്റെ ശ്രദ്ധയെ കേന്ദ്രീകരിച്ച മരിയൻ കോൺഗ്രസ്, അച്ചടക്കത്തിന്റേയും മതഭക്തിയുടേയും ഒരു പ്രദർശനമെന്ന നിലയിൽ സമാകർഷകവും മുൻചരിത്രങ്ങളെ അതിലംഘിക്കുന്നതുമായിരുന്നു. ഇതിന്റെ പ്രശംസ അധികവും ഇന്ത്യയുടെ പ്രഥമകർദ്ദിനാളിനു തന്നെ ചെല്ലേണ്ടതാണ്. അദ്ദേഹം നേരിട്ടുതന്നെ, എല്ലാം കാര്യങ്ങളും നിശ്ചിതപ്ലാനനുസരിച്ചു നടത്തുന്നതിനു ബദ്ധശ്രദ്ധനായിരുന്നു. ഒരുവിധത്തിൽ പറഞ്ഞാൽ, ജനസഞ്ചയം കാര്യപരിപാടിയിലെ വിവിധചടങ്ങുകൾ നിർവ്വഹിക്കുന്നതിൽ, കർദ്ദിനാളിൽ പ്രദർശിപ്പിക്കുന്ന ഭക്തി, അച്ചടക്കം എന്ന രണ്ടു ഗുണവിശേഷങ്ങളെ പ്രതിഫലിപ്പിക്കുകയും തദ്വാരാ അവരുടെ നേതാവിനെ അനുകരിക്കുകയുമാണു് ചെയ്തതു്" ബോംബെ ക്രോണിക്കിൾ പത്രം ഈ പ്രകാരം രേഖപ്പെടുത്തി:- "എല്ലാവരും പൊതുവെ സാക്ഷ്യംവഹിച്ച ഒരു വസ്തുതയായിരുന്നു, ജനക്കൂട്ടം പാലിച്ചുപോന്ന പരിപൂർണ്ണമായ അച്ചടക്കബോധം. അവർ ഒരു മതകർമ്മത്തിൽ പങ്കെടുക്കുകയാണെന്നുള്ള അവബോധം ഒരിക്കലും കൈവെടിയുകയുണ്ടായില്ല. തമാശയുടെ കണികപോലും കാണാനില്ലായിരുന്നു. ആഘോഷങ്ങളുടെ മാററു കുറയുന്ന അവസരങ്ങളിൽ സാധാരണ പ്രത്യക്ഷപ്പെടാറുള്ള സംസാരവും അച്ചടക്കരാഹിത്യവുംപോലും അവിടെ ദൃശ്യമായിരുന്നില്ല. വെറും ദർശകരെന്ന നിലയിലല്ല ജനത അതിൽ പങ്കെടുത്തതു്, പ്രത്യുത പ്രവർത്തനോന്മുഖമായ ഒരു ഭാഗഭാഗിത്വം വഹിക്കുന്ന പ്രതീതിയാണു് അവർക്കുണ്ടായിരുന്നതു്." ദി ഫ്രീ പ്രസ്സ് ജർണൽ പത്രം പറഞ്ഞു:- "ഞായറാഴ്ച വൈകുന്നേരം പതിനഞ്ചുപേർ നിരന്ന അണികളിലായി അനേകായിരം റോമൻ കത്തോലിക്കർ തെരുവീഥികളിലൂടെ ഘോഷയാത്ര നടത്തിയപ്പോഴും, അഞ്ചുദിവസം ദീർഘിച്ച മരിയൻ കോൺഗ്രസ്സിന്റെ ആസാദ് മൈതാനത്തിലെ തിരുക്കർമ്മങ്ങളിൽ അനേകായിരങ്ങൾ സംബന്ധിച്ചിരുന്നപ്പോഴും ഒരു പോലീസ് സഹായം ആവശ്യമാകത്തക്ക ഏററം നിസ്സാരമായ ഒരു സംഭവംപോലും ഉണ്ടായില്ല; യഥാർത്ഥത്തിൽ പോലീസ് അവിടെ അനാവശ്യമായിരുന്നു. സ്ത്രീപുരുഷഭേദമെന്യേ എല്ലാവരേയും ആഭ്യന്തരമായ ഗാംഭീര്യത്തോടൊപ്പം ബാഹ്യമായ അച്ചടക്കബോധത്തേയും മതം പഠിപ്പിക്കുന്നില്ലെങ്കിൽ, അതു ശരിയായ മതമല്ല."

കത്തോലിക്കാ മതബോധത്തിൽനിന്നും പരിശീലനത്തിൽനിന്നും സംജാതമാകുന്ന അച്ചടക്കത്തിന്റെ പ്രകടലക്ഷ്യമാണു് ബോംബെയിൽ ദർശിച്ചതു്. അതു ജാതിമതഭേദമെന്യേ എല്ലാം മനുഷ്യഹൃദയങ്ങളേയും ആകർഷിച്ചു എന്നതു വെറും സ്വാഭാവികമാണു്. നന്മയും ക്രമവും എവിടെ കണ്ടാലും, ദുരുപദിഷ്ടവും ദുഷ്ടവുമല്ലാത്ത മനുഷ്യമനസ്സു അതിൽ ആനന്ദിക്കുകയും അതിനെ വിലമതിക്കുകയും ചെയ്യാതിരിക്കുകയില്ല. ഈ ആശയാഭിപ്രായങ്ങളാണു് ബോംബെ കോൺഗ്രസ്സിൽ സംബന്ധിച്ച കത്തോലിക്കരുടെ പെരുമാററത്തെക്കുറിച്ചു കാഴ്ചക്കാരിൽ സംജാതമാവുകയും പൊതുജീവികളും പൊതുജനങ്ങളും ഏററുപറയുകയും ചെയ്തതു്. കത്തോലിക്കാസഭ എപ്പോഴും മതചൈതന്യത്തേയും അച്ചടക്കപാലനത്തേയും അത്യധികം വിലമതിക്കുകയും അതിന്റെ സമ്പാദനത്തിനുവേണ്ടി ശ്രദ്ധാപൂർവ്വം പരിയത്നിക്കുകയും ചെയ്യുന്നുണ്ടു്.

### സഭയുടെ പരിശീലനം

കത്തോലിക്കാസഭയുടെ പ്രവർത്തനങ്ങളെപ്പററി, പ്രത്യേകിച്ചു് മിഷനറി പ്രവർത്തനങ്ങളെപ്പററി അടിസ്ഥാനരഹിതവും ദുരുപദിഷ്ടവുമായ നിരവധി ആരോപണങ്ങൾ ഉന്നയിക്കപ്പെടുന്ന ഇക്കാലത്തു മാനവസമുദായത്തിന്റെ ഉത്തമതാല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുകയും അവയെ പ്രായോഗികമാക്കുന്നതിനു അക്ഷീണം പരിശ്രമിക്കുകയും ചെയ്തുപോരുന്ന കത്തോലിക്കാസഭയുടെ സേവനത്തെ അതിന്റെ മുഖവിലയ്ക്കു മനസ്സിലാക്കുവാൻ ഇതരന്മാർ തയ്യാറായിരിക്കുന്നുണ്ടു്. വിദേശമിഷനറിമാരാകട്ടെ, സ്വദേശവൈദികന്മാരാകട്ടെ ഓരോ ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലും അനുസ്യൂതം ആജീവനാന്തം അനുഷ്ഠിച്ചുപോരുന്ന സേവനം അവിടെയുള്ള മാനവസഹോദരങ്ങളെ അവരുടെ സാമൂഹികമായ ഉച്ചനീചത്വങ്ങളെ പരിഗണിക്കാതെ ദൈവവിശ്വാസവും മതബോധവുമുള്ളവരാക്കുന്നതിനും, ഉത്തമമായ സദാചാരജീവിതം നയിക്കുന്നതിനു പ്രാപ്തരാക്കുന്നതിനുമാണു്. അതിനുവേണ്ടിയാണു് അവർ വിദ്യാലയങ്ങളും മററു പരിശീലനകേന്ദ്രങ്ങളുംവളരെ ധനവ്യയംസഹിച്ചു സ്ഥാപിച്ചുനടത്തുന്നതു്. കുട്ടികളെ പ്രത്യേകിച്ചു് അച്ചടക്കബോധവും മതവിശ്വാസവുമുള്ളവരാക്കി വളർത്തിയെങ്കിൽ മാത്രമേ ഇതു വിജയപ്രദമാവുകയുള്ളൂ. കത്തോലിക്കാ ആദർശമനുസരിച്ചുള്ള ഒരു പരിശീലനത്തിന്റെ പ്രത്യേകത ഇതാണു്. കത്തോലിക്കർ ഏതേതു രാജ്യങ്ങളിൽനിന്നു വരുന്നവരായാലും, ഏതേതു ഭാഷക്കാരോ വർഗ്ഗക്കാരോ ആയിരുന്നാലും അവർക്കെല്ലാം ഒത്തൊരുമിച്ചു ഏകമനസ്സോടും ചിട്ടയോടുംകൂടി ഓരോ പരിപാടികൾ നിർവ്വഹിക്കുന്നതിനുള്ള കഴിവു ഈ പരിശീലനത്തിന്റെ ഫലമായി ലഭിക്കുന്നതാണു്. അതിന്റെ ഒരു പ്രകടനമായിരുന്നു ഭാരതത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഭാരതത്തിനു പുറത്തുനിന്നും മരിയൻകോൺഗ്രസ്സു പ്രമാണിച്ചു ബോംബെയിൽ തടിച്ചുകൂടിയ ജനലക്ഷങ്ങളിൽ ദൃശ്യമായ അച്ചടക്കബോധം. മതബോധത്തിനും മതഭക്തിക്കും അതിൽ അതിമഹത്തായ ഒരു പങ്കുണ്ടായിരുന്നുവെന്നും നാമനുസ്മരിക്കണം. മതചൈതന്യത്തോടുകൂടിയ ഒരു മനോഭാവത്തിനു മാത്രമേ അച്ചടക്കപാലനത്തിന്റെ ഉന്നതാദർശങ്ങളെ പ്രകടമാക്കുന്നതിനു സാധ്യമാവുകയുള്ളു. അച്ചടക്കത്തെ നിയന്ത്രിക്കുന്ന പല ഉപാധികളുണ്ടെങ്കിലും മതചൈതന്യത്തിൽനിന്നുളവാകുന്ന മനോഹാരിതം വേറൊന്നിനും സംഭാവനചെയ്യുവാൻ സാധ്യമല്ല അതു മനുഷ്യപ്രകൃതമാണു്. മനുഷ്യനിൽ ദൈവത്തോടുള്ള ഭക്തിനിർഭരമായ ഒരു മനോഭാവം ജന്മസിദ്ധവും അതിന്റെ പ്രയോഗം ആനന്ദദായകവും, ഉത്തേജകവുമാണു്. ഒരു വ്യക്തിയുടെ പരിശീലനത്തിൽ ദൈവവിശ്വാസവും മതബോധവും അപരിത്യാജ്യമാണെന്നുള്ളതിന്റെ അടിസ്ഥാനവും ഇതല്ലാതെ മറൊന്നല്ല.

### വിദ്യാലയത്തിലെ മതബോധനം

ഇത്തരുണത്തിൽ ഒരുകാര്യം ശ്രദ്ധേയമായി തോന്നുന്നു. മതവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പററിയും വിദ്യാലയങ്ങളിൽ മതബോധനം കുട്ടികൾക്കു നൽകേണ്ടതിന്റെ അനിവാര്യതയെപ്പററിയും കത്തോലിക്കാസഭ ശഠിക്കുമ്പോൾ പലർക്കും അതു ഹാസ്യവിക്ഷണമായോ മർക്കടമുഷ്ടിയായോ ഒക്കെ തോന്നാറുണ്ട്. മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള ചിരന്തനപരിചയംകൊണ്ടും വിദ്യാഭ്യാസരംഗത്തുള്ള നൂററാണ്ടുകളുടെ അനുഭവംകൊണ്ടുമാണു് തിരുസഭ ഈദൃശ ആദർശങ്ങളെ മുറുകെ പിടിക്കുന്നതെന്നു മനസ്സിലാക്കാത്തതാണു് അതിനു കാരണം. ഒരു മനുഷ്യന്റെ പരിശീലനവും സംസ്കാരവും അവന്റെ വ്യക്തിത്വത്തിനു അനുഗുണമായ വിധത്തിൽ നിർവ്വഹിക്കപ്പെട്ടെങ്കിൽ മാത്രമേ അതു സഫലവും ആദർശസമന്വിതവുമാവുകയുള്ളൂ. മൗലികമായ തത്വങ്ങളെ അവഗണിച്ചുകൊണ്ടും പാക്ഷികമായ ലക്ഷ്യങ്ങൾ നേടുന്നതിനുദ്ദേശിച്ചുകൊണ്ടുമുള്ള പ്രവർത്തനങ്ങൾ ഈക്കാര്യത്തിൽ പരിതാപകരമാംവിധം പരാജയപ്പെടുക മാത്രമേ ചെയ്യുകയുള്ളൂ. അതുകൊണ്ടു് പ്രശംസനീയമായ ഒരച്ചടക്കബോധം നമ്മുടെ ഭാവിതലമുറയിൽ നിലനിന്നുകാണുവാൻ ആത്മാർത്ഥമായി നാമഭിലഷിക്കുന്നുണ്ടെങ്കിൽ നമ്മുടെ വിദ്യാഭ്യാസരംഗത്തു നുഴഞ്ഞുകയറിക്കൊണ്ടിരിക്കുന്ന ശിഥിലീകരണശക്തികളെ പുറന്തള്ളുന്നതിനും അനുസരണവും, അച്ചടക്കവും സുസ്ഥിരമായ അടിത്തറയിന്മേൽ പടുക്കത്തക്കവണ്ണം ബാലമനസ്സുകളിൽ ദൈവവിശ്വാസവും മതബോധവും സന്മാർഗ്ഗനിഷ്ഠയും കൈവളർത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വിദ്യാഭ്യാസപ്രവർത്തകന്മാർ ഏകയോഗമായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. മതബോധനത്തെപ്പററി പറയുമ്പോൾ ഭാരതം മതേതരരാഷ്ട്രമാണെന്നും മതകാര്യത്തിൽ ഇടപെടുക ഗവണ്മെന്റിന്റെ നയമല്ലെന്നും മററും അധികാരസ്ഥാനങ്ങളിൽനിന്നുള്ള ചില പ്രതിവാദങ്ങളുടെ സ്വരം പൊന്തിവന്നേക്കാം. നമ്മുടെ രാഷ്ട്രത്തിന്റെ മതേതരസംജ്ഞയുടെ അർത്ഥം മനസ്സിലാക്കുകയും മതബോധനത്തെ പ്രായോഗികമാക്കുന്നതിൽ നൽകപ്പെടാവുന്ന നിരവധി സഹകരണമാർഗ്ഗങ്ങളെപ്പററി പരിചിന്തിക്കുകയും ആത്മാർത്ഥതയോടും സദുദ്ദേശത്തോടുംകൂടി പ്രവർത്തിക്കുകയും ചെയ്യുവാണെങ്കിൽ അക്കാര്യത്തിൽ യാതൊരു കുഴഞ്ഞ പ്രശ്നവു നിലവിലില്ല നേരെമറിച്ചു്, നമ്മുടെ ഭാവി പൗരപരമ്പരയെ ശരിയായ ശിക്ഷണത്തിലും മതവിശ്വാസത്തിലും കരുപ്പിടിക്കുന്നതിനുള്ള സുഗമമായ മാർഗ്ഗങ്ങളും അതിൽ പ്രവർത്തിക്കുന്നതിനു സന്നദ്ധതയുമുള്ള അദ്ധ്യാപകവൃന്ദവുമാണു് ജാതിമതഭേദമെന്യേ ഇന്നു നമ്മുടെ ഓരോ വിദ്യാലയങ്ങളിലും ഉള്ളതു്. പ്രായോഗികമായ പദ്ധതികളും ശരിയായ മാർഗ്ഗനിർദ്ദേശവു മാത്രമാണു് ആവശ്യമായിരിക്കുന്നതു്. അതുകൊണ്ടു് ഭാവിതലമുറയുടെ അച്ചടക്കബോധത്തേയും മതവിശ്വാസത്തേയും സുരക്ഷിതമായി കാണുവാൻ കൊതിക്കുന്ന മാതാപിതാക്കന്മാരും, രാഷ്ട്രത്തിന്റെ ഭദ്രതയേയും അന്തസ്സിനേയും പാലിക്കുന്ന പൗരതതിയെ വാർത്തെടുക്കണമെന്നുദ്ദേശിക്കുന്ന ഗവർമ്മെന്റുകളും, അവരുടെ ജീവിതപ്രയത്നങ്ങൾ അദ്ധ്യേതാക്കളിലൂടെ സഫലമായിക്കാണുവാൻ ആഗ്രഹിക്കുന്ന അദ്ധ്യാപകലോകവും ഓരോ വിദ്യാലയത്തിലും ഏററവും ക്രമമായ അച്ചടക്കബോധം പാലിക്കുന്നതിനും അതിനടിസ്ഥാനമായ മതബോധമുള്ള ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉററുശ്രമിക്കട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### തലശ്ശേരിരൂപതയെ സഹായിക്കുക

മലബാറിൽ കുടിയേറിത്താമസിക്കുന്ന നമ്മുടെ സഹോദരന്മാരുടെ ആത്മീയവും സാമൂഹികവുമായ വിവിധാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി പരിശുദ്ധസിംഹാസനത്തിൽനിന്നും സ്ഥാപിച്ചുതന്നിട്ടുള്ള പുതിയ തലശ്ശേരിരൂപതയുടെ സ്ഥിതിഗതികളേയും, അടിയന്തിരാവശ്യങ്ങളെയുംകുറിച്ചു ഈ പംക്തികളിൽ പലപ്പോഴും പരാമർശിച്ചിട്ടുള്ളതാണല്ലോ. അതേപ്പററി സുദീർഘമായ പല ലേഖനങ്ങളും അവിടത്തെ സ്ഥിതിഗതികളെ സംബന്ധിച്ചു പരിചയമുള്ള മഹാനുഭാവന്മാരിൽനിന്നു ഇവിടെ കിട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. പത്രസ്ഥലത്തിന്റെ പരിമിതികൊണ്ടു അവയെ പ്രസിദ്ധപ്പെടുത്താൻ സാധിക്കാത്തതാണു്. അതുകൊണ്ടു കേരളത്തിലെ ഓരോ കത്തോലിക്കനും തലശ്ശേരിരൂപതയെപ്പററി അനുസ്മരിക്കണമെന്നും അവരുടെ കഴിവനുസരിച്ചുള്ള സഹായസഹകരണങ്ങൾ ഉദാരമായി ചെയ്യുന്നതിനും വീണ്ടും ഞങ്ങൾ അഭ്യർത്ഥിച്ചുകൊള്ളട്ടെ.

ഡിസംബർ 26-ാം-നു ഞായറാഴ്ച തലശ്ശേരിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാ റൈററ് റവ. മോൺ സെബാസ്ത്യൻ വള്ളോപ്പിള്ളി അവർകൾ എറണാകുളത്തെത്തി രൂപതയുടെ സഹായാർത്ഥം ധനശേഖരണം നടത്തുന്നതിനു കേരളത്തിൽ ഒരു പര്യടനം നടത്തുന്നുണ്ടു്. അദ്ദേഹത്തെ യഥാവിധി സഹായിക്കുന്നതിനു ദേശീയാടിസ്ഥാനത്തിലോ ഇടവകാടിസ്ഥാനത്തിലോ ഓരോ സംഘടനകൾ മുൻനിന്നോ എല്ലാവരും സഹകരിച്ചു പിരിവുകൾ നടത്തി ഉചിതമായ ഒരു തുക ഈ അവസരത്തിൽ സംഭാവനചെയ്യുന്നതു സ്തുത്യർഹമായിരിക്കുമെന്നും അതു നമ്മുടെ കർത്തവ്യകർമ്മമാണെന്നും ശക്തിയുക്തം ഞങ്ങൾ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

* * *

### ചൈനീസ് കത്തോലിക്കരോട് മാർപ്പാപ്പായുടെ ആഹ്വാനം

ചൈനയിൽ കത്തോലിക്കാസഭ നിരന്തരവും ഭയങ്കരവുമായ പീഡനം കമ്മ്യൂണിസ്റ്റു മേധാവിത്വത്തിൽ സഹിച്ചുകൊണ്ടിരിക്കുകയാണല്ലോ. 35 ലക്ഷത്തോളം വരുന്ന കത്തോലിക്കരിൽ വലിയൊരുഭാഗം അവരുടെ മതപരമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു വൈദികരില്ലാതെ വിഷമിക്കുകയാണു്. അവിടെ 2698 ചൈനീസ് വൈദികരാണു് ആദ്യമുണ്ടായിരുന്നതു്. അതിൽ 200-ൽ പരം വൈദികർ വധിക്കപ്പെടുകയോ മർദ്ദനങ്ങൾമൂലം മൃതിയടയുകയോ ചെയ്തിട്ടുണ്ടു് 300-ൽപരം വൈദികർ ജയിലുകളിലോ അസ്വാതന്ത്ര്യമായ പോലീസ് നിയന്ത്രണത്തിലോ ആണു്. പല വൈദികരും ഓരോ കാരണങ്ങളാൽ ഒളിവിൽ കഴിഞ്ഞുകൂടുകയും ചെയ്യുന്നു. വത്തിക്കാനിൽനിന്നു ലഭിച്ചിട്ടുള്ള കണക്കുകളിൽ കാണുന്നതു് ആർച്ചുബിഷപ്പന്മാരും ബിഷപ്പന്മാരുമായി 5 പേർ മരണമടയുകയോ കാരാഗൃഹത്തിലടയ്ക്കപ്പെടുകയോ ചെയ്യപ്പെട്ടിട്ടുണ്ടെന്നും 49 പേർ നാടുകടത്തപ്പെട്ടിട്ടുണ്ടെന്നുമാണു്. കത്തോലിക്കരുടെവക 3 സർവ്വകലാശാലകളും 1720 സ്കൂളുകളും 216 ആസ്പത്രികളും 781 ഡിസ്പെൻസറികളും 254 അനാഥശാലകളും കമ്മ്യൂണിസ്റ്റു ഗവമ്മെന്റു അവിടെ കണ്ടുകെട്ടിയിട്ടുണ്ടു്.

---


സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യക്കുപുറമെ " 8—12—0


---


മററു പല കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലും ചെയ്യുന്നതുപോലെ കത്തോലിക്കരെ കബളിപ്പിക്കുന്നതിനു "സ്വതന്ത്രസഭ" സ്ഥാപിക്കുന്നതിനു അവിടെയും പരിശ്രമം നടന്നുവരുന്നു. "ചൈനീസ് നാഷനൽ കാത്തലിക് ചർച്ച്" എന്ന പേരിൽ ഒരു സഭ സ്ഥാപിക്കുന്നതിനുള്ള ശ്രമത്തെ സർവ്വശക്തിയോടുംകൂടി എതിർക്കുവാൻ പരിശുദ്ധ മാർപ്പാപ്പാ ഈയിടെ ഒരു ചാക്രികലേഖനംവഴി ചൈനീസ് കത്തോലിക്കരെ ഉൽബോധിപ്പിച്ചിരിക്കുന്നു. ഒരു സംഘർഷണമുണ്ടായാൽ രണ്ടു യജമാനന്മാരെ സേവിക്കുക അസാദ്ധ്യമാകുന്നു അവിടുന്നു സ്പഷ്ടമായി അനുസ്മരിപ്പിച്ചുകൊണ്ടു ഇപ്രകാരം തുടരുന്നു, "ദിവ്യരക്ഷകനോടു വിശ്വസ്തതയോടുകൂടി വർത്തിക്കുവാനാഗ്രഹിക്കുന്ന ഏതൊരുവനും ചിലപ്പോൾ മരണംവരെയും ഗുരുതരമായ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവരും. അവയെ ധീരമായും പ്രശാന്തമായും പ്രസന്നമായ ഒരു ചൈതന്യപ്രകർഷത്തോടുകൂടി അഭിമുഖീകരിക്കേണ്ടതാണു്. ഭീരുത്വംമൂലമോ അവസരസേവകൊണ്ടോ തങ്ങളുടെ ക്രൈസ്തവവിശ്വാസം വെടിയുവാനിടയായിട്ടുള്ളവർ തിരുസഭയുടെ മടിയിലേക്കു പ്രത്യാഗമിക്കുവാൻ നാം ആഹ്വാനംചെയ്യുന്നു. തങ്ങൾ കൈക്കൊണ്ടിരിക്കുന്ന കർത്തവ്യത്തിൽ പതറാതെ സുധീരം നിലകൊള്ളുന്നവരെ നാം ഹൃദയപൂർവ്വം അനുമോദിച്ചുകൊള്ളുന്നു." എന്നാണു് പ്രസ്തുത ചാക്രി

കരലഖനത്തിൽ പ്രസ്താവിച്ചിട്ടുള്ളത്.

* * *

## മാർഷൽ ടിറ്റോ ഇന്ത്യാ സന്ദർശിക്കുന്നു

യൂഗോസ്ലാവിയായിലെ പ്രസിഡണ്ടായ മാർഷൽ ടിറ്റോ ഇന്ത്യാ ഗവൺമെണ്ടിന്റെ അതിഥിയായി ഇപ്പോൾ ഇന്ത്യാ സന്ദർശിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഇന്ത്യയിൽ അദ്ദേഹത്തിനു ഹാർദ്ദമായ ഒരു സ്വീകരണം ലഭിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ ഗവൺമെണ്ടു ഘടകങ്ങൾ വളരെ മുമ്പുമുതലേ അദ്ദേഹത്തിന്റെ ഭരണപാടവത്തേയും യൂഗോസ്ലാവിയായിലെ സുഭഗതയേയും സംബന്ധിച്ച പ്രചാരണറിപ്പോർട്ടുകൾ എവിടെയും പ്രസിദ്ധീകരിക്കുന്നതിൽ ബദ്ധശ്രദ്ധമായിരിക്കുകയാണ്. ഈ കമ്മ്യൂണിസ്റ്റുടവിന്റെ മുമ്പിൽ കണ്ണഞ്ചി നമ്മുടെ ഭാരതീയ പ്രസിദ്ധീകരണങ്ങളും അതേരൂപാട്ടുന്നതിനു തുടങ്ങിയിട്ടുണ്ട്. യൂഗോസ്ലാവിയായിൽ പൊതുവേയും കത്തോലിക്കർ കൂടുതലായി തിങ്ങിപ്പാർക്കുന്ന ക്രോയേഷ്യാ സ്ലോവനിയാ എന്നീ പ്രോവിൻസുകളിൽ പ്രത്യേകി-



Thanksgiving for favours received. Joseph Manadan Karinganthuruth

ച്ചും മതമർദ്ദനപരിപാടികൾ യാതൊരയവും കൂടാതെ തുടർന്നുകൊണ്ടിരിക്കുകയാണെന്നുള്ള വസ്തുതയെ വിശദമാക്കുന്ന, ഒരു അയർലണ്ടുകാരനായ പത്രപ്രവർത്തകന്റെ റിപ്പോർട്ടു ഈ അഴ്ചത്തെ ന്യൂ ലീഡർ പത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ ഇപ്രകാരം പ്രസ്താവിക്കുന്നു:- യൂഗോസ്ലാവിയായിലെ കമ്മ്യൂണിസ്റ്റു ഭരണം അവിടത്തെ ഹയരാർക്കിക്കും വൈദികർക്കും അൽമായർക്കുമെതിരായി ഒരു പുതിയ സമരം ആരംഭിച്ചിരിക്കുകയാണ്. "സഭയെ ഏറെക്കുറെയായി അമർത്തണം" എന്നുള്ളതാണ് അതിന്റെ ലക്ഷ്യം. ഒരു കമ്മ്യൂണിസ്റ്റ് ഉദ്യോഗസ്ഥന്റെ പ്രസ്താവനയിൽനിന്നു യൂഗോസ്ലാവിയായിലെ മതപരമായ സാഹചര്യങ്ങളെപ്പററി കൂടുതൽ അറിവുകൾ ലഭിക്കാൻ സാധിച്ചിരിക്കുന്നു. കഴിഞ്ഞകൊല്ലം 101 വൈദികരെ തടവിൽനിന്നു മോചിപ്പിച്ചുവെങ്കിലും 158 പേരോളം ഇപ്പോഴും തടവുശി-

# വി. പത്താം പീയൂസിന്റെ അതിമനോഹരമായ ത്രിവർണ്ണചിത്രം

സൈസ് $13\frac{1}{2}$ ഇഞ്ച് × 9 ഇഞ്ച്—നല്ല ആർട്ടുപേപ്പർ—ഒന്നിനു 4 അണ—

10.ൽ കൂടുതലിനു $\frac{1}{4}$ കമ്മീഷൻ.

## മാർ ളൂയീസ് മെമ്മോറിയൽ പ്രസ്

ബ്രോഡ്‌വേ, എറണാകുളം-1.

ക്ഷ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ യഥാർത്ഥത്തിലുള്ള സംഖ്യ ഇതിൽ വളരെ വലുതായിരിക്കുമെന്നാണ് വിശ്വസിക്കപ്പെടുന്നത്.

മതപരമായ ഒരു ഗവൺമെണ്ടു കമ്മീഷന്റെ മേധാവി ഡോബ്രിവോജ് റഡോസാവ്ജെവിക്ക് പറഞ്ഞത്; ടിറ്റോ ഗവൺമെണ്ടു 124 കത്തോലിക്കാവൈദികരേയും, 32 ഓർത്തഡോക്സ് ശ്ലീഹസഭാവൈദികരേയും രണ്ടു പ്രോട്ടസ്റ്റൻറു വൈദികരേയും ഇപ്പോൾ തടവിൽ പാർപ്പിച്ചിരിക്കുന്നു എന്നാണ്. കഴിഞ്ഞ കൊല്ലം 101 വൈദികരെ മോചിച്ചു അവരിൽ 83 പേരെ "അനുഗ്രഹ"ത്തിന്റെ പേരിലാണ് വിട്ടത്. എന്നാൽ ഈക്കൊല്ലം മൊൺടെനേഗ്രോവിൽ 4 ഓർത്തഡോക്സ് വൈദികരേയും ഫിയൂമിൽ 2 കത്തോലിക്കാ വൈദികരേയും തടവുശിക്ഷയ്ക്കു വിധിച്ചു. കത്തോലിക്കാവൈദികർ ഗവൺമെണ്ടിന്റെ അധീനതയിലുള്ള വൈദികസംഘത്തിൽ ചേരുന്നതിനെ നിരോധിച്ചുകൊണ്ടുള്ള വൈദികാദ്ധ്യക്ഷന്റെ നിർദ്ദേശങ്ങൾ പ്രചരിപ്പിച്ചു എന്നു "കുററം" ചുമത്തിയാണ് ശിക്ഷിക്കപ്പെട്ടത്, എന്നും അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി. സന്യാസികളും കന്യാസ്ത്രീകളും എത്രപേർ കാരാഗൃഹത്തിലുണ്ടെന്നു വെളിപ്പെടുത്തുവാൻ അദ്ദേഹം കൂട്ടാക്കിയില്ല. അതുപോലെതന്നെ തൊഴിൽക്യാമ്പുകളിൽ ഏല്പിക്കപ്പെട്ടിട്ടുള്ള വൈദികരുടെയും അവരുടെ വൈദികകർമ്മങ്ങൾ നടത്തുന്നതിനു നിരോധിക്കപ്പെട്ടിട്ടുള്ള വൈദികരുടെയും ശരിയായ സംഖ്യയെപ്പററിയുള്ള റിപ്പോർട്ടുകളെപ്പററി ചോദ്യം ചെയ്തപ്പോഴും അദ്ദേഹം മൗനമവലംബിക്കുകയാണു ചെയ്തത്. മതം അവിടെ മറഞ്ഞുകൊണ്ടിരിക്കുന്ന ഒരു ചരിത്രസംഭവമാണെന്നും സാധാരണഗതിയിൽ അതു നാമാവശേഷമാകുമെന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായം അദ്ദേഹം തുറന്നുസമ്മതിച്ചു. അടുത്തകാലത്തു സ്ലോവനിയായുടെ തലസ്ഥാനമായ ജൂബ്ലജാനായിൽ നടന്ന ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി കോൺഗ്രസ്സിൽ പാർട്ടിയിലെ ഒരു നേതാവായ മിഹാ മരിങ്കാ സഭയെ എന്നേക്കുമായി തകർക്കുന്നതിനുപററിയ പദ്ധതികൾ നടപ്പാക്കണമെന്നും, ദൈവത്തേയും ക്രിസ്തുവിനേയും കന്യകമറിയത്തേയും സംബന്ധിച്ച വിശ്വാസം ഗ്രാമപ്രദേശങ്ങളിലുള്ള

സ്ലോവൻജനതയുടെ ഹൃദയങ്ങളിൽനിന്നു തുരത്തുന്നതിനു പരിശ്രമിക്കണമെന്നും ആഹ്വാനം ചെയ്തു. സ്ലോവനിയായിലെ ചില ഭാഗങ്ങളിൽ ക്രമമായി മതകർമ്മങ്ങളിൽ സംബന്ധിക്കുന്നവരുടെ എണ്ണം 75 ശതമാനത്തിൽ കൂടുതലായി വർദ്ധിച്ചിരിക്കുന്നതിനാലാണ് കമ്മ്യൂണിസ്റ്റുകൾ ഇപ്പോൾ ഈ വെപ്രാളം കാണിക്കുന്നതെന്നും ഊഹിക്കപ്പെടുന്നു.



എന്റെ ഭാര്യയുടെ രക്തസ്രാവം പല ഡോക്ടറന്മാരും ഉപേക്ഷിച്ചുശേഷം ബ. അൽഫോൻസാമ്മയുടെ സഹായത്താലും. വി. 10-ാം പീയൂസിന്റെ മാദ്ധ്യസ്ഥത്താലും പരിപൂർണ്ണസുഖം പ്രാപിച്ചതിനു കൃതജ്ഞത.

ജോൺ കടുക്കുന്നേൽ

സ്ലോവേനിയായിൽ വിശ്വാസികൾ നടത്തുന്ന മതകർമ്മങ്ങളെ സസൂക്ഷ്മം നിരീക്ഷണം നടത്തുന്നതിനു റിപ്പോർട്ടുകൾ അയപ്പേഴ്പോൾ കന്നുങ്ങളിൽ എതിർക്കുന്നതിനും രാജ്യം മുഴുവനിലും കമ്മ്യൂണിസ്റ്റു മേധാവികൾക്കു പ്രത്യേകം നിർദ്ദേശങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. മതത്തിനെതിരായി പ്രയോഗിക്കപ്പെടുന്നതിനു 5 പദ്ധതികളാണു പ്രത്യേകം ശുപാർശ ചെയ്യപ്പെട്ടിരിക്കുന്നത്. 1 മതവിരുദ്ധമായ പ്രചാരണസംരംഭങ്ങൾ ശക്തിപ്പെടുത്തുക. 2. മെത്രാന്മാരുടെയും വൈദികരുടെയും രഹസ്യജീവിതത്തെ കരിതേച്ചു കാണിക്കുന്ന സിനിമാച്ചിത്രങ്ങൾ സൃഷ്ടിച്ചു പ്രചരിപ്പിക്കുക. 3. ബ്രഹ്മചര്യജീവിതം നയിക്കുന്ന ദേഷ്ടസ്ത്രീകളെ വശത്താക്കി വൈദികരെപ്പററി ചരിത്രങ്ങൾ ഉണ്ടാക്കുക. 4. വൈദികവിദ്യാർത്ഥികളെ സൈനികസേവനത്തിനു നിർബന്ധിക്കുക 5. വൈദികരെ

യോ പള്ളികളേയോ സഹായിക്കുന്ന കർഷകരെ കൂടുതൽ നികുതിചുമത്തി മർദ്ദിക്കുക.

കഴിഞ്ഞ മരിയൻ ജൂബിലിവർഷം പ്രഖ്യാപിതമായതോടുകൂടി യൂഗോസ്ലാവിയായിലെ കത്തോലിക്കാ പ്രോവിൻസുകളിലെല്ലാം മാതാവിന്റെ തീർത്ഥസ്ഥലങ്ങൾക്കും സ്വരൂപങ്ങൾക്കും എതിരായി ഒരു അക്രമപരിപാടി സമാരംഭിക്കപ്പെട്ടു. "ടിറ്റോയുടെ കുട്ടികൾ" എന്നറിയപ്പെടുന്ന കമ്മ്യൂണിസ്റ്റു യുവാക്കന്മാരുടെ ഒരു സംഘടനതന്നെ ഈ മൃഗീയകൃത്യങ്ങൾക്കു തയാറായി രംഗപ്രവേശം ചെയ്തു. അവർക്കു തോക്കുകളും മാരകായുധങ്ങളും പ്രയോഗിക്കുന്നതിനും പരസ്യമായി ദേവാലയങ്ങളേയും മരിയതീർത്ഥങ്ങളേയും കൈയേററം ചെയ്യുന്നതിനും സർവ്വസ്വാതന്ത്ര്യവും നൽകപ്പെട്ടു. യൂഗോസ്ലാവിയായിൽ മതത്തിനെതിരായി നടത്തപ്പെടുന്ന മർദ്ദനത്തിൽ യാതൊരയവും ഇന്നുവരെ ഉണ്ടായിട്ടില്ല എന്നാണ് ഇതിന്റെയെല്ലാം അർത്ഥം. മാർഷൽ ടിറ്റോ സോവ്യററിന്റെ മേധാവിത്വത്തെ എതിർക്കുന്നു എന്നതിൽ എത്രമാത്രം വാസ്തവമുണ്ടായിരുന്നാലും അദ്ദേഹം ഒരു തികഞ്ഞ കമ്മ്യൂണിസ്റ്റാണെന്നും കമ്മ്യൂണിസത്തിന്റെ മതവിരുദ്ധമായ സകല മർദ്ദനമുറകളും അദ്ദേഹത്തിന്റെ ഭരണത്തിൽ യൂഗോസ്ലാവിയായിൽ നടമാടുകയാണെന്നുമാണല്ലോ ഇതിൽനിന്നും വ്യക്തമാകുന്നത്. അതുകൊണ്ടു ടിറ്റോയെ പ്രീണിപ്പിക്കുന്നതിനു രാഷ്ട്രാന്തരസമ്പർക്കങ്ങളിൽ ഏർപ്പെടുന്നതു കമ്മ്യൂണിസത്തിനു പ്രചാരണം കൊടുക്കുന്നതു.

നിഷ്പക്ഷരാജ്യങ്ങളുടെ അത്യന്താപേക്ഷിതമായ കൂട്ടുന്നതുമായ സംരംഭങ്ങളാണെന്നു പൊതുജനങ്ങളും ഭരണാധികാരികളും ഓർത്തിരിക്കേണ്ടതാണ്.

## അടുത്തയാഴ്ചയിൽ

ഡിസംബർ

30 വ്യാ: സബ്‌നൂസും കൂട്ടരും

31 വെ: സിൽവെസ്ത്രോസ്

ജനുവരി

1 ശ: ക്രിസ്തുവിന്റെ ഛേദനാചാരം

2 ഞാ: മക്കാരിയൂസ്

3 തി: ജെനെവീവ്

4 ചൊ: തീത്തൂസ്

5 ബു: ശെമയോൻ

Thanksgiving for favours received through Rev. Sr. Alphonsa.

K. J. P., Kallanikal

## വിനോദവീഥി

ബസ്സിൽ ഒരു കുട്ടി കയറി ഒരു മദാമ്മയുടെ അടുത്തിരുന്നു. അവന്റെ മൂക്കിൽനിന്നു നീരൊലിച്ചുകൊണ്ടിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ ക്ഷമനശിച്ചു മദാമ്മ അവനോടു ചോദിച്ചു: "ഹേ, കുട്ടി, നിന്റെ കൈയിൽ തൂവാലയൊന്നുമില്ലേ?"

കുട്ടി:- ഉവ്വ് മാഡം. പക്ഷെ, അതു മററുള്ളവർക്കു കൊടുക്കുന്നതു മര്യാദയല്ലെന്നാണ് അമ്മ പറഞ്ഞിട്ടുള്ളത്. ഞാൻ തരികയില്ല."

* * *

ഒരു വനപ്രദേശത്തിൽ രണ്ടുപേർ ചുററിനടക്കുകയായിരുന്നു. ഒരാൾ ചോദിച്ചു:- നിങ്ങളെന്താ ഇങ്ങനെ ഈ വിജനപ്രദേശത്തു സഞ്ചരിക്കാമെന്നു വച്ചത്?

രണ്ടാമൻ:- സ്നേഹിതാ പട്ടണത്തിലെ ബഹളം കൊണ്ടു ഞാൻ മുഷിഞ്ഞു. വാഹനങ്ങളുടെ ഇടവിടാതുള്ള ശബ്ദം; കമ്പനികളിലെ ബഹളം, രാത്രിയും പകലും സ്വൈര്യമില്ല കൊച്ചും., നിങ്ങളെന്താ ഇങ്ങനെ പുറപ്പെടാൻ?

ഒന്നാമൻ:- അതു പറയുന്നതു ഭംഗിയല്ല. എങ്കിലും പറയാം. എന്റെ ഭാര്യ അവളുടെ വീട്ടിൽ പോയി മടങ്ങിവന്നിട്ടുണ്ട്.


## സമ്പൽസമൃദ്ധമായ ഒരു നവവത്സരം

ഞങ്ങൾ നിങ്ങൾക്കാശംസിക്കുന്നു.

നിങ്ങൾക്കു മാത്രമല്ല

നമ്മുടെ മാതൃഭൂമിക്ക് പൊതുവേയും.

നിങ്ങളുടെ സഹായവും സഹകരണവും ഈ സ്ഥാപനത്തിനു തുടർന്നു നൽകിക്കൊണ്ടിരിക്കുക.

അതു നിങ്ങളുടെ സാമ്പത്തികസ്ഥിതിയെ മെച്ചമാക്കും,

നമ്മുടെ നാടിന്റെ


വാണിജ്യവ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യും.

നിങ്ങളെ സേവിക്കുവാൻ ഞങ്ങളോടു സഹകരിക്കുക.

## ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

H. O. ആലുവാ

ബ്രാഞ്ചുകൾ: അങ്കമാലി, ചാലക്കുടി, എറണാകുളം, പെരുമ്പാവൂർ

# ജൂബിലി ആഘോഷങ്ങൾ

## റവ. ഫാ. ജോസഫ് പാറേൽ

കുത്തിയതോട്ട് പുത്തൻപള്ളി വികാരി റവ. ഫാദർ ജോസഫ് പാറേൽ അവർകളുടെ പൗരോഹിത്യരജതജൂബിലി പ്രമാണിച്ച് ദൈവസ്തോത്രം ചെയ്യുന്നതിനായി ഡിസംബർ 14-ാം-നു പ്രസ്തുത ദേവാലയത്തിൽവച്ച് പന്ത്രണ്ടുമണിയാരാധന നടത്തുകയുണ്ടായി. ഉച്ചതിരിഞ്ഞ് എറണാകുളം സഹായമെത്രാൻ ഡോ. പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ ദിവ്യകാരുണ്യപ്രദക്ഷിണവും ദിവ്യകാരുണ്യാശീർവാദവും നടന്നു. അനന്തരം റവ. ഡോക്ടർ തോമസ് മൂത്തേടൻ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. ലഞ്ചിനെ തുടർന്ന് വെ. റവ. ഫാ. സക്കറിയാസ് ഒ. സി. ഡി. റവ ഫാദർ ജോസഫ് മേനാച്ചേരി എന്നിവർ ടോസ്റ്റ് പറഞ്ഞു. അനുമോദനങ്ങൾക്കെല്ലാം ജൂബിലേറിയൻ സമുചിതമാംവിധം നന്ദി പ്രകടിപ്പിക്കുകയുണ്ടായി. ദിവ്യകാരുണ്യപ്രദക്ഷിണം സംബന്ധിച്ചു ഇടവകജനങ്ങൾ പ്രദക്ഷിണവീഥി ഏറ്റവും കമനീയമായി അലങ്കരിച്ചിരുന്നു. ജൂബിലിയാഘോഷങ്ങളിൽ റൈററ് റവ മോൺ വല്ല്യാറമ്പത്ത്, വെ. റവ. മോൺ നമ്പ്യാപറമ്പിൽ വെ. റവ. മാത്യു വടക്കേൽ, റവ. ഫാ. തോമസ് കൊച്ചുമുങ്കനാൽ തുടങ്ങി നാല്പതിൽപരം വൈദികർ പങ്കെടുക്കുകയുണ്ടായി.

## റവ. ഫാദർ ഫിലിപ്പ് കാനാട്ട്

മുക്കന്നൂർ പള്ളിവികാരി റവ ഫാദർ ഫിലിപ്പ് കാനാട്ട് അവർകളുടെ ഗുരുപ്പട്ടരജതജൂബിലി ഈ മാസം 19-ാം-നു സാഘോഷം കൊണ്ടാടിയിരിക്കുന്നു. ഡിസംബർ 18-ാം-നു ശനിയാഴ്ച കാലത്ത് മുക്കന്നൂർപ്പള്ളിയിൽവച്ച് ആഘോഷമായ സൂപസ്സുകുർബാന, ലാക് ആലാഹാ, പ. കുർബാനയുടെ വാഴ്‌വ് ഇവ നടത്തപ്പെട്ടു. അന്നു് ഉച്ചകഴിഞ്ഞു സ്ഥലം ചെറുപുഷ്പ സന്യാസസഭയുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ കുട്ടികളുടെ വകയായി ഒരു അനുമോദനയോഗം, ജ്ഞാനപുഷ്പമഞ്ജരിസമർപ്പണം, വിനോദപ്രകടനങ്ങൾ മുതലായവ നടത്തപ്പെട്ടു 19-ാം-നു ഞായറാഴ്ച 9-30-നു് ഒട്ടുവളരെ വൈദികരും ഒരു വമ്പിച്ച ജനക്കൂട്ടവുംകൂടി ജൂബിലേറിയനെ പള്ളിയിലേക്കു ആനയിക്കുകയും തുടർന്നു ജൂബിലേറിയൻ ഉയിരവത്തോടെ റാസ ആഘോഷമായി അർപ്പിക്കുകയും ചെയ്തു. റവ. ഫാ കുരുവിള മുല്ലക്കേരി അവർകൾ പൗരോഹിത്യമാഹാത്മ്യത്തെപ്പററി ഒരു പ്രസംഗം പറഞ്ഞു ലാക് ആലാഹാ, പരി. കുർബാനയുടെ വാഴ്‌വ് മുതലായവയോടുകൂടി കാലത്തെ ചടങ്ങുകൾ പര്യവസാനിച്ചു. ഉച്ചയ്ക്കുണ്ടായ ഡിന്നർ സല്ക്കാരത്തിൽ ഒട്ടുവളരെ വൈദികരും അത്മായരും സംബന്ധിച്ചിരുന്നു. വെരി റവ. ഫാ. വർഗ്ഗീസ് കവലക്കാട്ട് അവർകളാണ് ടോസ്റ്റ് പ്രസംഗം നടത്തിയതു്.

ഉച്ചകഴിഞ്ഞു 3 30-നു് പള്ളിയങ്കണത്തിൽ പ്രത്യേകമായി സജ്ജീകരിച്ചിരുന്ന മനോഹരവും വിശാലവുമായ പന്തലിൽ പൊതുയോഗം നടന്നു. പ്രൊവിൻഷ്യാളായ വെരി. റവ. ഫാ ജോർജ് ബെക്കമൻസ് ടി. ഒ സി. ഡി അവർകളായിരുന്നു അദ്ധ്യക്ഷൻ. അദ്ധ്യക്ഷന്റെ സമാന്യം ദീർഘമായ ഉപക്രമപ്രസംഗത്തിനുശേഷം സത്യദീപം പത്രാധിപർ റവ. ഫാ. ജോസഫ് വിതയത്തിൽ അവർകൾ അത്മായർ വൈദികരോടു സഹകരിച്ചു സഭയുടെ ഉദ്ധാരണത്തിനുവേണ്ടി പരിശ്രമിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഒരു പ്രസംഗം ചെയ്തു.

ഇടവകക്കാർ പൊതുവായും ഇടവകയിലുള്ള വിവിധസംഘങ്ങൾ പ്രത്യേകം പ്രത്യേകമായും ജൂബിലേറിയനു് ആശംസകളും ജ്ഞാനപുഷ്പമഞ്ജരികളും സമർപ്പിക്കുകയുണ്ടായി ഇടവകക്കാരുടെ വകയായി ഒരു മംഗളപത്രവും ഒരു പണക്കിഴിയും സമർപ്പിച്ചുവെന്നുള്ളതും പ്രസ്താവ്യമത്രെ. ഇവയെല്ലാററിനും, തന്നെ നാളതുവരെ സഹായിച്ചിട്ടുള്ള എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ടു ജൂബിലേറിയൻ സമുചിതമായി മറുപടി പറഞ്ഞു. ജൂബിലേറിയനു സമർപ്പിച്ച പണക്കിഴിയോടു കൂടി ഒരു നല്ല തുക സ്വന്തമായും ചേർത്തു ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പള്ളിപണിക്കായി വിനിയോഗിക്കത്തക്കവിധം കൈക്കാരന്മാരെ ജൂബിലേറിയൻ ഏല്പിക്കുകയുണ്ടായി. യോഗത്തിനിടയ്ക്കു് ബാലികാബാലന്മാരുടെ വിനോദപ്രകടനങ്ങളും, പൗരോഹിത്യത്തെ അനുസ്മരിച്ചു കൊണ്ടുള്ള "ടാബ്ലോ"യും ഉണ്ടായിരുന്നു.

പുസ്തകാഭിപ്രായം

## ക്രിസ്തീയ ബാലോപദേശം

Adapted by S. B.

(എറണാകുളം കാറ്റക്കാറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും പ്രസിദ്ധപ്പെടുത്തിയതു്)

ക്രിസ്തീയ ബാലോപദേശം മതപഠനത്തിന്റെ മണ്ഡലത്തിൽ ഒരു പുതിയ വഴി വെട്ടിത്തുറക്കുകയാണ്. കൊച്ചുകുട്ടികളെ കൊച്ചുനാളിൽത്തന്നെ ക്രിസ്തുവിന്റെ ജീവിതത്തിലേക്കു പഠനത്തിലേക്കു അടുപ്പിക്കുവാൻ ഒരെളുപ്പവഴി കണ്ടുപിടിക്കുക ആവശ്യകമെന്നു് ആരും സമ്മതിക്കും. മതവിദ്യാഭ്യാസരംഗത്തു് മോണ്ടിസ്സോറിയും മററും നടത്തിയ പരീക്ഷണങ്ങളും പടുത്തുയർത്തിയ പദ്ധതികളും ശിശുവിദ്യാഭ്യാസത്തെ ആപ്പന്ന ഫലപ്രദമാക്കുവാനായിരുന്നല്ലോ. അപ്പോൾ മതവിദ്യാഭ്യാസം സംബന്ധിച്ചും പുതിയ പുതിയ രീതികൾ പരീക്ഷിച്ചുനോക്കുക ഏററമധികം പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്. ചിത്രങ്ങളിലൂടെ ക്രൈസ്തവതത്വങ്ങൾ കുട്ടികൾക്കു പകർന്നുകൊടുക്കുവാൻ പലരും ശ്രമിച്ചിട്ടുണ്ട്. ആ ശ്രമം ഫലിച്ചതായിരിക്കാം, പ്രസ്തുത രീതി ഇന്നു പല രാജ്യങ്ങളിലേക്കും പടർന്നു പാലിക്കുവാനുള്ള കാരണം. കേരളക്കരയിലും അതിന്റെ ഒരു കൊമ്പു മുറിച്ചു നട്ടുവാൻ ശ്രമിച്ചവർ അഭിനന്ദനീയരാണ്.

ചിത്രങ്ങൾ ശിശുക്കളുടെ ശ്രദ്ധയെ ആകർഷിച്ചു നിറുത്തും. പക്ഷേ സർവ്വസാധാരണമായ വസ്തുക്കളുടെ പടങ്ങൾ ശ്രദ്ധയെ കേന്ദ്രീകരിക്കുവാനെന്നതിനേക്കാൾ ചിതറിക്കുവാനേ ഉപകരിക്കുകയുള്ളൂവെന്നു് അഭിപ്രായമുള്ളവരുണ്ടായേക്കാം. മനഃശാസ്ത്രവിദഗ്ദ്ധന്മാരുടെ അഭിപ്രായം, കുട്ടികളുടെ ശ്രദ്ധയെ പതിനഞ്ചു മിനിട്ടിലധികം ഒരേ ഒരു വിഷയത്തിൽ പിടിച്ചുനിറുത്തുക സാദ്ധ്യമല്ലെന്നാണു്. അപ്പോൾ ഇടയ്ക്കിടെ ചിത്രങ്ങൾ വരുന്നതു് ശ്രദ്ധ പതറുവാനിടയാക്കുകയും ചെയ്യുമെങ്കിൽത്തന്നെ അതു് മനഃശാസ്ത്രപരമായ ഒരാവശ്യത്തെ പരോക്ഷമായി സാധിച്ചുതരികയാണെന്നു സമാധാനിക്കാം. വേദപാഠത്തിനു വീട്ടിൽ നിന്നിറങ്ങിയിട്ട് വഴിവക്കിലുള്ള ഞാറക്കാട്ടിലും മാവിൻകൊമ്പത്തും പററിക്കൂടുന്ന കുസൃതിക്കുട്ടികൾ നേരിട്ടു പള്ളിയിലെത്തുവാൻ ഈ വിധത്തിലുള്ള അദ്ധ്യാപനസമ്പ്രദായം ഉപകരിക്കും. ചിത്രങ്ങളുപയോഗിച്ചു പഠിപ്പിക്കുന്ന കാര്യങ്ങൾ മാഞ്ഞുപോകാതെ ബുദ്ധിയിൽ ഗാഢമായി പതിയുകയും ചെയ്യും. പാഠങ്ങളുടെ അടിയിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ കുട്ടികളുടെ ഓർമ്മയെ ചികഞ്ഞിട്ടു പുതുക്കുവാൻ സഹായിക്കുന്നവയാണ്. അവ എല്ലാ പാഠങ്ങളുടെയും അവസാനം കൊടുക്കുന്നതു നന്നായിരിക്കും. മലയാളക്കരയിൽ മതപഠനരംഗത്തു് ഊതുവാൻ പോകുന്ന ഒരു പുത്തൻ കാററിന്റെ നാന്ദിയായി ക്രിസ്തീയ ബാലോപദേശത്തെ പരിഗണിക്കാം. അതിന്റെ പ്രണേതാക്കൾക്കു് ഹാർദ്ദവമായ അഭിനന്ദനങ്ങൾ.

(എസ്. ജെ. എം.)

## ഇടവകവാർത്തകൾ

**മുണ്ടംവേലി:** മാനാശ്ശേരി സെൻറു് ലൂയിസ് ഫൊറോനാ പള്ളിയിൽ മരിയൻജൂബിലി മൂന്നുദിവസത്തെ ആഘോഷപരിപാടികളോടുകൂടി ആഡംബരപൂർവ്വം കൊണ്ടാടിയിരിക്കുന്നു. പ്രാരംഭമായി 8, 9, 10 എന്നീ തീയതികളിൽ പൊതുധ്യാനം നടന്നു. 10-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്കു് ഇടവകയുടെ എല്ലാ ഭാഗങ്ങളിൽനിന്നും ജപമാലപ്രദക്ഷിണങ്ങൾ പുറപ്പെട്ടു്, 6 മണിയോടുകൂടി പള്ളിയങ്കണത്തിൽ സജ്ജമാക്കിയിരുന്ന തോരണപ്പന്തലിൽ എത്തുകയും, ആക്ടിംഗ് വികാരി റവ ഫാദർ തോമസ് പുത്തംവീട്ടിൽ പതാകയുയർത്തൽകർമ്മം നിർവ്വഹിക്കുകയുംചെയ്തു ശനിയാഴ്ച രാവിലെ ആഘോഷമായ പാട്ടുകുർബാനയും കുട്ടികളുടെ പൊതുദിവ്യകാരുണ്യസ്വീകരണവും നടന്നു. വൈകുന്നേരം 7-നു് ചെറിയകടവിൽനിന്നും 6-30 നു് മുണ്ടംവേലിയിൽനിന്നും മരിയൻ റാലി പുറപ്പെട്ടു. അമലോത്ഭവമാതാവിന്റെ തിരുസ്വരൂപം പ്രതിഷ്ഠിച്ചുകൊണ്ടു് വളരെയധികം മരിയഭക്തർ വർണ്ണക്കടലാസ്സുവിളക്കുകൾ സഹിതം ജപമാല ചൊല്ലിക്കൊണ്ടും ഭക്തഗാനങ്ങൾ ആലപിച്ചുകൊണ്ടും ഇടവകയുടെ ഓരോ ഭാഗങ്ങൾ ചുററി 8 മണിയോടുകൂടി ഇടവകപ്പള്ളിയിൽ എത്തിച്ചേർന്നു. റവ ഫാദർ മാത്യു കോതകത്തു് അവർകൾ ജൂബിലിപ്രസംഗം നിർവ്വഹിച്ചു രാത്രി 11-30 നു് തിരുമണിക്കൂർ ആരാധനയും 12-30 നു് ആഘോഷമായ പാതിരാക്കുർബാനയും നടന്നു. സമാപനദിനമായ 12-ാം തീയതി ഞായറാഴ്ച ഉച്ചതിരിഞ്ഞു് 4-30 നു് റവ ഫാ റെയ്നോൾഡ്സ് സി ഡി എം എ അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗംകൂടി. ശ്രീമതി ഫ്രാൻസീനാ ജെയിക്കബ് ബി എ ബി ടി, ശ്രീ പി എം തോമസ് എം എ എന്നിവർ പ്രസംഗിച്ചു. ബാലികാബാലന്മാരുടെ ഗാനങ്ങളും കലാപരിപാടികളും യോഗത്തിനു മോടികൂട്ടി. അദ്ധ്യക്ഷന്റെ ഉപസംഹാരപ്രസംഗത്തിനു ശേഷം ശ്രീ കെ ജെ ജെയിക്കബ് കടവിപ്പറമ്പിൽ കൃതജ്ഞത പറഞ്ഞു. ലൂർദ്ദിലെ അമലോത്ഭവമാതാവിന്റെ പ്രത്യക്ഷത്തെ ചിത്രീകരിക്കുന്ന ഒരു ടാബ്ലോപ്രദർശനം കാട്ടിപ്പറമ്പു ഫ്രാൻസിസ്കൻ സന്യാസിനികൾ നടത്തി.

**കൊഴുവനാൽ:** സ്ഥലം അങ്ങാടി കപ്പേളയിൽവച്ചു് പ്രതിവർഷം ആചരിച്ചുപോരുന്ന ജൂബിലിതിരുനാൾ ഇക്കൊല്ലം ബഹുമുഖപരിപാടികളോടെ മരിയൻജൂബിലിയായി കൊണ്ടാടി. ഡിസംബർ 11-ാം-നു നടത്തിയ പൊതുസമ്മേളനത്തിൽ വെരി. റവ. ഫാദർ തോമസ് മൂത്തേടം ആദ്ധ്യക്ഷം വഹിക്കുകയും. റവ. ഫാദർ തോമസ് മേൽവട്ടം, മി. ജോസഫ് മററം ബി. എ. എന്നിവർ പ്രസംഗിക്കുകയും ചെയ്തു. 12-ാം-നു ഞായറാഴ്ച രാവിലെ 9-30നു് ആഘോഷമായ സൂപസ്സുകുർബാനയും തുടർന്നു് ഫാദർ അബ്രാഹം കയ്പൻപ്ലാക്കൽ അവർകളുടെ പ്രസംഗവും നടന്നു. 10-30നു് അങ്ങാടിക്കപ്പേളയിൽനിന്നു് പുറപ്പെട്ടു് 12-30നു് വലിയ പള്ളിയിലെത്തിച്ചേർന്ന ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ ധാരാളം വൈദികരും, കന്യാസ്ത്രീകളും, ആയിരക്കണക്കിനു് ഭക്തജനങ്ങളും സംബന്ധിക്കുകയുണ്ടായി. വൈകിട്ടു് വിദ്യാർത്ഥി വിദ്യാർത്ഥിനികൾ ചേർന്നു് സ്ഥലം ഫാത്തിമാമിഷ്യൻ ഹോസ്റ്റേറലിൽനിന്നു് നടത്തിയ ജപമാലപ്രദക്ഷിണം, പന്തലുകളിൽനിന്നു് തിരിച്ചെത്തിയ പ്രദക്ഷിണവുംകൂടി യോജിച്ചു് അങ്ങാടിക്കപ്പേളയുടെ പരിസരങ്ങളിൽ സമ്മേളിച്ചു. വൈദ്യുതദീപാലംകൃതമായ കപ്പേളപന്തലിൽവച്ചു് റവ. ഫാദർ ആൻഡ്രൂസ് വേങ്ങത്താനം (സേലം മിഷ്യൻ) റവ. സിസ്റ്റർ വാതല്ലൂർ എസ്. ജെ. (കൽക്കട്ട) റവ. ഫാദർ ജോസഫ് വേഴമ്പത്തോട്ടം എന്നിവർ പ്രസംഗങ്ങൾ നടത്തി. ഇന്നു വിവിധ വാദ്യഘോഷങ്ങളോടെ അങ്ങാടിയിൽക്കൂടി നടത്തിയ തിരുനാൾ പ്രദക്ഷിണം മരിയൻജൂബിലിക്കു് മകുടം ചാർത്തുന്ന ഒന്നായിരുന്നു.

**കരാഞ്ചിറ:** സ്ഥലം സെൻറു് ജോർജ്ജ് ക്ലാരമഠത്തോടനുബന്ധിച്ചു വി. പത്താംപീയൂസ് പുണ്യവാന്റെ നാമധേയത്തിൽ നിർമ്മിച്ചിരിക്കുന്ന മനോഹരമായ ദേവാലയത്തിന്റെ വെഞ്ചരിപ്പുകർമ്മം കഴിഞ്ഞ ശനിയാഴ്ച (ഡിസംബർ 18) കാലത്തു 7 മണിക്കു തൃശ്ശൂർ മെത്രാൻ ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമനസ്സുകൊണ്ടു നിർവ്വഹിക്കുകയുണ്ടായി. അനന്തരം തിരുമേനി പള്ളിയിൽ വി. കുർബാന അർപ്പിച്ചു റൈററു് റവ. മോൺ സെബാസ്റ്റ്യൻ ചിറയത്തു അവർകൾ പത്താംപീയൂസ് പുണ്യവാന്റെ ജീവിതവിശുദ്ധിയേയും മററും പ്രതിപാദിച്ചുകൊണ്ടു ഒരു പ്രസംഗം ചെയ്തു. 9 മണിക്കു ആഘോഷമായ തിരുനാൾ കുർബാനയും, മെത്രാൻ തിരുമനസ്സിലെ കാർമ്മികത്വത്തിൽ പരിശുദ്ധകുർബാനയുടെ വാഴ്‌വുംനടത്തി. ദേവാലയത്തോടനുബന്ധിച്ചു നവീനരീതിയിൽ പണിതീർത്തിരിക്കുന്ന വൈദികരുടെ മന്ദിരവും മെത്രാൻ തിരുമനസ്സുകൊണ്ടു വെഞ്ചരിക്കുകയുണ്ടായി.

**തുരുത്തി:** ഈ ഇടവകയിൽ പ്രശസ്തമാംവിധം പ്രവർത്തനം നടത്തിവരുന്ന ചെറുപുഷ്പമിഷൻലീഗിന്റെ പ്രഥമ വാർഷികം 1954 ഡിസംബർ 5-ാം തീയതി ആഘോഷിക്കപ്പെട്ടു. രാവിലെ പതാകയുയർത്തൽ ഡയറക്ടറച്ചൻ നിർവ്വഹിച്ചു. ഉച്ചതിരിഞ്ഞു 3 മണിക്കു് റവ. ഫാദർ മാത്യു ആലുങ്കൽ ബി. എ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്ന പൊതുയോഗത്തിൽ ബ്രദേഴ്സ് തോമസ് പാലത്തുങ്കൽ, കെ. കെ. ജോസഫ് ബി. എ എന്നിവർ പ്രസംഗിച്ചു. ഇടയ്ക്കു് ബാലികാബാലന്മാരുടെ വിവിധ കലാപ്രകടനങ്ങൾ, കോമിക്കുകൾ മുതലായവയുണ്ടായിരുന്നു. യോഗാനന്തരം ലീഗംഗങ്ങൾ "മാനസാന്തരം" എന്ന പ്രഹസനം അഭിനയിക്കുകയുണ്ടായി.

ഡിസംബർ 9 മുതൽ 12 വരെ മരിയവത്സരാഘോഷങ്ങൾ ഈ ഇടവകയിൽ നടത്തപ്പെട്ടു. 3 ദിവസം തുടർച്ചയായി പരിഹാരപ്രദക്ഷിണം, പ്രത്യേക പ്രാർത്ഥനകൾ ഇവയും അവസാനദിവസമായ ഡിസംബർ 12 നു് വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ ഒരു റാലിയും പ്രസംഗവുമുണ്ടായിരുന്നു.

**പേരാവൂർ:** ഈ ഇടവകയിൽ ബ. കപ്പൂച്ചിൻ വൈദികരുടെ നേതൃത്വത്തിൽ ഇക്കൊല്ലം വാർഷികധ്യാനം പൂർവ്വാധികം വിജയപ്രദമായി നടത്തിയിരിക്കുന്നു. ഡിസംബർ 5-ാം-നു ധ്യാനം ആരംഭിച്ചു് 13-ാം-നു 13 മണിക്കൂർ ആരാധനയോടുകൂടി ചടങ്ങുകൾ അവസാനിച്ചു. ധ്യാനഗുരുക്കന്മാരുടെ പ്രത്യേകശ്രമഫലമായി സെൻറു് ഫ്രാൻസിസ് അസ്സീസിയേയും, സെൻറു് ഫ്രാൻസീസ് സേവ്യറേയും മദ്ധ്യസ്ഥന്മാരായി തെരഞ്ഞെടുത്തുകൊണ്ടു് രണ്ടു ഗ്രൂപ്പ് സത്യാരാധനാസഖ്യങ്ങൾ സ്ഥാപിക്കുകയും ചെയ്തു. സഖ്യത്തിൽ ഇടവകയുടെ നാനാഭാഗത്തുനിന്നും യുവാക്കന്മാർ ധാരാളമായി ചേർന്നിട്ടുണ്ടു്.

**മാന്ത്ര:** ഈ പള്ളിയിൽ സ്ഥാപിതമായിട്ടുള്ള സെൻറു് വിൻസെൻറു് ഡി പോൾ സംഘം സെൻറു് ജോസഫ്സു് കോൺഫറൻസിന്റെ ഉൽഘാടനം നവമ്പർ 14-ാം-നു ഞായറാഴ്ച ഉച്ചകഴിഞ്ഞു് 4 മണിക്കു് റവ ഫാദർ ജോസഫ് മേനാച്ചേരി ബി എ അവർകൾ നിർവ്വഹിച്ചിരിക്കുന്നു.

**പുറപ്പുഴ:** സ്ഥലത്തു പണിയാരംഭിക്കുന്ന സെൻറു് സെബാസ്റ്റ്യൻസ് ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ റവ ഫാ മാത്യു വെള്ളാങ്കൽ നിർവ്വഹിച്ചിരിക്കുന്നു.

**മുക്കാട്ടുകര:** ഫാത്തിമാബാലസംഘത്തിന്റെ ഒരു ശാഖ സ്ഥലം പള്ളിയിൽ ഉദ്ഘാടനം ചെയ്തിരിക്കുന്നു. ഇപ്പോൾ 125 കുട്ടികൾ സംഘത്തിൽ ഉണ്ടു്.

സി.കെ. പോൾ & കമ്പനി,
ആഭരണവ്യാപാരം,
എറണാകുളം.

തിരുസഭാചരിത്രം 55

# മിലാനിലെ വിശുദ്ധ അംബ്രോസ്

(പ്രൊഫസർ പി. ടി. തോമസ് എം. എ)

ഇന്നും കത്തോലിക്കസഭയിൽ വിശുദ്ധ കർമ്മങ്ങളുടെ ഇടയ്ക്കു് ആലപിക്കപ്പെടുന്ന സുന്ദരങ്ങളായ സ്തോത്രഗീതങ്ങളുടെ കർത്താവായ വി. അംബ്രോസ്, സമർത്ഥനായ ഒരു വാഗ്മി, വിശിഷ്ടങ്ങളായ പല ഗ്രന്ഥങ്ങളുടെ രചയിതാവ്, ധീരോദാത്തനായ ഒരു സഭാഭരണതന്ത്രജ്ഞൻ എന്നീ നിലകളിലും പ്രഖ്യാതനാണു്. പാശ്ചാത്യ സഭാപിതാക്കന്മാരിൽ അദ്ദേഹം പ്രമുഖമായ ഒരു സ്ഥാനം അലങ്കരിക്കുന്നു. വാക്കുകളേക്കാൾ കൂടുതലായി പ്രവൃത്തിയെയാണു് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നതു്. പാണ്ഡിത്യത്തെക്കാൾ കൂടുതലായി ഭരണനൈപുണ്യമാണു് അദ്ദേഹത്തിന്റെ പ്രശസ്തിക്കു നിദാനം.

ഗാൾ പ്രദേശത്തിന്റെ പ്രിഫെക്ട് (Prefect) ആയിരുന്നു അംബ്രോസിന്റെ പിതാവു്. ട്രിവ്സിൽ (Treves) അദ്ദേഹം താമസിക്കുന്ന കാലത്താണു് അംബ്രോസ് ഭൂജാതനായതു്. ജനനം എ. ഡി. 340ൽ ആയിരുന്നു. പിതാവിന്റെ മരണശേഷം, എതെങ്കിലും ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുള്ള പരിശീലനം സമ്പാദിക്കുന്നതിനുവേണ്ടി അംബ്രോസ് റോമയിലേക്കു പോയി. എ. ഡി. 370ൽ അദ്ദേഹം ലിഗൂറിയാ (Liguria), ഇമിലിയാ (Aemelia) എന്നീ പ്രദേശങ്ങളുടെ ഗവർണറായി നിയമിക്കപ്പെട്ടു. ഭരണകാര്യങ്ങളിൽ അദ്ദേഹം പ്രകടിപ്പിച്ച വിവേകവും, കാരുണ്യവും, നീതിനിഷ്ഠയും മൂലം ജനങ്ങളുടെ സ്നേഹാദരങ്ങൾക്കു് അദ്ദേഹം പാത്രീഭൂതനായി.

അങ്ങിനെയിരിക്കെ എ. ഡി. 373ൽ മിലാനിലെ മെത്രാനായിരുന്ന ഔക്സെൻഷ്യസ് (Auxentius) മരിച്ചു. അദ്ദേഹം ആരിയൻ പാഷണ്ഡപക്ഷക്കാരനായിരുന്നു. ഒരു പിൻഗാമിയെ തെരഞ്ഞെടുക്കുവാൻ വേണ്ടി വൈദികരും ജനങ്ങളും കൂടി യോഗം ചേർന്നു് ആലോചനകൾ തുടങ്ങി. പ്രക്ഷുബ്ധമായ ഒരു രംഗമായിരുന്നു അതു്. കത്തോലിക്കരും പാഷണ്ഡികളും അവരവരുടെ സ്ഥാനാർത്ഥികളെ മെത്രാൻസ്ഥാനത്തു് അവരോധിക്കുവാൻ വേണ്ടി ഭഗീരഥപ്രയത്നം ചെയ്തു. യോഗത്തെ ശാന്തമാക്കുവാനായി അംബ്രോസ് അവിടെ പ്രത്യക്ഷപ്പെട്ടു. ഉടനെ ജനക്കൂട്ടത്തിൽനിന്നും ഒരു കുട്ടി "അംബ്രോസ് മെത്രാൻ" എന്നു വിളിച്ചുപറഞ്ഞു. ജനങ്ങൾ ആ വിളി ആവർത്തിച്ചു. അംബ്രോസിനെ മെത്രാനായി തിരഞ്ഞെടുക്കണമെന്നുള്ള ജനാഭിലാഷം പ്രകടമായി. വൈദികരും അതിനോടനുകൂലിച്ചു. തന്റെ ഉദ്യോഗസ്ഥന്മാരിൽ ഒരാൾ ഈ ഉന്നതപദവിക്കർഹനായതിൽ ചക്രവർത്തിയായ വലൻറീനിയൻ ഒന്നാമൻ (Valentitian 1) അഭിമാനം പൂണ്ടു. അംബ്രോസിന്റെ തെരഞ്ഞെടുപ്പിനെ അദ്ദേഹം അംഗീകരിച്ചു. എന്നാൽ ഒരാൾമാത്രം അതിനു വിസമ്മതിച്ചു—അതായതു് അംബ്രോസ്. മെത്രാൻ സ്ഥാനത്തുനിന്നും ഒഴിഞ്ഞുമാറുവാൻ അദ്ദേഹം ആവുന്നത്ര ശ്രമിച്ചുനോക്കി. താൻ ജ്ഞാനസ്നാനം സ്വീകരിച്ചിട്ടില്ലെന്നും പ്രകൃത്യാ ക്രൂരനും ദുർമ്മാർഗ്ഗിയുമാണെന്നും അദ്ദേഹം പറഞ്ഞു. പട്ടണത്തിൽനിന്നും ഓടി എവിടെയോ പോയി ഒളിച്ചിരുന്നു. അതുകൊണ്ടൊന്നും യാതൊരു ഫലവുമുണ്ടായില്ല.

എട്ടു ദിവസത്തിനുള്ളിൽ ജ്ഞാനസ്നാനം മുതൽ പൗരോഹിത്യം വരെ ആവശ്യമായ എല്ലാ കൂദാശകളും അദ്ദേഹത്തിനു നൽകപ്പെട്ടു. തീക്ഷ്ണമായ ബുദ്ധിയും നല്ല ഓർമ്മശക്തിയും ജന്മസിദ്ധമായി അദ്ദേഹത്തിനുണ്ടായിരുന്നതുകൊണ്ടു് ദൈവശാസ്ത്ര സംബന്ധമായുള്ള പോരായ്മ അദ്ദേഹം അചിരേണ പരിഹരിച്ചു. വിശുദ്ധ ഗ്രന്ഥങ്ങളും വി. അത്തനേഷ്യസ്, കപ്പഡോച്യക്കാരായ പിതാക്കന്മാർ തുടങ്ങിയ ഗ്രീക്കു പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളും അദ്ദേഹം ശ്രദ്ധാപൂർവ്വം പഠിച്ചു.

അംബ്രോസ് സഭയുടെ അധികാരങ്ങളെയും അവകാശങ്ങളെയും രാജസ്ഥാനത്തിന്റെ കയ്യേറ്റത്തിൽനിന്നു സംരക്ഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ആധ്യാത്മികമണ്ഡലത്തിൽ സഭയ്ക്കുണ്ടായിരുന്ന പരമാധികാരത്തെ അണുമാത്രമെങ്കിലും ബലി കഴിക്കുവാൻ അദ്ദേഹം സന്നദ്ധനായില്ല. ആരിയൻ പക്ഷക്കാരിയായ ജസ്റ്റീനാ രാജ്ഞി മിലാനിലെ ഒരു ദേവാലയം പാഷണ്ഡികൾക്കു വിട്ടുകൊടുക്കുവാൻ അംബ്രോസിനോടാജ്ഞാപിച്ചു. അദ്ദേഹം അതിനു തീർത്തു വിസമ്മതിച്ചു. ദേവാലയങ്ങൾ അങ്ങിനെ കൈമാറാവുന്നതല്ലെന്നു് അദ്ദേഹം വാദിച്ചു. ജസ്റ്റീനായുടെ പുത്രനായ വാലൻറീനിയൻ രണ്ടാമനു് (Valentiuian 11) ചെറുപ്പമായിരുന്നതിനാൽ അദ്ദേഹത്തിന്റെ പേക്കാണു് ചക്രവർത്തിനി മേൽപ്പറഞ്ഞ കല്പന പുറപ്പെടുവിച്ചതു്. ചക്രവർത്തിയുടെ പരമാധികാരത്തെ മെത്രാൻ ആദരിച്ചുകൊണ്ടു് ദേവാലയം വിട്ടുകൊടുക്കണമെന്നു് രാജ്ഞി ശാഠ്യം പിടിച്ചു. എന്നാൽ ചക്രവർത്തി സഭയ്ക്കുമീതെയല്ല, സഭയ്ക്കുള്ളിലാണു് എന്നായിരുന്നു അംബ്രോസിന്റെ മറുപടി.

ജസ്റ്റീനാ അദ്ദേഹത്തെ നാടുകടത്തുവാൻ നിശ്ചയിച്ചു. എന്നാൽ അദ്ദേഹം തന്റെ ഭദ്രാസന ദേവാലയത്തിൽ അഭയം പ്രാപിച്ചു. ജനങ്ങൾ അഹോരാത്രം അവിടെ കാവൽനിന്നു. ദേവാലയത്തിൽ കൂടിയിരുന്ന ജനങ്ങളെ സ്തോത്രഗീതങ്ങൾ പാടുവാൻ അദ്ദേഹം പരിശീലിപ്പിച്ചു. വിശുദ്ധഗ്രന്ഥങ്ങളെ അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു. അങ്ങിനെ ഓശാന ഞായറാഴ്ച മുതൽ പെസഹാവ്യാഴാഴ്ചവരെ അംബ്രോസും ജനങ്ങളും പള്ളിയിൽ തടവുകാരായി കഴിച്ചുകൂട്ടി. ഈ ബന്ധനകാലത്താണു് അംബ്രോസ് തന്റെ വിശ്വവിശ്രുതങ്ങളായ സ്തോത്രഗീതങ്ങൾ (Hymns) രചിച്ചതെന്നു വിശ്വസിക്കപ്പെടുന്നു. ഇന്നു ദിവ്യകർമ്മങ്ങളിൽ അവ ആലപിക്കപ്പെടുന്നു. ഈ സമയത്തു് വി. അഗസ്റ്റിനോസ് മിലാനിലുണ്ടായിരുന്നു. അംബ്രോസിന്റെ പ്രസംഗത്തിന്റെ മാധുര്യവും ദേവാലയസംഗീതത്തിന്റെ സൗന്ദര്യവും ആസ്വദിച്ചു് സന്തോഷാശ്രുക്കൾ പൊഴിച്ചതായി അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്.

മിലാനിലെ ഗംഭീരമായ ബസിലിക്കാ അംബ്രോസ് പണികഴിപ്പിച്ചതാണു്. സ്വപ്നത്തിൽ അദ്ദേഹത്തിനുണ്ടായ ഒരു ദർശനം മുഖേന ഗർവാസിയൂസ് എന്നും പ്രൊട്ടാസിയൂസ് എന്നും പേരായ രണ്ടു രക്തസാക്ഷികളുടെ പൂജ്യാവശിഷ്ടങ്ങൾ രഹസ്യമായി സൂക്ഷിക്കപ്പെട്ടിരുന്ന സ്ഥലം അദ്ദേഹത്തിനു വെളിപ്പെട്ടു. അപ്പെട്ട ദേവാലയസ്ഥാപനത്തിനു് തിരുശേഷിപ്പുകൾ ആവശ്യമായിരുന്നു. ഈ പുണ്യവാന്മാരുടെ വിശുദ്ധാവശിഷ്ടങ്ങൾ പുതിയ ദേവാലയത്തിലേക്കു് ആഘോഷപൂർവ്വം സംവഹിക്കപ്പെട്ടപ്പോൾ പല അത്ഭുതങ്ങളും സംഭവിച്ചതായി വി. അഗസ്റ്റിനോസ് തന്നെ രേഖപ്പെടുത്തിയിരിക്കുന്നു.

എ. ഡി. 390-ൽ ആണു് അംബ്രോസും മഹാനായ തിയൊഡോഷ്യസ് ചക്രവർത്തിയും തമ്മിലുള്ള നാടകീയമായ സംഘട്ടനം നടന്നതു്. തെസ്സലോണിക്കായിലെ ജനങ്ങൾ ഒരു ജനദ്രോഹിയായ ഗവർണ്ണരെ വധിച്ചതിനു പ്രതികാരമായി അവിടെ ഒരു കൂട്ടക്കൊല നടത്തുവാൻ തിയൊഡോഷ്യസ് കല്പനനൽകി. ഈ മഹാപാതകത്തിനു പരിഹാരം ചെയ്യാതെ ചക്രവർത്തിക്കു വിശുദ്ധകുർബാന നൽകുകയോ, അദ്ദേഹത്തിനു ദേവാലയത്തിൽ പ്രവേശനം അനുവദിക്കുകയോ ചെയ്യുകയില്ലെന്നു് അംബ്രോസ് തീരുമാനിച്ചു. തിയൊഡോഷ്യസ് തന്റെ അകമ്പടിക്കാരോടുകൂടി കത്തീഡ്രലിന്റെ കവാടത്തിങ്കൽ എത്തി. അവിടെവച്ചു് അംബ്രോസ് അദ്ദേഹത്തെ തടഞ്ഞു. മെത്രാൻ ചക്രവർത്തിയുടെ കൈകൾ കടന്നുപിടിച്ചുകൊണ്ടു് മുൻപോട്ടു നീങ്ങരുതു് എന്നു വിലക്കി. തിയൊഡോഷ്യസ് ദുഃഖാർത്തനായി അവിടെ കുറേനേരം നിന്നു. ഒടുവിൽ പാപപരിഹാരം ചെയ്യുവാൻ അദ്ദേഹം സന്നദ്ധനായി. രാജകീയവസ്ത്രങ്ങളെല്ലാം നീക്കിയശേഷം ദേവാലയകവാടത്തിലെ തറയിൽ അദ്ദേഹം സാഷ്ടാംഗപ്രണാമം ചെയ്തു. കുരിശാകൃതിയിൽ കൈകൾ വിരിച്ചു് അവിടെ കിടന്നുകൊണ്ടു് ചക്രവർത്തി സങ്കീർത്തനങ്ങളിൽനിന്നുള്ള മനസ്താപവചസ്സുകൾ ഉച്ചരിച്ചു.

എ. ഡി. 395-ാമാണ്ടു് തിയൊഡോഷ്യസ് അന്തരിച്ചു. രണ്ടു സംവത്സരം കഴിഞ്ഞു് അംബ്രോസും ദിവംഗതനായി. അദ്ദേഹത്തിന്റെ ജീവിതത്തെപ്പോലെതന്നെ മനോജ്ഞമായിരുന്നു മരണവും; നാല്പത്തിമൂന്നാം സങ്കീർത്തനത്തിന്റെ വ്യാഖ്യാനം എഴുതിക്കൊണ്ടിരിക്കെ കലശലായ ക്ഷീണം തോന്നുകയാൽ അദ്ദേഹം ജോലി നിറുത്തി. അന്നു് ഒരു ദുഃഖവെള്ളിയാഴ്ചയായിരുന്നു. അഞ്ചുമണിക്കൂർ സമയം കുരിശാകൃതിയിൽ കൈകൾ വിരിച്ചുകൊണ്ടു് അദ്ദേഹം കിടന്നു. ആ കിടപ്പിൽതന്നെ ആത്മാവു് ദേഹത്തെ വിട്ടുപിരിയുകയും ചെയ്തു.

അംബ്രോസിന്റേതായി തൊണ്ണൂറ്റൊന്നു ലേഖനങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ടു്. അവയെല്ലാം ചരിത്രദൃഷ്ട്യാ വളരെ പ്രാധാന്യമുള്ളവയാണു്. അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവവും സ്വഭാവത്തിന്റെ സൗന്ദര്യവും ഈ ലേഖനങ്ങളിൽ പ്രകടമായി കാണാം. തന്റെ മിത്രമായ ഇരേനിയൂസിനായി എഴുതിയിട്ടുള്ളതും "ക്രിസ്തുവിന്റെ സൗന്ദര്യ"ത്തെപ്പറ്റി പ്രതിപാദിക്കുന്നതുമായ വിശിഷ്ടലേഖനം അദ്ദേഹത്തിന്റെ ആത്മാവിന്റെ അഗാധതയെയും പ്രഭാവത്തെയും പ്രസ്പഷ്ടമാക്കുന്നു. കന്യാവ്രതത്തെപ്പറ്റി അദ്ദേഹം രചിച്ചിട്ടുള്ള പ്രബന്ധവും തന്റെ സഹോദരനായ സറ്റീറസി (Satyrus)ന്റെ ശവസംസ്കാരവേളയിൽ ചെയ്ത ചരമപ്രസംഗവും ക്രൈസ്തവപ്രഭാഷണകലയുടെ ഏറ്റം ഉൽകൃഷ്ടമായ മാതൃകകളാണു്. അദ്ദേഹത്തിന്റേതായി ഇന്നറിയപ്പെടുന്ന സ്തോത്രഗീതങ്ങളിൽ പന്ത്രണ്ടോ പതിനൊന്നോ മാത്രമേ യഥാർത്ഥത്തിൽ കലർപ്പററവയായുള്ളു എന്നാണു് പണ്ഡിതാഭിപ്രായം. അദ്ദേഹത്തിന്റെ പ്രബന്ധങ്ങളിലും പ്രഭാഷണങ്ങളിലും അഗാധമായ ആദ്ധ്യാത്മികതത്വങ്ങളെപ്പററിയുള്ള ചർച്ചയെക്കാൾ കൂടുതൽ പ്രാധാന്യം കല്പിച്ചിരുന്നതു് പ്രായോഗികമായ സദാചാരബോധനത്തിനാണു്. അംബ്രോസ് ആത്മാക്കളുടെ ഇടയൻ എന്ന നിലയ്ക്കു തന്നിൽ നിക്ഷിപ്തമായിരുന്ന കർത്തവ്യങ്ങളെയാണു സർവ്വപ്രധാനമായി കരുതിയതു്. കർമ്മകുശലനായ ഒരു ഭരണകർത്താവും തീക്ഷ്ണമതിയായ ഒരു സന്മാർഗ്ഗോപദേഷ്ടാവുമായിരുന്നു അദ്ദേഹം. റോമായിലെ അപ്പസ്തോലിക സിംഹാസനത്തോടു് അദ്ദേഹത്തിനുണ്ടായിരുന്ന മതിപ്പും ആദരവും താഴെ ഉദ്ധരിച്ചിട്ടുള്ള പ്രസിദ്ധ വാക്യത്തിൽനിന്നു സ്പഷ്ടമാകുന്നുണ്ടു്. വി. അംബ്രോസ് പറയുന്നു: "പത്രോസ് എവിടെയോ അവിടെ തന്നെ സഭയും" (Where is Peter, There is The Church)

—o—



—സിസ്റ്റർ ഫിദേലിസ്, എസ്. ഡി., ബി. എ (തളിയത്തു്)



സിസ്റ്റർ ക്രിസ്റ്റല്ലാ, എസ്. ഡി. ബി. എ. (മുത്തേടൻ)

ഇവർ ചുണങ്ങുംവേലി അഗതികളുടെ സഹോദരിമാരുടെ സഭയിൽനിന്നും മെഡിക്കൽ സ്റ്റഡിക്കായി അമേരിക്കയിൽ പോയി അവിടത്തെ മെഡിക്കൽ കോളേജിൽ ചേർന്നു പഠിച്ചുവരുന്നു.

## എന്റെ കൃതജ്ഞത

(കെ. ഇ. ജോബു് എം. എ., എൽ. ടി)

ഇക്കഴിഞ്ഞ പത്തുനാല്പതു ദിവസമായി ശരീരാസ്വാസ്ഥ്യം നിമിത്തം ഞാൻ എറണാകുളം ജനറൽ ഹോസ്പിററലിൽ താമസിച്ചു ചികിത്സ നടത്തിവരികയായിരുന്നു. തദവസരത്തിൽ വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും എറണാകുളം സഹായമെത്രാൻ തിരുമനസ്സുകൊണ്ടും വന്നു അനുഗ്രഹാശിസ്സുകൾ നൽകുകയും പെരിയ ബഹുമാനപ്പെട്ട കർമ്മലീത്താ പ്രിയോർ ജനറാൾ തുടങ്ങിയ ഒട്ടനേകം വൈദികശ്രേഷ്ഠന്മാരും പ്രമുഖവ്യക്തികളും വന്നുകണ്ടു സമാശ്വസിപ്പിക്കുകയും ചെയ്തിട്ടുള്ളതു കൂടാതെ വിവിധ സ്ഥലങ്ങളിലുള്ള പല ആത്മാർത്ഥ സ്നേഹിതന്മാരും ശിഷ്യഗണങ്ങളും ഈയുള്ളവനുവേണ്ടി പ്രാർത്ഥനകൾ നടത്തിയിട്ടുള്ളതായും അറിയുന്നു. ഇതിനെല്ലാം ഉപരിയായി ഈ അവസരത്തിൽ പൗരസ്ത്യതിരുസംഘ സെക്രട്ടറി കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനിയുടെ ഒരു ആശംസാലേഖനവും മാർപ്പാപ്പാ തിരുമനസ്സിലെ മരിയവത്സരപൂർണ്ണബന്ധ വിശേഷാനുഗ്രഹവും ഇവിടെ കിട്ടുവാനിടയായിട്ടുള്ളതു് ഒരിക്കലും വിസ്മരിക്കാനാവാത്ത ഒരു സംഗതിയാണു്. രോഗലക്ഷണങ്ങൾ മിക്കവാറും മാറിയിട്ടുണ്ടെങ്കിലും രണ്ടു മൂന്നു മാസത്തെ വിശ്രമം അത്യാവശ്യമാകയാൽ അത്രയും കാലഘട്ടത്തേക്കു് തേവരയുള്ള മകന്റെ വസതിയിൽ വിശ്രമിച്ചുവരികയാണു്. എല്ലാവർക്കും പ്രത്യേകം പ്രത്യേകം കൃതജ്ഞത പ്രകടിപ്പിക്കുന്നതു് പ്രയാസമാകയാൽ ഈ കത്തുമൂലം കൃതജ്ഞതാനിർഭരമായ എന്റെ ക്രിസ്മസ് മംഗളോപഹാരത്തെ പത്രദ്വാരാ സമർപ്പിച്ചുകൊള്ളുന്നു.

ഫോൺ 157.
സി. കെ. ലോനപ്പൻ & ബ്രദേഴ്സ്,
ആഭരണവ്യാപാരം
എറണാകുളം.

# 3142-ാം നമ്പർ കുററവാളി

## അലക്സാണ്ടർ സെരിനെല്ലി

(തോമസ് വടശ്ശേരി, മുണ്ടക്കയം)

വിശ്വവിഖ്യാതയായ വിശുദ്ധ മരിയഗൊരേററിയുടെ ഘാതകനായ അലക്സാണ്ടർ സെരിനെല്ലി ആസ്കോലിയിലുള്ള കപ്പൂച്ചിൻ സന്യാസാശ്രമത്തിൽ ഇപ്പോൾ ഒരു താപസജീവിതം നയിക്കുകയാണല്ലോ. അദ്ദേഹത്തെ സന്ദർശിച്ച ഫാദർ സെലിസ്റ്റിനോ സി. പി. അവർകൾ അവരുടെ കൂടിക്കാഴ്ചയെ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:—

അറുപത്തിയഞ്ചുവയസ്സ് പ്രായവും സാധാരണ ഉയരവുമുള്ള ദൃഢഗാത്രനായ ഒരു മനുഷ്യനെയാണു ഞാൻ കണ്ടതു്. ആംഗ്യങ്ങളുടെ അകമ്പടിയോടുകൂടിയാണ് അദ്ദേഹം സംസാരിക്കുന്നതു്. അപ്പോൾ ആ കണ്ണുകൾ സജീവങ്ങളായി കാണപ്പെട്ടു.

കൃതജ്ഞത സ്ഫുരിക്കുന്ന ഒരു പുഞ്ചിരിയോടുകൂടി സാവധാനം ഇരുന്നുകൊണ്ടു അലക്സാണ്ടർ തന്റെ കഥ പറഞ്ഞുതുടങ്ങി.

"പിതാവേ, എന്റെ കഥ ഒട്ടും നല്ലതല്ല. പക്ഷെ അതു് പലക്കും ഉപകാരപ്രദമായേക്കും. കേസ് വിധിച്ചതിനെ തുടന്നു് 1903-ൽ എന്നെ നോട്ടോ (Notto) യിലെ കാരാഗൃഹത്തിൽ അയച്ചു. 1929 മാർച്ച് 27-ാംനു എന്നെ സ്വതന്ത്രനാക്കി. ഏറെത്താമസിയാതെ ഞാൻ ഈ ആശ്രമത്തിൽ അഭയം തേടി. ഒരു മഹാ പാപിക്കു് ജീവിതം ഒട്ടും നിസ്സാരമല്ല പിതാവേ!"

"നിങ്ങളുടെ ബാല്യകാലത്തെപ്പററി പറയൂ." ഞാൻ ആവശ്യപ്പെട്ടു.

"1882 ജൂൺ രണ്ടാംതിയതി ഞാൻ പോററർനോ ഡി അൻകോണാ എന്ന സ്ഥലത്തു് ജനിച്ചു. എന്റെ മാതാപിതാക്കളുടെ എട്ടു സന്താനങ്ങളിൽ ഇളയവനായിരുന്നു ഞാൻ. രണ്ടു സഹോദരന്മാർ ശൈശവത്തിൽതന്നെ മരിച്ചുപോയി. ഒരു സഹോദരൻ വൈദികപഠനത്തിനു പോയെങ്കിലും, ഏതോ കാരണത്താൽ അദ്ദേഹത്തിന്റെ സ്ഥിരബുദ്ധി നശിക്കുകയാൽ ബന്ധനത്തിൽ പാർപ്പിക്കേണ്ടിവന്നു. ഇതറിഞ്ഞപ്പോൾ എന്റെ അമ്മയ്ക്കുണ്ടായ വ്യസനം പറഞ്ഞറിയിക്കുവാൻ പ്രയാസമായിരുന്നു. അതിന്റെ ഫലമായി പുത്രന്റെ രോഗംതന്നെ അമ്മയ്ക്കും ബാധിച്ചു. ഞാൻ അപ്പോൾ നന്നേ ചെറുപ്പമായിരുന്നു. എന്നെ കിണററിലെറിഞ്ഞു കൊല്ലുവാൻ ശ്രമിച്ചപ്പോൾ മാത്രമാണു അമ്മയ്ക്കു ഭ്രാന്താണെന്നു മററുള്ളവർ അറിയുന്നതു്. എന്റെ സഹോദരൻ പീററർ എന്നെ രക്ഷിച്ചു.

"അമ്മേ ഇതെന്താണു ചെയ്യുന്നതെ"ന്നു അദ്ദേഹം ചോദിച്ചപ്പോൾ ഒരു ഭീകരാട്ടഹാസത്തോടുകൂടി അവർ പറഞ്ഞുവത്രെ "മുന്നോട്ടു ജീവിച്ച് അധികം വേദനിക്കുന്നതിലും നല്ലതു് ഇവൻ ഇപ്പോൾതന്നെ അങ്ങു മരിക്കുകയാണെ"ന്നു്.

"എന്റെ അമ്മയെയും അവർ പൂട്ടിയിട്ടു. അവർ വളരെ നല്ല ഒരു സ്ത്രീയായിരുന്നു. ഞാൻ അത്യധികം അവരെ സ്നേഹിച്ചിരുന്നു. നിർഭാഗ്യമെന്നേ പറയേണ്ടു ആ നല്ല അമ്മ എനിക്കു നഷ്ടപ്പെട്ടു. അതോടെ എന്റെ കഷ്ടപ്പാടുകളും ആരംഭിച്ചു.

"എന്റെ സഹോദരനായ വിൻസെൻറ് അമേരിക്കയിലേക്കു പോകുകയും ഒരു ടാക്സിക്കാർ ഓടിച്ച് കുറെ പണം സമ്പാദിക്കുകയും ചെയ്തു. എന്നാൽ പൊടുന്നനവേ അവനെപ്പററി ഒന്നും അറിയാതായി. അവൻ മരിച്ചുപോയിക്കാണണം.

"സൈൻ" (Sign) എന്ന അമേരിക്കൻ മാസികയിൽനിന്നും അനുമതിയോടെ സംഗ്രഹിച്ചതു്.

ഞാൻ ഏകനായി വീട്ടിൽ കഴിച്ചുകൂട്ടേണ്ടിവന്നു. ശരിയായ വിദ്യാഭ്യാസവും എനിക്കു ലഭിച്ചില്ല. കഷ്ടിച്ച് എഴുതുകയും, വായിക്കുകയും ചെയ്യുവാൻമാത്രം ഞാൻ പഠിച്ചു. അതിനുശേഷം ഓരോ ജോലികളിൽ ഏർപ്പെട്ടു് കുറേക്കാലം കഴിച്ചു.

ഏറെത്താമസിയാതെ മീൻപിടിക്കുന്ന ഒരു ബോട്ടിൽ എനിക്കു ജോലി ലഭിച്ചു. വളരെ പ്രിയംകരമായിരുന്നു ആ ജോലി. ആഡ്രിയാററിക്ക് തീരങ്ങളിൽക്കൂടി യാത്രചെയ്തിരുന്ന പല അവസരങ്ങളിലും, ഞാൻ മദനാരാജ്യത്തിൽ മുഴുകി മണിക്കൂറുകൾ ചിലവഴിച്ചിട്ടുണ്ട്!"

അല്പംകൂടി താണസ്വരത്തിൽ അലക്സാണ്ടർ തുടന്നു: "ഞാൻ പല കൂട്ടുകാരെയും സമ്പാദിച്ചു. ഒരു യുവാവിനു് ഈ സാഹചര്യങ്ങളിൽ ശുദ്ധതയിൽ നിലനില്ക്കുക വളരെ പ്രയാസമുള്ള കാര്യമാണല്ലോ. പല ഹീനതഴക്കങ്ങൾക്കും ഞാൻ അടിമയായിപ്പോയി. അതുതന്നെ അധോഗതിയിലേക്കു നയിച്ചു. എന്റെ അമ്മയുണ്ടായിരുന്നെങ്കിൽ!.........

"ഞാൻ ദൈവത്തെ വിസ്മരിച്ചെങ്കിലും, അവിടുന്നെന്നെ കൈവെടിഞ്ഞില്ല. എന്റെ പിതാവു് അലിവാനോ ഓമാനോ എന്ന സ്ഥലത്തേക്കു താമസം മാററിയിരുന്നു. അദ്ദേഹത്തെ സന്ദർശിക്കുന്നതിനായി പോയിരുന്ന അവസരത്തിൽ, ഞാൻ ജോലിനോക്കിയിരുന്ന ബോട്ട് പിശറിൽപ്പെട്ടു് തകരുകയും എന്റെ പകരക്കാരനായിരുന്ന കുട്ടി മരണമടയുകയും ചെയ്തു.

"പിതാവും ഒരു സഹോദരനുമൊരുമിച്ച് ഞാൻ കൊച്ചിജെൻററൂർക്കായിലേക്കു മാറി. അവിടെ വച്ചാണു് ഗൊരേത്തികുടുംബവുമായി പരിചയപ്പെടുക. അവർ അദ്ധ്വാനശീലരും, ഭക്തരുമായിരുന്നു. ഞങ്ങളുമൊന്നിച്ചാണു് അവർ ജീവിച്ചുപോന്നതു്.

"ഈയവസരത്തിൽ മുസ്സോലിനി എന്ന ഒരു റോമൻ കച്ചവടക്കാരൻ അദ്ദേഹത്തിന്റെ വകചതുപ്പുസ്ഥലത്തേക്കു ഞങ്ങളെ ക്ഷണിച്ചു നല്ല ഭക്ഷണവും മററു ജീവിതസൗകര്യങ്ങളും നൽകാമെന്നു അദ്ദേഹം പറഞ്ഞു. ഒരുവക പനി അവിടങ്ങളിൽ സർവ്വസാധാരണമായിരുന്നു. അവിടത്തെ കാൻററീനിന്റെ (ഭക്ഷണശാല) ചുമതല അദ്ദേഹം എന്റെ പിതാവിനെ ഏല്പിച്ചു. പിന്നീട് അടിസ്ഥാനരഹിതങ്ങളായ പല കിംവദന്തികളും എന്റെ പിതാവിനെപ്പററി പ്രചരിക്കുന്നതിനു് ഈ ജോലി ഇടയാക്കി.

"ചതുപ്പുസ്ഥലത്തെ ജീവിതം എനിക്കും തീരെ പിടിക്കായ്കയാൽ, ഞാൻ അധികസമയവും വീട്ടിൽതന്നെ കഴിച്ചുകൂട്ടി. ഞായറാഴ്ചദിവസങ്ങളിൽ ചിലപ്പോഴൊക്കെ ഞാൻ ഓരോ പാത്രം വൈൻ കുടിക്കാറുണ്ടായിരുന്നു. അടുത്തുള്ള പട്ടണത്തിൽ വളരെ ചുരുക്കമായേ പോയിരുന്നുള്ളു. നെററുണോയിലുള്ള ദേവാലയം തന്നെ ഞാൻ ഒരു പ്രാവശ്യമേ സന്ദർശിച്ചിട്ടുള്ളു. (ഇപ്പോൾ വി. മരിയയുടെ ദേവാലയം) അന്നു് ഒരു ബ്രദർ വളരെ സ്വാദുള്ള ഏതോ സാധനം തന്നതു് ഞാൻ ഇപ്പോഴും നന്നായോക്കുന്നു. വീട്ടിലെ കൊന്തനമസ്കാരത്തിന്റെ നായകത്വം വഹിച്ചുപോന്നതു് ഞാനായിരുന്നു. കുമ്പസാരവും, ദിവ്യകാരുണ്യസ്വീകരണവും ഏറാക്കുറെ ക്രമമായി നടത്തിയുംപോന്നു."

"കൂട്ടുകൂടൽ ഞാൻ കൂടുതൽ വെറുത്തുതുടങ്ങി. എന്നിൽ ദ്രഢമൂലമായിരുന്ന ചീത്തതഴക്കങ്ങൾ ഒന്നുകൂടി പ്രബലമായി. വ്യർത്ഥമായ ആശകളും, അഭിലാഷങ്ങളും എന്നെ അടിമപ്പെടുത്തുകയും പല നിഷിദ്ധപ്രസിദ്ധീകരണങ്ങളിലും ഞാൻ സന്തോഷം കണ്ടെത്തുകയുംചെയ്തു. പല വൃത്തികെട്ട സ്ഥലങ്ങളിൽനിന്നും പ്രേരണ ഉണ്ടായിട്ടുണ്ടെങ്കിലും ഞാൻ അവകളിൽ ഉൾപ്പെടുകയുണ്ടായില്ല."

"എന്റെ ലജ്ജാശീലം എന്നെ വീട്ടിൽതന്നെ പിടിച്ചിരുത്തി. ഈ കാലത്താണു ആ മഹാപാതകത്തിനുള്ള പ്രലോഭനം എനിക്കുണ്ടായതു്. പല മാസങ്ങൾ ഞാൻ ആ പ്രലോഭനത്തോടു പടവെട്ടിനോക്കി. മരിയ വളരെ നല്ലവളും പരിശുദ്ധയുമായിരുന്നു. എന്റെ തീവ്രമായ മാംസദാഹം ഞാൻ ഗോപ്യമായിത്തന്നെ സൂക്ഷിച്ചു. അവസാനം ആ ശപിക്കപ്പെട്ട ദിവസവും വന്നുചേന്നു. നിഷ്പ്രയാസം അവളെ വശപ്പെടുത്താമെന്നാണു് ഞാൻ വ്യാമോഹിച്ചതു്. എന്റെ വ്യാമോഹം വ്യർത്ഥമായി. ദൈവത്തിനു സ്തുതി! എങ്കിലും ഞാൻ അവളുടെ കൊലയാളിയായി. കഷ്ടം! ബാക്കികാര്യങ്ങൾ അങ്ങേക്കു് അറിയാമല്ലോ.

"ഞാൻ വളരെ സഹിച്ചു. അതിൽ ഞാൻ അഭിമാനംകൊള്ളുകയാണു്. ആരംഭത്തിൽതന്നെ എന്റെ കൊടുംപാതകത്തെപ്പററി എനിക്കു മനസ്താപമുണ്ടായിരുന്നു. പക്ഷെ അഹങ്കാരം അതു പുറത്തുവിട്ടില്ല.

"1903-ൽ 3142-ാം നമ്പർ കുററവാളിയായി എന്നെ സിസിലിയിലുള്ള നോട്ടോ കാരാഗൃഹത്തിൽ അയച്ചു. മൂന്നുവർഷം നീണ്ടുനിന്ന ഏകാന്തതടവു് വളരെ കഠിനംതന്നെയായിരുന്നു. അതെന്റെ മരണത്തിനുപോലും കാരണമാകുമെന്നു ഞാൻ വിചാരിച്ചുപോയി.

"രാവിലെ 7 മണിമുതൽ ഞങ്ങൾ ജോലിയാരംഭിക്കും. ഭക്ഷണം വളരെ മോശമായിരുന്നു. രാത്രി ഒൻപതിനും പന്ത്രണ്ടിനും മൂന്നിനും വാർഡൻ ജയിൽമുറികൾ സന്ദർശിക്കും. ആ സാഹചര്യത്തിലുള്ള ജീവിതം എത്ര പ്രയാസമുള്ളതായിരിക്കുമെന്നു് അങ്ങുതന്നെ ആലോചിച്ചുനോക്കണം.

"സന്തോഷകരമായ അനുഭവങ്ങളും ഞങ്ങൾക്കുണ്ടായിട്ടുണ്ട്. അവിടത്തെ ഡയറക്ടർ റിസ്സോ ഫിയാ കോവെൻറാ വളരെ നല്ലയാളാണു്. സിസിലിയുടെ പേട്രണായ (സംരക്ഷകൻ) വി. കോൺറാഡിന്റെ തിരുനാൾദിവസം അദ്ദേഹവും ഭാര്യയും ഞങ്ങളെ സന്ദർശിക്കുകയും, മുന്തിരിപ്പഴങ്ങൾ സമ്മാനിച്ചുകൊണ്ടു് സ്നേഹപൂർവ്വം സംസാരിക്കുകയും ചെയ്യാറുണ്ടായിരുന്നു. അദ്ദേഹം പറയും "ഇതാ ഈ മുന്തിരിപ്പഴങ്ങൾ ഞാൻ നിങ്ങൾക്കുവേണ്ടി എന്റെ സ്വന്തം തോട്ടത്തിൽനി

(ശേഷം 5-ാംപേജിൽ)


# ജീവിതത്തിന്റെ സായാഹ്നത്തിൽ!

ഇന്നു നിങ്ങൾ ഒരു യുവാവാണു്. ചൊടിയും ചുറുചുറുക്കുമുള്ള ഒരു യുവാവു്. ഇന്നു നിങ്ങൾ ധനസമ്പാദനത്തിനു് പ്രാപ്തനാണു്. സമ്പാദിക്കുന്നുമുണ്ടു്. അങ്ങിനെ ഒന്നിനേയും കൂസാതെ ജീവിതത്തിൽ നിങ്ങൾ മുന്നേറുന്നു.

പക്ഷേ ഇതോടുകൂടിത്തന്നെ വാർദ്ധക്യത്തിലേക്കും നിങ്ങൾ മുന്നേറുകയാണു്, ശക്തി ക്ഷയിച്ച് ഒന്നിനും പ്രാപ്തനല്ലാത്ത ഒരവസ്ഥയിലേക്കു് ധനസമ്പാദനത്തിനുള്ള കഴിവുകൾ ക്ഷയിച്ചുവരുന്ന അക്കാലത്തേക്കു് ഇന്നത്തെ നിങ്ങളുടെ സമ്പാദ്യങ്ങൾ സൂക്ഷിച്ചുവെയ്ക്കുക. ഇതിനു് നിങ്ങളെ സഹായിക്കുന്നതിനു്

## ഫെഡറൽ മിച്ചനിക്ഷേപപദ്ധതി

ഞങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു.

നിങ്ങളുടെ വരുമാനത്തിൽനിന്നും മാസംതോറും ഒരു നിശ്ചിതസംഖ്യ മിച്ചംവച്ച് ബാങ്കിൽ നിക്ഷേപിക്കുക. 46 മാസംമാത്രം അപ്രകാരം ചെയ്താൽ ഈ നിശ്ചിതസംഖ്യയുടെ 50 ഇരട്ടി നിങ്ങൾക്കു് ബാങ്കിൽനിന്നും ലഭിക്കുന്നു. 85മാസം തുടന്നാലോ, 100 ഇരട്ടിയും.

ത്രൈമാസികമായും അർദ്ധവാർഷികമായും നിക്ഷേപിക്കാവുന്ന വേറെയും പദ്ധതികളുണ്ടു്.

വിശദവിവരങ്ങൾക്കു്:

## ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

H. O. ആലുവാ

ബ്രാഞ്ചുകൾ: അങ്കമാലി, എറണാകുളം, ചാലക്കുടി, പെരുമ്പാവൂർ.

എല്ലാത്തരം ബാങ്കിംഗ് ഇടപാടുകൾക്കും ഞങ്ങളെ സമീപിക്കുക.


## ഇരുവള്ളിപ്ര സെൻറ് മേരീസ് പള്ളി, തിരുവല്ലാ



അത്യുന്നതകർദ്ദിനാൾ ടിസ്സറാങ്ങ് തിരുമനസ്സുകൊണ്ടു് 1953 നവംബർമാസം 24-ാംനു ശിലാസ്ഥാപനം നടത്തിയ ഈ പള്ളിയുടെ പണികൾ നടന്നുകൊണ്ടിരിക്കുകയാണു്. പുനരൈക്യപ്രസ്ഥാനം ഉടലെടുത്ത തിരുമൂലപുരത്തു (ഇരുവള്ളിപ്രയിൽ) പണിയപ്പെടുന്ന ഈ ദേവാലയം ഇക്കൊല്ലം പണിപൂർത്തിയാക്കി പുനരൈക്യരജതജൂബിലിസ്മാരകമായി കൂദാശചെയ്യുന്നതിനു സാധിക്കത്തക്കവണ്ണം പുനരൈക്യപ്രേമികളായ എവരുടേയും ഉദാരമായ സംഭാവനകൾ അഭ്യർത്ഥിച്ചുകൊള്ളുന്നു. സംഭാവനകൾ മാർ സെവേരിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പേക്കു (മേ. വി. മേരിഗിരി, തിരുവല്ല.) അയച്ചുകൊടുക്കേണ്ടതാണു്.

ഇരുവള്ളിപ്ര വികാരി. 14-12-1954

# ഭാരതീയാന്തരീക്ഷത്തിലെ കമ്മ്യൂണിസ്റ്റ് കാർമേഘം

(ഷെവലിയർ ജോസഫ് പെട്ട)

(തുടർച്ച)

## വഴിതെറ്റിയ നീതിബോധം

അങ്ങനെ തങ്ങളുടെ ജന്മസിദ്ധമായ കൈമുതലുകൾ എല്ലാംതന്നെ കളഞ്ഞുകുളിച്ച് ശൂന്യമനസ്കരായി, ജീവിതോദ്ദേശ്യത്തെപ്പറ്റി യാതൊരു ലക്ഷ്യം പിടിയുമില്ലാതെ അലഞ്ഞുവലയുന്നവർ കമ്മ്യൂണിസത്തിൽ ചെന്നു ചാടുന്നതിൽ അത്ഭുതത്തിനവകാശമില്ല. എന്നാൽ അത്തരക്കാരെ മാത്രമല്ല കമ്മ്യൂണിസം ആകർഷിക്കുന്നത്. പലപ്പോഴും ആദർശനിരതരും ഉന്മേഷശീലരും നിസ്വാർത്ഥമതികളും—എന്നാൽ ലോകപരിചയക്കുറവു കാരണം അപക്വമനസ്കരും ഏസദൃഷ്ടികളുമായ പല നല്ല മനുഷ്യരും നീതിബോധം നിമിത്തം കമ്മ്യൂണിസ്റ്റു കെണിയിൽ ചെന്നു വീഴുന്നുണ്ട്. തങ്ങളുടെ ചുറ്റും നടമാടുന്നതും, കൂടാതെ അവരുടെ സങ്കല്പലോകത്തിൽ മാത്രം സ്ഥിതിചെയ്യുന്നതുമായ അസമത്വങ്ങളോടും അനീതികളോടും ചൂഷണമർദ്ദനങ്ങളോടുമുള്ള വെറുപ്പും പ്രതിഷേധവും അവയെല്ലാം ഉടനടി ഉന്മൂലനം ചെയ്യുന്നതിനുള്ള വ്യഗ്രതയുമാണ് അവരെ ആ വഴിക്കു നയിക്കുന്നത്. പോരെങ്കിൽ കമ്മ്യൂണിസത്തിന്റെ ഉള്ളിൽ കടന്നു, നിരീശ്വരപരവും ഭൗതികപ്രധാനവുമായ അതിന്റെ തനിനിറം കണ്ടു മനസ്സിലാക്കുന്നതിനുള്ള അവസരം അവർക്കുണ്ടായിട്ടുമില്ലല്ലോ. മാത്രമല്ല, പരിതസ്ഥിതികളുടെ ബാഹുല്യത്തിൽ പെട്ടു കറങ്ങിക്കൊണ്ടിരിക്കുക കാരണം, അനന്തജ്ഞാനത്തോടുകൂടി ലോകത്തെ ഭരിച്ചു നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന അതിനിഗൂഢമായ ദൈവപരിപാലനയെപ്പറ്റി അവരത്ര ചിന്തിച്ചിട്ടുമുണ്ടാവില്ല. തന്മൂലം അവരുടെ അഭിലാഷകേന്ദ്രമായ സാമുദായികനീതി നടപ്പിൽവരുത്തുന്നതിനുള്ള ഏകമാർഗ്ഗം കമ്മ്യൂണിസമാണെന്നു ആത്മാർത്ഥമായി തെറ്റിദ്ധരിച്ച്, നിരവധി പ്രത്യാശകളോടും പ്രതീക്ഷകളോടുംകൂടി അവരതിൽ ചെന്നുചാടുന്നു. എന്നാൽ നിർഭാഗ്യമേ, സ്വാർത്ഥരഹിതമായ സമുദായസേവനത്തിനും ത്യാഗപരിപാടികൾക്കും സഹനസമരത്തിനും കച്ചകെട്ടിപ്പുറപ്പെട്ട ഈ കർമ്മധീരന്മാർ ഈ ചൈതന്യമൂർത്തികൾ കമ്മ്യൂണിസ്റ്റു പരിശീലനയന്ത്രത്തിന്റെ തിരിച്ചലിൽപ്പെട്ടു കുറേക്കാലം കറങ്ങിക്കഴിയുമ്പോൾ ക്രൂരമനസ്കരും ചണ്ഡാളരും സ്വാർത്ഥലോലുപരും കൊടിയവഞ്ചകരുമായി അധഃപതിച്ചുപോകുന്ന ദയനീയകാഴ്ച ഏതൊരു മനുഷ്യസ്നേഹിയുടെ ഹൃദയത്തെയാണു വേദനിപ്പിക്കാത്തത്. ചില ഭാഗ്യശാലികൾ, കമ്മ്യൂണിസ്റ്റാദർശങ്ങളുടേയും കർമ്മപരിപാടികളുടേയും പ്രചാരണപ്രഘോഷങ്ങളുടേയും പൊള്ളത്തരവും കള്ളത്തരവും അടുത്തുകണ്ടു കണ്ണുതെളിഞ്ഞ്, തങ്ങൾ പെട്ടുപോയ കെണിയിൽനിന്നു വളരെ പണിപ്പെട്ടു രക്ഷപ്രാപിക്കുന്നുണ്ട്. അത്തരത്തിൽ പെട്ടവരാണ്, റിച്ചർഡുറൈറ്റ്, സ്റ്റീഫൻ സ്പെണ്ടർ, ഡഗ്ലസ് ഹൈഡ്, ആർനോൾഡ് ലൺ ആദിയായ ധീരാത്മാക്കൾ. പക്ഷെ അത്തരം മോചനം അത്ര ക്ഷിപ്രസാദ്ധ്യമല്ല. അഭയസ്ഥാനംതേടി സഖാക്കളുടെ നാട്ടിൽനിന്നു നെട്ടോട്ടം ഓടുന്നവരെ എവിടെവച്ചെങ്കിലും തേടിപ്പിടിച്ചു ഹിംസിച്ചുകളയുന്നതിനു പര്യാപ്തങ്ങളാണു കമ്മ്യൂണിസ്റ്റു രാക്ഷസിയുടെ ആജാനുബാഹുക്കൾ.

## ഭരണകൂടത്തോടുള്ള മതിപ്പുകുറവ്

ഭാരതഭൂമിയിൽ കമ്മ്യൂണിസ്റ്റ് പ്രചാരണത്തെ സഹായിക്കുന്ന മറ്റൊരു സംഗതി, നമ്മുടെ ഗവൺമെന്റുകളുടെനേർക്കു ജനങ്ങൾക്കുള്ള മതിപ്പുകുറവും അതൃപ്തിയുമാണ്. അപ്രാപ്തി, അലസത, അഴിമതി, അനീതി, ബന്ധുജനപക്ഷപാതം, ധൂർത്തടിച്ചുള്ള ധനവ്യയം, അതിലേക്കു പണംശേഖരിക്കുന്നതിനുവേണ്ടി ജനങ്ങളെ ഞെരിപിരികൊള്ളിക്കുന്ന ഭാരിച്ച നികുതിപിരിവ്, വ്യക്തിതാല്പര്യം, ഗ്രൂപ്പുതാല്പര്യം, സമുദായതാല്പര്യം എന്നിങ്ങനെ പോകുന്നു പല ഭാഗങ്ങളിൽനിന്നും പൊന്തിവരുന്ന ആക്ഷേപങ്ങളുടെ നീണ്ടപട്ടിക. ദൃഷ്ടാന്തങ്ങളിലേക്കു പ്രവേശിക്കണമെന്നില്ല. മദ്രാസിലെ മുഖ്യമന്ത്രിയായിരുന്ന കാലത്തു ശ്രീ രാജഗോപാലാചാരിയും പ്രധാനമന്ത്രി ശ്രീ നെഹ്റുവും, ഗവൺമെന്റുതന്നെ നിയമിച്ച അക്കൗണ്ട്സ് കമ്മറ്റികളും ഈ ദൂഷ്യങ്ങളിൽ പലതിനേയും നിശിതമായി വിമർശിച്ചിട്ടുണ്ട്. ചൈനയിലെ ചുവപ്പുകൊടിവിജയത്തിനു സാരമായി സഹായിച്ച ഒരു സാഹചര്യം അവിടത്തെ ഗവൺമെന്റിന്റെ അപ്രാപ്തിയും അഴിമതിയുമായിരുന്നു എന്ന വസ്തുതയും ഇത്തരുണത്തിൽ സ്മരണീയമാണ്. നമ്മുടെ ഗതിയും ചീനന്റെ വഴിക്കാണെന്നു ചില നിരീക്ഷകന്മാർ പറയുന്നതിൽ അല്പം വാസ്തവമില്ലാതില്ല. ഒന്നു തീർച്ചയാണ്. നമ്മുടെ ഗവൺമെന്റുകൾ കുറേക്കൂടി സത്യസന്ധതയോടും കാര്യക്ഷമതയോടും പക്ഷപാതരഹിതമായും പ്രവർത്തിക്കുന്നപക്ഷം അവയെപ്പറ്റിയുള്ള ബഹുജനമതിപ്പു വർദ്ധിക്കുന്നതും തന്മൂലം കമ്മ്യൂണിസ്റ്റു മുന്നേറ്റത്തിനു കാര്യമായ വിഘാതം ഭവിക്കുന്നതുമാണ്.

ജനാധിപത്യഭരണരീതിയനുസരിച്ചുള്ള കാര്യനിർവ്വഹണം പ്രകൃത്യാതന്നെ വളരെ സാവധാനത്തിലാണെന്നും, അനുദിനമെന്നോണം വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന നമ്മുടെ വിഷമപ്രശ്നങ്ങളെ യഥാകാലം വിജയപൂർവ്വം നേരിടുന്നതിനു ആ രീതി പര്യാപ്തമല്ലെന്നുമുള്ള ഒരു തെറ്റിദ്ധരിപ്പിക്കലും, പോരെങ്കിൽ ഭാരതജനാധിപത്യം പഴക്കവും പരിചയവും സിദ്ധിച്ചിട്ടില്ലാത്തതും തന്നിമിത്തം സാധാരണ ജനാധിപത്യത്തിന്റെ കഴിവുകൾ പോലുമില്ലാത്തതുമായ ഒരു പുതുസംരംഭമാണെന്നുള്ള വാദഗതിയും തജ്ജന്യമായ ആശങ്കകളും, കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യഭരണരീതിയോടുള്ള അനുഭാവത്തിലേക്കു വഴിതെളിക്കുന്നതിനു സഹായിക്കാതെയിരിക്കയില്ല. ശ്രീ നെഹ്റുതന്നെയും പരിതസ്ഥിതികളുടെ പ്രത്യേകത ചൂണ്ടിക്കാണിച്ചു ചൈനയിലെ സ്വേച്ഛാധിപത്യം നീതീകരിക്കയാണല്ലോ ചെയ്തത്. ജനപദങ്ങളെ സംബന്ധിച്ചിടത്തോളം മേല്പറഞ്ഞ കമ്മ്യൂണിസ്റ്റനുഭാവത്തിനു മാറ്റുകൂട്ടുന്ന മറ്റൊരു സംഗതികൂടിയുണ്ട്. അതു ജനകീയനേതാക്കന്മാർ നാടുചുറ്റി വോട്ടിനുവേണ്ടി ഇടതടവില്ലാതെ തട്ടിവിടുന്ന—അതിരും പതിരുമില്ലാതെ ആകാശത്തോളം പാറിപ്പറക്കുന്ന—വാഗ്ദാനങ്ങൾ പ്രകൃത്യാ പരാജയമടയുമ്പോൾ ഉളവാകുന്ന നൈരാശ്യമാണ്. പ്രതീക്ഷകൾ എത്രകണ്ടു പ്രകാശമാനമായിരുന്നുവോ അത്രകണ്ടു ഇരുളടഞ്ഞതായിരിക്കും തിരിച്ചടിക്കുന്ന നൈരാശ്യവും.

## കൈവേലയുടെ നേർക്കുള്ള അവജ്ഞ

കമ്മ്യൂണിസ്റ്റുകൾ കാര്യമായി മുതലെടുക്കുന്ന മറ്റൊരു സാമുദായികദുഃസ്ഥിതി, നമ്മുടെ നാട്ടിലെ ഉദ്യോഗസ്ഥവൃന്ദവും അഭ്യസ്തവിദ്യരും, വിദ്യാർത്ഥികളും, ധനികവർഗ്ഗങ്ങളും, കായികപ്രയത്നത്തിന്റെയും കൈവേലയുടേയും നേർക്കു പ്രദർശിപ്പിക്കുന്ന അറപ്പും വെറുപ്പുമാണ്. പഠിപ്പുള്ളവർക്കു പാടത്തുപണി പാടില്ലെന്നാണു നമ്മുടെ നാട്ടിൽ പ്രബലപ്പെട്ടിരിക്കുന്ന മാമൂൽ. നാലു ക്ലാസ്സു പഠിച്ചുപോയാൽ, അല്ലെങ്കിൽ നാലു കാശു ലഭിച്ചുകഴിഞ്ഞാൽ പിന്നെ പാടത്തോ പറമ്പിലോ ഫാക്ടറിയിലോ പണിയെടുക്കുന്നതു അന്തസ്സിനു ചേരാത്തതും അപമാനകരവുമായിത്തീരുന്നു. കൃഷി വാണിജ്യവ്യവസായങ്ങൾ വിഷയമാക്കി സർവ്വകലാശാലാബിരുദങ്ങൾ സമ്പാദിച്ചവർക്കുപോലും അവ സംബന്ധിച്ചുള്ള ഉദ്യോഗങ്ങൾ വഹിക്കണമെന്നല്ലാതെ, അത്തരം തൊഴിലുകൾ വൈദഗ്ദ്ധ്യത്തോടുകൂടി നടത്തി മാനമായി കാലയാപനം ചെയ്യണമെന്നു മോഹമില്ല. ഉയർന്ന ജാതിക്കാരും കൂടിയായാലത്തെ കഥയൊ പറയാനുമില്ല. ഇത്തരം ദുരഭിമാനത്തിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന ദൂഷ്യഫലങ്ങൾ വളരെയാണ്. ഒരു വശത്തു നാടിന്റെ സമ്പത്തികസ്ഥിതി അധഃപതിച്ചു പട്ടിണിയും പഞ്ഞവും വർദ്ധിക്കുന്നു. മറ്റൊരുവശത്തു ഉദ്യോഗം ലഭിക്കാത്ത അഭ്യസ്തവിദ്യർ നൈരാശ്യത്തിൽപെട്ടു വിപ്ലവകാരികളായിത്തീരുന്നു. മൂന്നാമതൊരു വശത്തു വേലക്കാർക്കു "വെള്ളഷർട്ടുകാരുടെ"നേരെ വൈരവും വിദ്വേഷവും ജനിക്കുന്നു. ഈ അവസ്ഥാവിശേഷങ്ങളൊക്കെ കമ്മ്യൂണിസത്തിന്റെ പ്രചാരത്തിനു പറ്റിയ സാഹചര്യങ്ങളാണെന്നു വ്യക്തമാണല്ലോ. തക്കംനോക്കി കാത്തിരിക്കുന്ന കുടിലമതികളായ കമ്മ്യൂണിസ്റ്റുകാർ ഉപായത്തിൽ അടുത്തുകൂടി വിപ്ലവവിഷവായു വമിച്ചുകൊണ്ടു സന്തപ്തചിത്തരായി തെണ്ടിത്തിരിയുന്ന ബിരുദധാരികളെ നേതൃസ്ഥാനങ്ങളിലേക്കു ക്ഷണിക്കുന്നു. അവരുകേട്ട അത്യാസക്തിയോടുകൂടി ആ ഇര വിഴുങ്ങുകയും ചെയ്യുന്നു. എന്നാൽ തൊഴിലാളിവർഗ്ഗങ്ങളുടെ അടുത്തു കമ്മ്യൂണിസ്റ്റുകൾ മറ്റൊരു നയതന്ത്രമത്രെ പ്രയോഗിക്കുന്നത്. അവിടെ ആദ്യമതന്നെ അഭ്യസ്തവിദ്യരുടെ ദുരഭിമാനത്തെ പൊന്തിച്ചുകാട്ടി, തൊഴിലാളിവർഗ്ഗങ്ങൾക്കു അവരുടെ നേർക്കുള്ള നീരസത്തിനു മാറ്റുകൂട്ടുന്നു. അനന്തരം, എത്രതന്നെ ഓതിയിട്ടും മാറാവ്യാധിയായി നിലകൊള്ളുന്ന ഈ ദുരവസ്ഥ കമ്മ്യൂണിസ്റ്റ്ഭരണത്തിൽ മാത്രമേ പരിഹരിക്കപ്പെടുകയുള്ളു എന്നവർ ഉൽഘോഷിക്കുന്നു. റഷ്യയിലും ചൈനയിലും ജനങ്ങൾ കായികപ്രയത്നത്തിൽ അഭിമാനംകൊള്ളുന്നു എന്നു കള്ളം പറഞ്ഞു പരത്തുന്നതിനും അവർക്കു മടിയില്ല. അതിന്റെ സത്യാവസ്ഥയുണ്ടോ നമ്മുടെ ജനങ്ങൾ മനസ്സിലാക്കാൻ പോകുന്നു. വാസ്തവം പറഞ്ഞാൽ കോടീശ്വരന്മാരുടെ കോട്ട, എന്നു നമ്മുടെ ചോട്ടാനേതാക്കന്മാർ പലപ്പോഴും അപഹസിക്കാറുള്ള അമേരിക്കയിലാണു കായികപ്രയത്നത്തിനു കൈവേലയ്ക്കും അത്യുന്നതപ്രതിഷ്ഠയും ആദരവും സിദ്ധിച്ചിട്ടുള്ളത്. എത്ര ധനസമൃദ്ധിയുള്ള കുടുംബങ്ങളിലെ അംഗങ്ങളും അവിടെ കൈവേല ചെയ്തു കൂലിസമ്പാദിക്കുന്നതിനു മടിക്കാറില്ല. അതു അവരുടെ ഒരു ദേശീയപാരമ്പര്യമായിരിക്കയാണ്. അത്തരമൊരു വിശിഷ്ടപാരമ്പര്യം ഭാരതത്തിലും കെട്ടിപ്പടുക്കുന്നതിനു കമ്മ്യൂണിസ്റ്റ്ഭരണമൊന്നും ആവശ്യമില്ല. എന്നല്ല, കമ്മ്യൂണിസ്റ്റ്ഭരണത്തിൽ അതൊട്ടുണ്ടാകയുമില്ലെന്നു റഷ്യയിലെയും ചൈനയിലെയും വാസ്തവസ്ഥിതിഗതികൾ വിളിച്ചറിയിക്കുന്നുമുണ്ട്.

(തുടരും)

തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.

അസ്ഥിസ്രാവം, വാതം, മൂലക്കുരു, ഗ്യാസ്ട്രബിൾ, രക്തക്ഷയം, ഏങ്ങൽ, നീരിറക്കം, രക്തദൂഷ്യം മുതലായ രോഗങ്ങളാൽ നിരാശരായി കഴിയുന്നവർ കാളൻ കൊച്ചുവറീത് പാപ്പുണ്ണി വൈദ്യൻ, നെല്ലായി എന്ന വിലാസത്തിൽ എഴുതുക.
മാനേജർ
കാളൻ ആയുർവ്വേദ ഔഷധശാല

### ഏജൻസി അറിയിപ്പ്

ഉദയംപേരൂർ പുത്തൻപള്ളി സോഡാലിറ്റി സെക്രട്ടറിയെ ടി ഇടവകാതിർത്തിയിലെ ഏജന്റായി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

ദി കാത്തലിക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)
ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടത്
ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി
ശാഖകൾ: ആലപ്പുഴ അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.
അധികൃതമൂലധനം. രൂ. 10,00,000—0—0
വാഗ്ദത്തമൂലധനം. " 6,00,000—0—0
പിരിഞ്ഞുകിട്ടിയ മൂലധനം. " 5,95,750—0—0
ഡയറക്ടേഴ്സ്
1. ശ്രീ പോൾ വറഗീസ് ബി. എ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. " കുഞ്ചെറിയാ കെ. പൂരക്കൽ, പുളിങ്കുന്ന്
3. " തോമസ് റ്റി. കരിയാളശ്ശേരിൽ, ചമ്പക്കുളം
4. " ഡോമിനിക്ക് ജോസഫ് കുരുവിനാക്കുന്നേൽ, ഇടമറ്റം, ഭരണങ്ങാനം
5. " മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടുപറമ്പിൽ, വിളക്കുമാടം
6. " തോമസ് റ്റി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
7. " മൈക്കൾ ജെ. കള്ളിവയലിൽ ബി. എസ്സ്സി, കാളകെട്ടി (സെക്രട്ടറി)
8. " കുഞ്ചെറിയാ റ്റി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)

Reg: M. No. 2293

# Sathya Deepam

Vol. 28 | Ernakulam, December 29, 1954 | No. 19




# ബാലരംഗം

## ഈ ശില്പിയെ അറിയുമോ?

(വല്യേട്ടൻ)



**മുൻചരിത്രം**

അക്കാലത്തു ദക്ഷിണേന്ത്യയിലെ ഗുണ്ടഫർ രാജാവു സ്വപ്നത്തിൽ ഒരു മനോഹരമായ കൊട്ടാരം കണ്ടു. അത്തരമൊരു കൊട്ടാരം പണിയുന്നതിനു ഒരു വിദഗ്ധശില്പിയെ കണ്ടുപിടിക്കാൻ ഹബ്ബാനെ നിയോഗിച്ചു. ഈശോ തോമ്മായെ ഹബ്ബാനു ഏല്പിച്ചുകൊടുത്തു.

ഗുണ്ടഫർരാജാവിന്റെ മുമ്പിൽ ഹബ്ബാൻ ശില്പിയെ ഹാജരാക്കി. രാജാവു അദ്ദേഹത്തിനു കൊട്ടാരം പണിയാൻ സ്ഥലം കാണിച്ചുകൊടുക്കുകയും വേണ്ട ധനം ഏല്പിക്കുകയും ചെയ്തുകൊണ്ട് ഒരു പര്യടനത്തിനുപോയി. ധനമെല്ലാം സാധുക്കളുടെ ഇടയിൽ വിതരണം ചെയ്ത തോമ്മാശ്ലീഹാ സുവിശേഷം എല്ലാവരോടും പ്രസംഗിച്ചുനടന്നു.




2-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

| | | | | |
|---|---|---|---|---|
| 7 | | | | 7 |
| | 7 | | 7 | |
| | | 7 | | |
| | 7 | | 7 | |
| 7 | | | | 7 |

35 + 35 = 70

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തികളേ,

കഴിഞ്ഞ ആഴ്ചയിലെ പ്രശ്നത്തിന്റെ ശരിയുത്തരമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. നിങ്ങൾക്കോരോരുത്തർക്കും ഇതു കണ്ടുപിടിക്കാൻ സാധിച്ചു എന്നു വല്യേട്ടൻ വിശ്വസിക്കുന്നു. ഒരോരുത്തരേയും അനുമോദിച്ചുകൊള്ളട്ടെ.

ഇത്തവണ നിങ്ങൾക്കു ഉത്തരം കണ്ടുപിടിക്കാൻ തരുന്ന പ്രശ്നം നിങ്ങളുടെ കൂട്ടത്തിലുള്ള ഒരു കുഞ്ഞു സഹോദരിയുടേതാണ്. അതിൽ കവിതയുമുണ്ട്; കണക്കുമുണ്ട്.

### പ്രശ്നം 3

"ഈരേഴര വാരദൂരമകലെ
കാണുന്നോ-
രേണത്തിനേ പിടിച്ചിടാ
നൊരു മൃഗാധിശൻ തുനിഞ്ഞി
ടിനാൻ
മാനങ്ങേഴര വാരചാട്ടമളവി
ൽ ഈരഞ്ചു പഞ്ചാനനം
പാരാതങ്ങു പിടിച്ചിടുകിൽ
മാനെത്ര ചാടി സഖേ?"

(എ. സി. അച്ചാമ്മ, കുറവിലങ്ങാട്. വയസ്സ് 13)

ഉത്തരം കണ്ടുപിടിച്ചു സൂക്ഷിച്ചുകൊള്ളുക. അടുത്ത പത്രത്തിൽ ശരി ഉത്തരം പ്രസിദ്ധപ്പെടുത്തും. അപ്പോൾ നിങ്ങളുടെ ഉത്തരം ശരിയായോ എന്നു താരതമ്യപ്പെടുത്തിനോക്കാം. ഇതു ആണ്ടവസാനത്തിലെ പ്രശ്നമാണ്. നിങ്ങളുടെ ഉത്തരം ശരിയായാൽ പുത്തനാണ്ടിലെ— 1955ലെ— ആദ്യത്തെ വിജയമായിരിക്കും. തോററാൽ പുതുവർഷത്തിലെ ആദ്യത്തെ തോൽവിയും. അതുകൊണ്ട് എല്ലാവരും ശ്ലോകം വായിച്ചു അർത്ഥം ശരിയായി മനസ്സിലാക്കി ചോദ്യം ഗ്രഹിച്ചു ഉത്തരം കണ്ടുപിടിക്കണം കേട്ടോ.

സ്വന്തം വല്യേട്ടൻ.

## വിജ്ഞാനവീഥി

### ഈജിപ്ഷൻ മമ്മി




By Scio

ഈജിപ്ത് എന്ന രാജ്യത്തെപ്പററി നിങ്ങൾ എല്ലാവരും കേട്ടിരിക്കണം. ഫറവോ രാജാക്കന്മാർ എന്നു പറയുന്നതു അവിടത്തെ രാജാക്കന്മാരെപ്പററിയാണ്. പുണ്യയൗസേപ്പ് ഈജിപ്തിൽനിന്നു വന്ന കച്ചവടക്കാർക്കു വില്ക്കപ്പെട്ടതു. ഒടുവിൽ ഫറവോ രാജാവിന്റെ മന്ത്രിയായിത്തീർന്നു. ഈജിപ്തിൽനിന്നാണ് ഇസ്രായേൽക്കാരെ മൂശ കാനാൻ നാട്ടിലേക്കു കൊണ്ടുപോന്നതു. ഹേറോദേശ് ബത്ലേഹമിലും പരിസരങ്ങളിലുമുള്ള രണ്ടു വയസ്സിനു താഴെ പ്രായമുള്ള എല്ലാം ആൺകുഞ്ഞുങ്ങളേയും കൊന്നുകളയാൻ കല്പനയായപ്പോൾ മാലാഖയുടെ നിർദ്ദേശമനുസരിച്ചു വിശുദ്ധ യൗസേപ്പ് ഉണ്ണീശോയെ രക്ഷിക്കുന്നതിനു ഈജിപ്തിലേക്കാണ് ഓടിപ്പോയതു. ഇങ്ങനെ വേദോപദേശചരിത്രത്തിൽ ഈജിപ്തിനെപ്പററി പലപ്പോഴും നിങ്ങൾ പഠിച്ചിട്ടുള്ളതാണ്.

അവിടെ ഈജിപ്തുകാർ അവരുടെ മരിച്ചവരെ സംസ്കരിച്ചിരുന്നതു ഒരു പ്രത്യേക രീതിയിലാണ്. ശവശരീരത്തെ നല്ല കച്ചകൊണ്ട് വരിഞ്ഞു മുറുക്കി പ്രത്യേകം തയ്യാറാക്കുന്ന കല്ലറകളിൽ സംസ്കരിച്ചിരുന്നു. ഒരു ശരീരത്തെ വരിഞ്ഞുമുറുക്കുന്നതിനു സാമാന്യമായി 1000 വാര തുണിയാണുപയോഗിച്ചിരുന്നതു. ശരിയായി വരിഞ്ഞുമുറുക്കിയ ആ ശരീരാവശിഷ്ടങ്ങൾ വളരെക്കാലം അങ്ങിനെ ഇരിക്കുമല്ലോ അവയെയാണ് "ഈജിപ്തിലെ മമ്മികൾ" എന്നു വിളിച്ചുവരുന്നതു. വരിഞ്ഞുമുറുക്കുന്നതിനുമുമ്പും വരിഞ്ഞുമുറുക്കിയശേഷവുമുള്ള മമ്മികളുടെ ചിത്രങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നതു.

## മാടപ്രാവിന്റെ തൂക്കം




മാടപ്രാവിനെ നിങ്ങളെല്ലാം കണ്ടിട്ടുണ്ട്. അതിനെ പിടിച്ചു നോക്കിയിട്ടുണ്ടോ. വളരെ ഘനം കുറഞ്ഞ പക്ഷികളാണവ. അതിലും വിചിത്രമായിട്ടുള്ളതു ഒരു മാടപ്രാവിന്റെ എല്ലുകളും തൂവലുകളും തിരിച്ചെടുത്തു തൂക്കിനോക്കുമ്പോഴാണ്. ഏതായിരിക്കും കൂടുതൽ തൂക്കുക. എല്ലുകളോ തൂവലുകളോ? ചിത്രത്തിലുള്ള ത്രാസിൽനോക്കി തീരുമാനിക്കുക.—തൂവലുകൾ—

## "യേശുജയന്തി"

(വെട്ടിക്കൽ അവരാച്ചൻ, നിലമ്പൂർ)

അത്യുന്നതൻ സർവ്വ
ജഗന്നിയന്താ-
വിശൻ, പരാത്മൻ
ജനനോത്സവത്തെ
വണ്ണിച്ചിടാനിയശതിക്കുമേന്മേൽ
തുണച്ചിടേണം ജഗദീശ,
ക്രിസ്തോ.

Permissu Eccelsiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam—1